ദുക്റാന തിരുനാൾ മംഗളങ്ങൾ

# കുടുംബജ്യോതി

2025

SINCE 1982

ജൂലൈ • പുസ്തകം 43 • ലക്കം 07



## നിഖ്യാ സൂനഹദോസ്

സഭയിലെ ആദ്യത്തെ സാർവത്രിക സൂനഹദോസ്
നിഖ്യായിൽ സമ്മേളിച്ചതിന്റെ 1700-ാം വർഷം



# contents


06 നിഖ്യാ സൂനഹദോസ്
*ഡോ. ജോസ് കൊച്ചുപറമ്പിൽ*

14 നിഖ്യാ സൂനഹദോസിന്റെ ചരിത്രവഴികളിലൂടെ
*ഡോ. ജോസഫ്കൊല്ലാറ*

16 നിത്യനഗരത്തിലെ നിശബ്ദസാക്ഷ്യങ്ങൾ
*പ്രിൻസ് തെക്കേപ്പുറം CSsR*

22 യുദ്ധം കഴിഞ്ഞാൽ
*റ്റി.സി മാത്യു*

28 എന്റെ എന്റേതുമാത്രം
*ജയേഷ് നിരഞ്ജൻ*

36 ഓർമകൾ
*ബോബി ജോസ് കട്ടിക്കാട്*

40 കുടുംബം ഭാവിയുടെ പിള്ളത്തൊട്ടിൽ
*ലെയോ പതിനാലാമൻ പാപ്പാ*

44 തേനീച്ചകളാകുക
*ഡൊമിനിക് പാലത്തൂർ*


## സ്ഥിരംപംക്തികൾ


04 *പൂമുഖം*
യുദ്ധമില്ലാത്തിടത്തെ വംശഹത്യകൾ
*ജോസ് ആൻഡ്രൂസ്*

13 *ഹെൽത്ത് പാർലർ*
പല്ലുവേദനയ്ക്ക് എന്തുചെയ്യും?
*അനൂപ മേരി*

38 *ഗുരുമൊഴി*
ജീവിതത്തെ ലളിതമാക്കാൻ
*ടി.എസ് ബിജു*

45 *ബ്യൂട്ടി ടിപ്സ്*
കരിമംഗല്യം കളയാം
*അനു സിറിയക്*

46 *മരിയൻ ദർശനം*
കർമലമാതാവ്
*ബിജു സെബാസ്റ്റ്യൻ*

47 *പേരന്റിംഗ്*
ഞാനാ പറയുന്നെ, മൊബൈൽ താഴെവെക്കടാ...
*നേഹ മരിയ ടോം*

50 *പുറംവാതിൽ*
ഓങ്ങണം... താങ്ങണം!
*ജെ. മണക്കുന്നേൽ*





To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi

**സർക്കുലേഷൻ സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്ക് വാട്സാപ്പിൽ ബന്ധപ്പെടുക: 8606682262**

ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഫാ. ജോണിക്കുട്ടി തറക്കുന്നേൽ**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
ഫോൺ: 8921677078

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

ആശയം, രൂപകല്പന. **സലിമോൻ, കോട്ടയം**
അക്ഷരവിന്യാസം. **മനോജ് വർഗീസ്**

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# യുദ്ധമില്ലാത്തിടത്തെ വംശഹത്യകൾ

**ക്രൈസ്തവരും യഹൂദരും ഉൾപ്പെടെയുള്ള ഇതരമതസ്ഥരെ ഉന്മൂലനം ചെയ്യാൻ നിശ്ചയിച്ചുറപ്പിച്ചവർ അവർക്ക് ആധിപത്യമുള്ള രാജ്യങ്ങളിൽ മറയില്ലാതെ വംശഹത്യ നടത്തുകയാണ്.**

പൂമുഖത്തിരുന്നും ചിലപ്പോൾ നമുക്ക് മടുപ്പിക്കുന്ന കാര്യങ്ങൾ പറയേണ്ടിവരും. ഗാസ, ഇസ്രയേൽ, യുക്രെയ്ൻ, റഷ്യ, ഇറാൻ... എല്ലായിടത്തും മനുഷ്യർ കൊല്ലപ്പെടുന്നു. പക്ഷേ, യുദ്ധമില്ലാത്ത ചില രാജ്യങ്ങളിലെ വംശഹത്യകൾ ആരുമറിയുന്നില്ല. നൈജീരിയ, ഇറാഖ്, ഇറാൻ, സിറിയ, ഈജിപ്ത്, അസർബൈജാൻ, നാഗർണോ-കരാബാക്ക്, സൊമാലിയ, യെമൻ, എരിത്രിയ, സുഡാൻ, ബുർക്കിനോ ഫാസോ... ഇസ്ലാമിക തീവ്രവാദികൾ ഇവിടങ്ങളിലെല്ലാം ക്രൈസ്തവരെ തീർക്കുകയാണ്. പക്ഷേ, മിക്ക മാധ്യമങ്ങളിലും അതില്ല. വാർത്തകൾക്കും മതമുണ്ടെന്ന് അവർ പറയുന്നതുപോലെ തോന്നുന്നു. വോട്ടുരാഷ്ട്രീയത്തിന്റെ നിർമിതിയായ 'മതാധിഷ്ഠിത പൊതുബോധം' തങ്ങളെയും കീഴടക്കിയെന്ന് അവർക്കൊട്ടു തോന്നുന്നുമില്ല.

ആഗോളവാർത്തകളെ നിരീക്ഷിക്കുന്നവർക്ക് ഒന്നുറപ്പാണ്. ക്രൈസ്തവരും യഹൂദരും ഉൾപ്പെടെയുള്ള ഇതരമതസ്ഥരെ ഉന്മൂലനം ചെയ്യാൻ നിശ്ചയിച്ചുറപ്പിച്ചവർ അവർക്ക് ആധിപത്യമുള്ള രാജ്യങ്ങളിൽ മറയില്ലാതെ വംശഹത്യ നടത്തുകയാണ്. പക്ഷേ, അതിനേക്കാൾ അപകടകരമായ കാര്യം, ജനാധിപത്യ-മതേതര രാജ്യങ്ങളിൽ ആ ഉന്മൂലനലക്ഷ്യം മറച്ചുവെക്കുന്നതിൽ അവർ വിജയിച്ചിരിക്കുന്നു എന്നതാണ്. അതുകൊണ്ടാണ്, നൈജീരിയയിലെയും ഡെമോക്രാറ്റിക് റിപ്പബ്ളിക് ഓഫ് കോംഗോയിലെയും സിറിയയിലെയും ക്രൈസ്തവ വംശഹത്യ നാം അറിയാതെ പോകുന്നത്. അതുകൊണ്ടാണ്, ഗാസയിലെ ഹതഭാഗ്യരായ മനുഷ്യരെക്കുറിച്ച് എഴുതുന്ന പത്രങ്ങൾ, അതേ കാലയളവിൽ അസർബൈജാൻ ആട്ടിപ്പായിച്ച 1.25 ലക്ഷം അർമേനിയൻ ക്രൈസ്തവരെക്കുറിച്ച് എഴുതാത്തത്.



അതുകൊണ്ടാണ്, ഗാസയിലെ പലായനത്തിൽ ഖേദിക്കുന്ന തുർക്കി പ്രസിഡന്റ് രജത് തയ്യിബ് എർദോഗനോട്, നിങ്ങളല്ലേ കഴിഞ്ഞദിവസം അർമേനിയൻ ക്രിസ്ത്യാനികളെ അസർബൈജാനിൽനിന്നു തല്ലിയോടിക്കാൻ കൂട്ടുനിന്നതെന്നു മാധ്യമങ്ങൾ ചോദിക്കാത്തത്. ഒന്നുറപ്പാണ്, തീവ്രവാദികൾ തങ്ങളുടെ വംശഹത്യ മറച്ചുവെക്കാൻ ജനാധിപത്യ-മതേതര സമൂഹങ്ങളെ പഠിപ്പിച്ചിരിക്കുന്നു.

ഇസ്‌ലാമിക് സ്റ്റേറ്റ് ലൈംഗിക അടിമയാക്കിയ നാദിയ മുറാദ് എന്ന യസീദി പെൺകുട്ടി രക്ഷപ്പെട്ടതിനുശേഷം എഴുതിയ 'അവസാനത്തെ പെൺകുട്ടി' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്: "ഇറാഖിലെ യസീദികളും മറ്റു ന്യൂനപക്ഷങ്ങളും പുതിയ ഭീഷണികളുമായി പൊരുത്തപ്പെട്ടു കഴിഞ്ഞു. തകർന്നടിയുന്ന ഒരു രാജ്യത്ത് സാധാരണ ജീവിതം നയിക്കാൻ ആ പൊരുത്തപ്പെടൽ അനിവാര്യമായിരുന്നു." ഇറാഖിൽ മാത്രമല്ല, ഇസ്‌ലാമിക തീവ്രവാദ രാജ്യങ്ങളിലെല്ലാം ന്യൂനപക്ഷങ്ങൾ ഈ പൊരുത്തപ്പെടലിലേക്ക് എടുത്തെറിയപ്പെട്ടുകഴിഞ്ഞു. മൊസൂളിലേക്കുള്ള ബസിലിരുന്ന് നാദിയ പറയുന്നു: "അബു ബതാതിന്റെ കൈ എന്റെ വസ്ത്രത്തിനുള്ളിലേക്കു കടന്നു. ഇടതുമാറിടത്തിലാണ് അതു ചെന്നു നിന്നത്.... ജീവിതത്തിൽ ആദ്യമായിരുന്നു അത്തരമൊരു അനുഭവം. അയാൾ വേദനിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ പുറത്തേക്കു നോക്കിയിരുന്നു. എപ്പോൾ വീടിനു പുറത്തുപോയാലും അമ്മ ഓർമിപ്പിക്കും; ഉടുപ്പിന്റെ ബട്ടൺ ഇടൂ നാദിയ, നല്ല കുട്ടിയായിരിക്കണം. ആ എന്നെയാണ് ഒരു അപരിചിതൻ ഇങ്ങനെ ചെയ്യുന്നത്. ബസിൽ അങ്ങോട്ടുമിങ്ങോട്ടും നടന്ന് മറ്റു പെൺകുട്ടികളോടും അയാൾ ഇതുതന്നെ ചെയ്തു." നാദിയയുടെ പുസ്തകത്തെ 'ദ ടൈംസ്' വിശേഷിപ്പിച്ചത്, 'മനുഷ്യവംശത്തിന്റെ അന്തർലീന ശക്തിയുടെ മരവിപ്പിക്കുന്നതും വ്യാഖ്യാനങ്ങൾക്ക് അപ്പുറത്തുള്ളതുമായ തിന്മയുടെ പൊരുളറിയിക്കുന്ന വേദപുസ്തകം' എന്നാണ്.

ഇസ്‌ലാമിക് സ്റ്റേറ്റ്, ബോക്കോ ഹറാം, അൽ-ഖായ്ദ, താലിബാൻ, അൽ-ഷബാബ്, ലഷ്കർ ഇ തയ്ബ, ഹമാസ്, ഹിസ്ബുള്ള, ഹൂതി.... എല്ലാറ്റിന്റെയും അന്തിമലക്ഷ്യം ക്രൈസ്തവരും യഹൂദരും ഇല്ലാത്ത ശരിയത്ത് ലോകമാണ്. ഇസ്‌ലാമിക് സ്റ്റേറ്റ് 22 രാജ്യങ്ങളിൽ ശക്തമായ സാന്നിധ്യം ഉറപ്പിച്ചുകഴിഞ്ഞു. ശരിയത്ത് പൂർണമായി പാലിക്കാത്ത മുസ്ലിങ്ങളും വധിക്കപ്പെടുകയാണ്. അതേ, യുദ്ധമില്ലാത്തിടത്തെ വംശഹത്യകളും അതിനോടു മുഖം തിരിക്കുന്ന രാഷ്ട്രീയവും പുതിയൊരു ലോകക്രമമാണ്. നാം അതിനു കീഴടങ്ങുകയാണോ? ○

**ഇസ്‌ലാമിക് സ്റ്റേറ്റ്, ബോക്കോ ഹറാം, അൽ-ക്വയ്ദ, താലിബാൻ, അൽ-ഷബാബ്, ലഷ്കർ ഇ തയ്ബ, ഹമാസ്, ഹിസ്ബുള്ള, ഹൂതി.... എല്ലാറ്റിന്റെയും അന്തിമലക്ഷ്യം ക്രൈസ്തവരും യഹൂദരും ഇല്ലാത്ത ശരിയത്ത് ലോകമാണ്.**



*നാദിയ മുറാദ്*


ഡോ. ജോസ് കൊച്ചുപറമ്പിൽ

# നിഖ്യാ സൂനഹദോസ് ഒരു നവീന പെന്തക്കുസ്ത

**സഭയിലെ ആദ്യത്തെ സാർവത്രിക സൂനഹദോസ് നിഖ്യായിൽ സമ്മേളിച്ചതിന്റെ 1700-ാം വർഷമാണിത്.**

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി (2025) ആഘോഷിക്കുന്ന ഈ വർഷംതന്നെ മറ്റൊരു ജൂബിലികൂടി സഭ ആചരിക്കുന്നു. സഭയിലെ ആദ്യത്തെ സാർവത്രികസൂനഹദോസ് നിഖ്യായിൽ സമ്മേളിച്ചതിന്റെ 1700-ാം വർഷമാണിത്. എന്തുകൊണ്ടും സഭയിൽ ശാശ്വതമായ സ്വാധീനം ചെലുത്തിയ ഒരു സുനഹദോസ് ആയിരുന്നു ഈ പ്രഥമകൗൺസിൽ. സഭയുടെ 'ഒരു നവീന പെന്തക്കുസ്ത അനുഭവമായിരുന്നു ഈ കൗൺസിൽ പ്രദാനം ചെയ്ത'തെന്ന് സഭാചരിത്രകാരനായ കേസറിയായിലെ യൗസേബിയൂസ് (+341) പ്രസ്താവിക്കുന്നത് അർഥവത്താണ്.

സഭയുടെ വിശ്വാസപ്രബോധനങ്ങളും അച്ചടക്കവും നടപടിക്രമങ്ങളുമെല്ലാം ഉറപ്പിച്ചെടുക്കുന്നതിൽ ഈ കൗൺസിൽ നിർണായക പങ്കുവഹിച്ചു. ഉദാഹരണമായി കത്തോലിക്കാ-അകത്തോലിക്കാ ഭേദമെന്യേ, എല്ലാ സഭകളിലും ചൊല്ലുന്ന വിശ്വാസപ്രമാണം രൂപവത്കരിച്ചത് ഈ കൗൺസിലാണ്. അമ്പതുനോമ്പും (40 ദിന ഒരുക്കം) ഈസ്റ്റർ ദിനാചരണവും നിജപ്പെടുത്തിയതും ഇതേ കൗൺസിൽ തന്നെ. വിശ്വാസപരവും ആരാധനക്രമപരവും ഭരണപരവുമായ അടിസ്ഥാനനിയമങ്ങൾ ക്രോഡീകരിച്ച് സഭയ്ക്കു നിയതമായ കെട്ടുറപ്പ് നല്കിയ ഒരു കൗൺസിൽ എന്നനിലയിൽ നിഖ്യാ സൂനഹദോസ് 'സൂനഹദോസുകളുടെ സൂനഹദോസായി' നിലകൊള്ളുന്നു.


ΠΙϹΤΕΥΟΜΕΝ ΕΙϹΕΝ ΠΑΤΕΡΑ ΠΑΝΟΚΡΑΤΟΡΑ ΠΟΙΗΤΗΝ ΟΥΡΑΝΟΥ
ΟΡΑΤΩΝ ΤΕ ΠΑΝΤΩΝ ΚΑΙ ΑΟΡΑΤΩΝ ΚΑΙΕΙϹΝΑΝΗϹΙΗΝΧΗΝ ΧΟΝ
ΤΟ Υ ΜΟΝΟΓΕΝ ΤΟΝ ΕΚ ΤΩΓΕϹΕΝΝΗΤΕΝΘΗΤΕΝΤΑΝ ΑΙ ΩΝΩϹ
ΦΩϹ ΕΚ ΦΩϹΤΟϹ ΤΟΝ ΕΚ ΤΟΥ ΠΑΤΡΟϹ ΓΕΝΝΗΘΕΝΤΑ ΠΡΟ
ΠΑΝΤΩΝ ΤΩΝΑΙΩΝΩΝ ΕΚ ΕΕΟΥ ΑΛΗΦΙΝΟΥΤΕΝΝΗΘΕΝΤΑ
ΟΜΟΟΥϹΙΟΝ ΤΩΠΑΤΡΙ ΔΙ ΟΥ ΤΑ ΠΑΝΤΑ ΕΓΕΝΕΤΟ ΤΟΝ ΔΓ
ΗΜΑϹ ΤΟΥϹ ΑΝΘΡΩΠΩΥϹ ΚΑΙ ΔΙΑ ΤΗΝ ΗΜΕΤΕΡΑΝ ϹΩΤΗΡΙΑΝ
ΚΑΤΕΛΘΟΝΤΑ ΕΚ ΠΝΥΜΜΑΤΟϹ ΑΠΟΥ ΚΑΙ ΜΑΜΑSΗΙϹΙΠΑΡΘ
ΚΑΙ ΕΝΑΝΘΡΩΠΙΙϹΑ ΤΑΦΕΝΤΑ, ΚΑΙ ΕΝΑΝΧΘΡΩΠΗϹΑΝΤΑ
ΚΑΙ ΠΑΘΟΝΤΑ, ΚΑΙ ΤΑΦΕΝΤΑ...




കോൺസ്റ്റന്റൈൻ ചക്രവർത്തി

**കത്തോലിക്കാ-അകത്തോലിക്കാ ഭേദമെന്യേ എല്ലാ സഭകളിലും ചൊല്ലുന്ന വിശ്വാസപ്രമാണം രൂപവത്കരിച്ചത് നിഖ്യാ സൂനഹദോസാണ്.**

### എന്തുകൊണ്ട് നിഖ്യായിൽ?

നിഖ്യാ എന്ന പട്ടണത്തിൽവെച്ചാണ് സഭയുടെ ഈ പ്രഥമ കൗൺസിൽ സമ്മേളിച്ചത്. ഇന്നത്തെ തുർക്കിയിൽ ഇസ്നിക് എന്ന സ്ഥലമാണ് നിഖ്യാ. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ വേനൽക്കാലവസതിയും തൊട്ടടുത്ത് വലിയ ഒരു ബസിലിക്കയുമുള്ള ഒരു പ്രാചീനനഗരമായിരുന്നു ഇത്. അന്ന് കോൺസ്റ്റന്റൈന്റെ നാമത്തിലുള്ള ഒരു ക്രൈസ്തവ നഗരം - കോൺസ്റ്റാന്റിനോപ്പിൾ - പണികഴിപ്പിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽനിന്നുമെത്തുന്ന പ്രതിനിധികൾക്ക് വന്നുചേരാനും താമസിക്കാനുമുള്ള സുരക്ഷിതമായ ഒരിടം എന്ന നിലയിലാണ് നിഖ്യാനഗരം തെരഞ്ഞെടുക്കപ്പെട്ടത്. ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലുമുള്ള, സ്പെയിൻ മുതൽ പേർഷ്യ വരെയുള്ള 23 ലേറെ രാജ്യങ്ങളിൽ നിന്നുള്ള മെത്രാന്മാരും പ്രതിനിധികളും ഇവിടെ സമ്മേളിച്ചു. വിശാല ഇന്ത്യയുടെയും പേർഷ്യയുടെയും മെത്രാനായ മാർ യോഹന്നാൻ ഇതിൽ സംബന്ധിച്ചിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

### കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പങ്ക്

നിർണായകമായ ഈ സുനഹദോസ് വിളിച്ചുകൂട്ടിയത് റോമൻ ചക്രവർത്തിയായ മഹാനായ കോൺസ്റ്റന്റൈൻ ഒന്നാമനാണ് (+337). രണ്ടര നൂറ്റാണ്ടുകളായുള്ള മതമർദ്ദനം അവസാനിപ്പിച്ച് 313ൽ ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം നല്കിയ ചക്രവർത്തിയാണ് അദ്ദേഹം. 312ലെ മിൽവിയൻ യുദ്ധത്തിൽ, തനിക്കു സ്വപ്നത്തിൽ ലഭിച്ച ദർശനമനുസരിച്ച് തന്റെ പടയാളികളുടെ പരിചകളിൽ കുരിശ് ആലേഖനം ചെയ്തു യുദ്ധം ജയിച്ചത് ക്രിസ്തുമതത്തോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിൽ മാറ്റംവരുത്തി. മരണക്കിടക്കയിൽവെച്ചാണ് മാമോദീസാ സ്വീകരിച്ചതെങ്കിലും, ഒരു ക്രൈസ്തവ ചക്രവർത്തിയായി അദ്ദേഹം അറിയപ്പെട്ടു. ഡയോക്ലീഷൻ ചക്രവർത്തിയുടെ മതമർദ്ദനം

തുടരുമ്പോഴും AD 306 ൽ താൻ ഭരണമേറ്റ റോമൻ പ്രവിശ്യകളിൽ കോൺസ്റ്റന്റൈൻ ക്രിസ്ത്യാനികളോട് സഹിഷ്ണുത പുലർത്തി. AD 321ൽ ഞായറാഴ്ച അവധിദിവസമായി പ്രഖ്യാപിക്കപ്പെട്ടു. 324ൽതന്നെ തന്റെ സ്വന്തം പേരിൽ അദേഹം ഒരു ക്രൈസ്തവ നഗരം - കോൺസ്റ്റാന്റിനോപോളിസ് - രണ്ടാംറോമാ - പുതിയ റോമാ എന്ന പേരിൽ പണികഴിപ്പിക്കാനാരംഭിച്ചു. AD 324ൽ പൗരസ്ത്യചക്രവർത്തിയായ ലിസിനിയൂസിനെ കീഴടക്കിയതോടുകൂടി അദേഹം കിഴക്കും പടിഞ്ഞാറുമുള്ള റോമാസാമ്രാജ്യത്തിന്റെ ഏകഛത്രാധിപതിയായി മാറി. തന്റെ സാമ്രാജ്യത്തിലെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായ വിശ്വാസവ്യതിചലനങ്ങളും അപഭ്രംശങ്ങളും പരിഹരിച്ച് രാജ്യത്ത് ശാന്തതയും സ്വസ്ഥതയും നിലനിർത്താൻ അദേഹം പരിശ്രമിച്ചു. അദേഹത്തെ സ്വാധീനിച്ച ക്രൈസ്തവ ഉപദേശകരായിരുന്നു ലാക്ടാന്റിയൂസ് (325), കോർഡൊബായിലെ ബിഷപ്പ് ഹോസിയുസ് (359) എന്നിവർ. സാമ്രാജ്യത്തിലെ പല പ്രതിസന്ധികൾക്കും പരിഹാരമായി പ്രാദേശിക കൗൺസിലുകൾ വിളിച്ചുകൂട്ടിയ അനുഭവവും അദേഹത്തിന്റെ മുമ്പിൽ ഉണ്ടായിരുന്നു. പൗരസ്ത്യസഭകളെ ഗ്രസിച്ച വലിയ ഒരു വേദവൈപരീത്യം, 'ആര്യനിസം' എന്ന പാഷണ്ഡത, സഭയിലും തന്റെ രാജ്യത്തും വലിയ കോളിളക്കം സൃഷ്ടിച്ച പശ്ചാത്തലത്തിലായിരുന്നു കോൺസ്റ്റന്റൈൻ ഈ സൂനഹദോസ് സംഘടിപ്പിച്ചത്.

**മുഖ്യപ്രശ്നം**
**ആര്യൻ പാഷണ്ഡത**


അലക്സാണ്ഡ്രിയായിലെ ലിബിയൻ വംശജനും വൈദികനുമായിരുന്ന ആരിയൂസിന്റെ (+336) തെറ്റായ പ്രബോധനങ്ങൾ സഭ

## സൂനഹദോസിൽ പങ്കെടുത്തവർ

അബ്രാഹത്തിന്റെ ഭവനത്തിൽ ജനിച്ചു പയറ്റിത്തെളിഞ്ഞ സേവകരെപ്പോലെ (ഉല്പ. 14:14), 318 മെത്രാന്മാർ ഈ സൂനഹദോസിൽ ഉണ്ടായിരുന്നു എന്നാണ് ഈ കൗൺസിലിൽ പങ്കെടുത്ത അലക്സാണ്ഡ്രിയായിലെ മാർ അത്തനേഷ്യസ് (+373) സാക്ഷ്യപ്പെടുത്തുന്നത്. മെത്രാന്മാരോടൊപ്പമുള്ള ദൈവശാസ്ത്രജ്ഞന്മാർ, ഡീക്കന്മാർ, മറ്റു പ്രതിനിധികൾ എല്ലാംകൂടി 1900 പേർ നിഖ്യാസമ്മേളനത്തിന് എത്തിയിരുന്നു. എല്ലാവർക്കും വേണ്ട യാത്രാസംവിധാനങ്ങൾ, താമസസൗകര്യങ്ങൾ, സുരക്ഷിതകാര്യങ്ങൾ എന്നിവയെല്ലാം ചക്രവർത്തിതന്നെ ഏർപ്പെടുത്തി. ആരോഗ്യകാരണങ്ങളാൽ റോമിലെ സിൽവസ്റ്റർ മാർപാപ്പായ്ക്ക് എത്തിച്ചേരാനായില്ല. പകരം അദേഹം രണ്ട് വൈദികപ്രതിനിധികളെ അയച്ചു. ചക്രവർത്തിയുടെയും മാർപാപ്പായുടെയും പ്രതിനിധിയായി എത്തിയ ഹോസിയസ് ആയിരുന്നു സിനഡിന്റെ അധ്യക്ഷൻ. അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന മാർ അലക്സാണ്ടറിന്റെ ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ മാർ അത്തനേഷ്യസ് സിനഡൽ കാനോനകൾ തയാറാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു. ചക്രവർത്തിതന്നെ ഉദ്ഘാടനവേളയിൽ ആഘോഷമായി എഴുന്നള്ളുകയും, മതമർദ്ദനകാലത്ത് പലവിധ പീഡകൾ സഹിച്ച് അന്ധരും അംഗവിഹീനരുമായിത്തീർന്ന ചില മെത്രാന്മാരുടെ പരുക്കുകളിൽ ചുംബിച്ച് ആദരവു പ്രകടിപ്പിക്കയും ചെയ്തു. ചക്രവർത്തിയായിരുന്നെങ്കിലും കോൺസ്റ്റന്റൈന് സൂനഹദോസിൽ വോട്ട് ഇല്ലായിരുന്നു; മെത്രാന്മാർ മാത്രമാണ് വോട്ടുചെയ്ത് തീരുമാനങ്ങൾ എടുത്തിരുന്നത്. പരിണിതപ്രജ്ഞനായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ഇടപെടലുകൾ, വിശ്വാസപരവും ശിക്ഷണപരവുമായ കാര്യങ്ങളിൽ അഭിപ്രായസമന്വയത്തിൽ എത്തിച്ചേരാൻ സഹായിച്ചു.



*ആരിയൂസ്*




*ഹോസിയൂസ്*

**വിശ്വാസപരവും ആരാധനക്രമപരവും ഭരണപരവുമായ അടിസ്ഥാനനിയമങ്ങൾ ക്രോഡീകരിച്ച് സഭയ്ക്കു നിയതമായ കെട്ടുറപ്പ് നല്കിയ നിഖ്യാ സൂനഹദോസ് 'സൂനഹദോസുകളുടെ സൂനഹദോസാണ്.'**

യിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചു. ഈശോമിശിഹായുടെ ദൈവത്വം ചോദ്യംചെയ്തുകൊണ്ടുള്ള ഒരു പ്രബോധനമായിരുന്നു അത്. പിതാവായ ദൈവത്തിന്റെ ഒരു സൃഷ്ടിയാണ് ഈശോമിശിഹാ എന്ന് അദ്ദേഹം പഠിപ്പിച്ചു. 'പിതാവിൽനിന്നും ജനിച്ച പുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്ന അദ്ദേഹത്തിന്റെ സൂത്രവാക്യം വേദശാസ്ത്രമേഖലകളിൽ മാത്രമല്ല, തെരുവോരങ്ങളിൽവരെ ഗാനങ്ങളിലൂടെയും മുദ്രാവാക്യങ്ങളിലൂടെയും പ്രചരിച്ചു. അദ്ദേഹത്തിന്റെ മെത്രാൻ ആയിരുന്ന അലക്സാണ്ട്രിയായിലെ മാർ അലക്സാണ്ടർ ഈ തെറ്റായ പ്രബോധനത്തിനെതിരേ നിലകൊണ്ടെങ്കിലും, വലിയ ജനസ്വാധീനം ഉണ്ടായിരുന്ന ആരിയൂസിന് കൂടുതൽ അനുയായികൾ ഉണ്ടാകുന്നതാണ് കണ്ടത്. രാജ്യത്ത് ഇതിന്റെ പേരിൽ അസ്വസ്ഥത പടരുന്നു എന്നറിഞ്ഞ കോൺസ്റ്റന്റൈൻ ചക്രവർത്തി, തന്റെ ഉപദേശകനായ ഹോസിയൂസിനെ അലക്സാണ്ട്രിയായിലേക്കും അന്ത്യോഖ്യയിലേക്കും അയച്ച് പ്രാദേശിക സമ്മേളനങ്ങൾ നടത്തിയെങ്കിലും, പാഷണ്ഡത കാട്ടുതീപോലെ പടരുകയായിരുന്നു. മുഖ്യമായും ആര്യനിസത്തെ പ്രതിരോധിക്കാനും സഭയിൽ പല വിഷയങ്ങളിലും ഏകാഭിപ്രായം ഉണ്ടാക്കിയെടുക്കാനും ഒരു വലിയ സമ്മേളനംതന്നെ ആവശ്യമാണ് എന്നു ചക്രവർത്തി മനസിലാക്കി. അങ്ങനെയാണ് നിഖ്യാ സൂനഹദോസ് കൂടുന്നത്. റോമാസാമ്രാജ്യത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികളിലുള്ള എല്ലാ സഭകളെയും പ്രതിനിധീകരിക്കുന്ന മെത്രാന്മാരെ അദ്ദേഹം ക്ഷണിച്ചുവരുത്തി. അങ്ങനെ ആദ്യത്തെ പൊതുസൂനഹദോസ് - എക്യുമെനിക്കൽ കൗൺസിൽ - നിഖ്യായിൽ സമ്മേളിച്ചു.

## സൂനഹദോസ് സമ്മേളനം

AD 325 മെയ് 20 മുതൽ ജൂൺ 19 വരെ സൂനഹദോസ് നീണ്ടുനിന്നു. ചക്രവർത്തിയുടെ ആമുഖപ്രഭാഷണത്തിനുശേഷം സിനഡ് നടപടികൾ ആരംഭിച്ചു. കേസറിയായിലെ യൗസേബിയൂസിന്റെ



*നിഖ്യാ സൂനഹദോസ് നടന്ന സ്ഥലം*

**മെത്രാന്മാരോടൊപ്പമുള്ള ദൈവശാസ്ത്രജ്ഞന്മാർ, ഡീക്കന്മാർ, മറ്റു പ്രതിനിധികൾ എല്ലാംകൂടി 1900 പേർ നിഖ്യാസമ്മേളനത്തിൽ പങ്കെടുത്തു.**

വിവരണമനുസരിച്ച്, സിനഡിന്റെ തുടക്കം മുതലേ രൂക്ഷമായ വാദപ്രതിവാദങ്ങളും തർക്കവിതർക്കങ്ങളും ഉണ്ടായി. തുടക്കത്തിൽ ഒരു ആര്യൻ അനുഭാവിയും പിന്നീട് വിശ്വാസപ്രമാണം ഏറ്റുചൊല്ലി സത്യവിശ്വാസത്തിന്റെ വക്താവുമായിത്തീർന്ന ആളാണ് സഭാചരിത്രകാരനായ കേസറിയായിലെ യൗസേബിയൂസ്! ക്രമേണ സിനഡ്പിതാക്കന്മാരുടെ ഇടപെടലുകൾവഴി സത്യവിശ്വാസത്തെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാൻ അവർക്കു കഴിഞ്ഞു. സഭാശിക്ഷണത്തെയും സത്യവിശ്വാസത്തെയും സംബന്ധിച്ച 20 കാനോനകളാണ് സൂനഹദോസ് പുറപ്പെടുവിച്ചത്. രണ്ടുപേർ ഒഴികെ ബാക്കിയെല്ലാവരും സിനഡ് തീരുമാനങ്ങൾ അംഗീകരിച്ചു. ചക്രവർത്തിയെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് എതിർത്തുനിന്നവർ നിഖ്യായിലെ മെത്രാനും നിക്കോമേദിയായിലെ മെത്രാനുമായിരുന്നു. അവർ നാടുകടത്തപ്പെട്ടു. എങ്കിലും, ഏറെക്കാലം അതു നീണ്ടുനിന്നില്ല.

# സൂനഹദോസ് തീരുമാനങ്ങൾ

**വിശ്വാസപ്രമാണം**

നിഖ്യാസൂനഹദോസിന്റെ ശാശ്വതസംഭാവന സഭയ്ക്കു മുഴുവനായി ഒരു വിശ്വാസപ്രമാണം പ്രഖ്യാപിച്ചു എന്നതാണ്. ആരിയൂസിന്റെ അബദ്ധസിദ്ധാന്തങ്ങൾക്കെതിരെ, പുത്രൻതമ്പുരാന്റെ നിത്യതയും ദൈവത്വവും ഏറ്റുപറഞ്ഞു. പുത്രൻതമ്പുരാൻ യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പിതാവിനോടുകൂടി ഏകസത്തയും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും പ്രകാശത്തിൽ




**ഉദ്ഘാടനവേളയിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി, മതമർദ്ദനകാലത്ത് പലവിധ പീഡകൾ സഹിച്ച് അന്ധരും അംഗവിഹീനരുമായിത്തീർന്ന ചില മെത്രാന്മാരുടെ പരുക്കുകളിൽ ചുംബിച്ച് ആദരവു പ്രകടിപ്പിച്ചു.**

നിന്നുള്ള പ്രകാശവും ആണെന്ന് പ്രഖ്യാപിച്ചു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവികസത്തയും രക്ഷാദൗത്യങ്ങളും വിശ്വാസപ്രമാണത്തിൽ സുവ്യക്തമാക്കി. സ്രഷ്ടാവായ പിതാവ്, രക്ഷിതാവായ പുത്രൻ, പിതാവിൽനിന്നും പുറപ്പെടുന്ന പവിത്രാത്മാവായ പരിശുദ്ധാരൂപി എന്ന ത്രിത്വൈകദൈവത്തിലുള്ള വിശ്വാസം സൂനഹദോസ് അരക്കിട്ടുറപ്പിച്ചു.

**ആരാധനക്രമ നിയമങ്ങൾ**

ഈസ്റ്ററിനെ സംബന്ധിച്ച വ്യക്തമായ ഒരു തീരുമാനം നിഖ്യാ സൂനഹദോസ് കൈക്കൊണ്ടു. യഹൂദക്രൈസ്തവർ നീസാൻ 14ന് ഈസ്റ്റർ ആഘോഷിച്ചപ്പോൾ, മറ്റു ക്രൈസ്തവർ നീസാൻ 14നു ശേഷമുള്ള ഞായറാഴ്ചയാണ് ഇത് ആചരിച്ചിരുന്നത്. ഇതുസംബന്ധിച്ച് വലിയ തർക്കങ്ങളും നിലവിലിരുന്നു. മാർച്ച് 21നുള്ള വസന്തവിഷുവത്തിനു (vernal equinox) ശേഷം വരുന്ന ഞായറാഴ്ച ഈസ്റ്റർ ആചരിക്കാൻ കൗൺസിൽ തീരുമാനിച്ചു. ഓരോ വർഷവും ഈസ്റ്റർ തീയതി തീരുമാനിക്കാൻ ജ്യോതിശാസ്ത്രവിദഗ്ധരുള്ള അലക്സാണ്ഡ്രിയായിലെ സഭയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഞായറാഴ്ച ആചരണത്തിന്റെ പ്രാധാന്യമാണ് മറ്റൊന്ന്. മിശിഹായുടെ ഉത്ഥാനത്തിന്റെ ദിനമായ ഞായറാഴ്ച, പശ്ചാത്താപത്തിന്റെയും പരിഹാരത്തിന്റെയും അടയാളമായ മുട്ടുകുത്തൽ, ഉപവാസം എന്നിവ സൂനഹദോസ് വിലക്കി.

ഉയിർപ്പുതിരുനാളിന് ഒരുക്കമായി 40 ദിന ഉപവാസം, മാമോദീസാർഥികളുടെ ത്രിവർഷ പരിശീലനം, പ്രവിശ്യയുടെ തലവൻ ഉൾപ്പെടെ മൂന്നു മെത്രാന്മാർ ചേർന്ന് പുതിയ മെത്രാനെ അഭിഷേകം ചെയ്യുക തുടങ്ങിയ നിയമങ്ങളും നടപ്പിലാക്കി.

**ശിക്ഷണപരമായ തീരുമാനങ്ങൾ**

സഭാശിക്ഷണപരമായ ഒട്ടേറെ കാനോനകളും കൗൺസിൽ പുറപ്പെടുവിച്ചു. പ്രധാന സഭാസിംഹാസനങ്ങൾ ഏവയൊക്കെ എന്നു സൂനഹദോസ് നിർവചിച്ചു. റോം, അലക്സാണ്ഡ്രിയാ, അന്ത്യോഖ്യ, കോൺസ്റ്റാന്റിനോപ്പിൾ പിന്നീട് ജെറുസലേം. പിന്നീട് കാൽസിഡൻ സിനഡിലാണ് (451) വ്യക്തമായി രേഖപ്പെടുത്തുന്നതെങ്കിലും, റോമിന്റെ പ്രാമുഖ്യം നിഖ്യാസൂനഹദോസിൽവെച്ചുതന്നെ അംഗീകരിക്കപ്പെട്ടുവെന്നതാണ് വസ്തുത.

വൈദികജീവിതത്തെ സംബന്ധിച്ച്,

വീണുപോയവരുടെ തിരിച്ചുവരവ്, പരസ്യ പാപസങ്കീർത്തനം, വർഷത്തിൽ രണ്ടു പ്രാവശ്യം പ്രൊവിൻഷ്യൽ സിനഡ് സമ്മേളനം തുടങ്ങിയ തീരുമാനങ്ങളും സൂനഹദോസ് കൈക്കൊണ്ടു.

സഭയുടെ സൈദ്ധാന്തികവും ശിക്ഷണപരവുമായ തീരുമാനങ്ങളാണ് സുനഹദോസ് പ്രധാനമായും സ്വീകരിച്ചത്. സൂനഹദോസിനു ശേഷം അലക്സാണ്ഡ്രിയായിലെ മെത്രായി അവരോധിക്കപ്പെട്ട മാർ അത്തനേഷ്യസ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം എടുത്തുപറയുന്നുണ്ട്. ശിക്ഷണപരമായ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ 'ഞങ്ങൾ ഇങ്ങനെ തീരുമാനിക്കുന്നു' എന്നാണ് സുനഹദോസ് രേഖകളിൽ പറയുന്നത്. എന്നാൽ വിശ്വാസപരവും സൈദ്ധാന്തികവുമായ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 'ഇതാണ് കത്തോലിക്കാസഭ വിശ്വസിക്കുന്നത്' എന്നാണ് രേഖപ്പെടുത്തുന്നത്. അതായത്, നിഖ്യാ സൂനഹദോസ് പുതിയ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുന്നുവെന്നല്ല, ശ്ലൈഹികകാലം മുതലേ സഭ വിശ്വസിച്ചാചരിച്ചുപോരുന്ന കാര്യങ്ങൾ സുവ്യക്തമാക്കി അവതരിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ എന്നാണ് സൂചന.

### സൂനഹദോസ് സമാപനം

വലിയ അവ്യക്തതകളുടെയും പ്രതിസന്ധികളുടെയും കാർമേഘപടലങ്ങൾ കെട്ടടങ്ങുന്ന കാഴ്ചയാണ് സൂനഹദോസ് സമാപിക്കുമ്പോൾ കാണുന്നത്. ചക്രവർത്തിയായതിന്റെ 20-ാം വാർഷികവും, പൗരസ്ത്യ റോമൻ ചക്രവർത്തിയെ പരാജയപ്പെടുത്തി സമസ്ത റോമൻ മേഖലയുടെയും അധിപനായതിന്റെ ഒന്നാം വാർഷികവും സംയുക്തമായി AD 325ൽ സൂനഹദോസ് സമാപനവേളയിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി ആചരിച്ചു. അദ്ദേഹം പ്രതിനിധികൾക്കെല്ലാം വലിയ വിരുന്നൊരുക്കി. സൂനഹദോസ് രേഖകളോടൊപ്പം എല്ലാവർക്കും കൈനിറയെ സമ്മാനങ്ങളും നല്കിയാണ് അദ്ദേഹം പ്രതിനിധികളെ മടക്കിയയച്ചത്.

### നിഖ്യാ സൂനഹദോസിന്റെ അനന്തരഫലങ്ങൾ

സൂനഹദോസ് നടപടികളുടെ വിവരണങ്ങളുള്ള 20 വാല്യം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയെല്ലാം നഷ്ടപ്പെട്ടുപോയി. സിനഡൽ കാനോനകളും, കേസറിയായിലെ യൗസേബിയൂസിന്റെയും കോൺസ്റ്റാന്റിനോപ്പിളിലെ സോക്രട്ടീസിന്റെയും (+440) വിവരണങ്ങളുമാണ് സൂനഹദോസിനെക്കുറിച്ച് ലഭ്യമായ പുരാതന രേഖകൾ. ഈ സൂനഹദോസ് സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളും ശിക്ഷണക്രമങ്ങളും അധ്യവസാനംചെയ്തു. തുടർന്നുള്ള ആറ് സാർവത്രിക സൂനഹദോസുകളും ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചത്. പാശ്ചാത്യ-പൗരസ്ത്യ ഭേദമെന്യേ എല്ലാ സഭകളും ഈ ഏഴ് സാർവത്രിക സൂനഹദോസുകളും (Ecumenical Councils) അംഗീകരിക്കുന്നുണ്ട്. സഭയുടെ ശ്ലൈഹിക വിശ്വാസത്തെയും നടപടികളെയും വ്യക്തമായി അവതരിപ്പിച്ച നിഖ്യാ സൂനഹദോസ് സഭാപ്രബോധനങ്ങളുടെ വിളക്കുമരമായി ഇന്നും പ്രശോഭിക്കുന്നു.

---

**ഹെൽത്ത് പാർലർ** HEALTH PARLOUR

അനൂപ മേരി

## പല്ലുവേദനയ്ക്ക് എന്തുചെയ്യും?

ഗൗരവതരമല്ലാത്ത പല്ലുവേദനയുണ്ട്, ഗൗരവതരമായ പല്ലുവേദനയുമുണ്ട്. ഗൗരവതരമല്ലാത്ത പല്ലുവേദനയ്ക്ക് ചില പൊടിക്കൈകൾ വീട്ടിൽതന്നെ പരീക്ഷിച്ചുനോക്കാം.

**ഗ്രാമ്പു:** പല്ലുവേദനയെടുക്കുമ്പോൾ ഗ്രാമ്പു വായിലിട്ട് വെറുതെ ചവയ്ക്കുക. അതിന്റെ നീര് വേദനയുള്ള ഭാഗത്തെത്തുമ്പോൾ ആശ്വാസം ലഭിക്കും.

**മഞ്ഞൾ:** മഞ്ഞൾപ്പൊടി അല്പം മസ്റ്റാർഡ് ഓയിലിൽ ചാലിച്ച് പേസ്റ്റ് രൂപത്തിലാക്കി വേദനയുള്ള ഭാഗത്തു തേച്ചുപിടിപ്പിക്കുക. വേദന കുറയും.

**നെല്ലിക്ക:** ഉടനടി ആശ്വാസം കിട്ടാനുള്ള മാർഗമെന്ന നിലയിലല്ല നെല്ലിക്കപ്രയോഗം. പല്ലുവേദന ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധമാർഗമെന്ന നിലയിൽ ഇതിനെ കണ്ടാൽ മതി. നെല്ലിക്കപ്പൊടി എല്ലാ ദിവസവും ഒരു ടീസ്പൂൺ അളവിൽ കഴിക്കുക.

# നിഖ്യാ സൂനഹദോസിന്റെ ചരിത്രവഴിയിലൂടെ

1. ആദ്യത്തെ സാർവത്രിക സൂനഹദോസ് ഏത്? എവിടെയാണ് നടത്തപ്പെട്ടത്?
   നിഖ്യാ സൂനഹദോസ്, ബിഥീനിയായിലെ നിഖ്യായിൽ (ഇന്നത്തെ തുർക്കി)
2. നിഖ്യാ സൂനഹദോസ് വിളിച്ചു കൂട്ടിയതാര്? ഏത് വർഷം?
   കോൺസ്റ്റന്റൈൻ ചക്രവർത്തി, AD 325ൽ
3. നിഖ്യാസൂനഹദോസ് വിളിച്ചുകൂട്ടാനുള്ള കാരണങ്ങൾ?
   ആരിയൂസ് എന്ന അലക്സാണ്ഡ്രിയൻ വൈദികന്റെ അബദ്ധോപദേശത്തെ എതിർത്ത് സത്യവിശ്വാസം പഠിപ്പിക്കാനും ഈസ്റ്ററിന്റെ തീയതി നിശ്ചയിക്കാനും.
4. ആരിയൂസ് ആരായിരുന്നു?
   AD 270ൽ ലിബിയായിൽ ജനിച്ച ഒരു അലക്സാണ്ഡ്രിയൻ വൈദികൻ
5. എന്തായിരുന്നു ആരിയൂസിന്റെ പഠനം?
   പുത്രനായ ഈശോ ഒരു സൃഷ്ടി മാത്രമാണ്. ഇല്ലായ്മയിൽ നിന്നും ദൈവം ഈശോയെ സൃഷ്ടിച്ചു. പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു.
6. ആരിയൂസ് ഇങ്ങനെ പഠിപ്പിക്കാൻ കാരണം?
   പിതാവായ ദൈവത്തിന്റെ ഏകത്വത്തെ സമർത്ഥിക്കാനാണ് പുത്രനായ ഈശോയുടെ ദൈവത്വത്തെ ആരിയൂസ് നിഷേധിച്ചത്.
7. റോമിലെ സിൽവെസ്റ്റർ മാർപാപ്പായെ പ്രതിനിധീകരിച്ച് സൂനഹദോസിൽ പങ്കെടുത്തവർ ആരെല്ലാം?
   വിക്ടർ (വിനൂസ്), വിൻസെന്റ് എന്നീ വൈദികർ.
8. നിഖ്യാ സൂനഹദോസിന്റെ തീരുമാനങ്ങൾ?
   നിഖ്യാ ഒരു വിശ്വാസപ്രമാണം രൂപവത്കരിച്ചു. 20 കാനോനകൾ എഴുതി ഉണ്ടാക്കി. സിനഡ് ആരിയൂസിനെ സഭാഭ്രഷ്ടനാക്കി. ഉയിർപ്പുതിരുനാൾ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വിവിധ പാരമ്പര്യങ്ങൾ അവസാനിപ്പിച്ച് സഭയിലാകമാനം ഐകരൂപ്യം വരുത്താൻ ശ്രമിച്ചു.
9. നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഉറവിടം?
   പാലസ്തീനായിലെ കേസറിയായിൽ ഉപയോഗത്തിലിരുന്ന വിശ്വാസപ്രമാണം മെത്രാനായ യൗസേബിയൂസ് നിഖ്യായിലെ സിനഡിൽ അവതരിപ്പിച്ചെന്നും, ചില്ലറ മാറ്റങ്ങളോടെ സിനഡ് അതംഗീകരിച്ചെന്നുമാണ് പൊതുധാരണ. എന്നാൽ ജറുസലേം സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണം ഭേദഗതികളോടെ നിഖ്യാ സ്വീകരിച്ചു എന്നാണ് ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായം.
10. ആര്യൻ പാഷണ്ഡതയെ എതിർക്കാൻ നിഖ്യാ സൂനഹദോസ് സ്വീകരിച്ച ഗ്രീക്ക് പദപ്രയോഗം?

ഹോമോ ഊസിയോസ്
ഹോമോ = ഒരേ തരത്തിൽപ്പെട്ട
ഊസിയോസ് = സത്ത

11. ഹോമോ ഊസിയോസ് എന്നാൽ എന്ത്?
സത്തയിൽ ഏകൻ, ഒരേ സത്തയിൽപ്പെട്ട എന്നീ അർഥങ്ങളാണ് നല്കപ്പെട്ടത്. പിതാവും പുത്രനും ഒരാളല്ല, രണ്ടാളുകളാണ്. അതേസമയം ഒരേ സത്തയാണ്. ഈ സത്യം വ്യക്തമാക്കുന്ന പദപ്രയോഗമാണിത്.

12. ഹോമോ ഊസിയോസ് എന്ന പദം മുമ്പ് ആരെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ?
ഇരണെവൂസ് നാലുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഒരിജൻ നിഖ്യായുടെ അർഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. തെർത്തുല്യൻ ഇതേ അർഥംവരുന്ന unius substantiae രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

13. നിഖ്യാ സൂനഹദോസ് എത്ര കാനോനകൾ രൂപപ്പെടുത്തി?
ഇരുപത്

14. നിഖ്യാ സൂനഹദോസിൽ ഉന്നയിച്ച ഉയിർപ്പു തിരുനാൾ പ്രശ്നം എന്തായിരുന്നു?
കത്തോലിക്കാ സഭയിൽതന്നെ വിവിധ സ്ഥലങ്ങളിൽ ഉയിർപ്പ് തിരുനാൾ ഒരേ സമയത്തല്ല ആചരിച്ചിരുന്നത്. അതേക്കുറിച്ചു രൂക്ഷമായ തർക്കങ്ങളുണ്ടായി. അലക്സാണ്ഡ്രിയാക്കാർ 19 വർഷ ചക്രവും, റോമാക്കാർ 84 വർഷചക്രവുമാണ് ഉപയോഗിച്ചിരുന്നത്. ഞായറാഴ്ചയാണെങ്കിൽ നീസാൻ മാസം 15-ാം തീയതി തന്നെ അലക്സാണ്ഡ്രിയാക്കാർക്ക് ഉയിർപ്പ് ആചരിക്കാമായിരുന്നു. മറ്റുള്ളവർക്ക് 16നു ശേഷമേ അതിന് അനുവാദമുണ്ടായിരുന്നുള്ളൂ.

15. മെത്രാൻമാരെ നിയോഗിക്കുന്നതു സംബന്ധിച്ച് നിഖ്യായുടെ കാനോന എന്തു പഠിപ്പിക്കുന്നു?
നിഖ്യായുടെ നാലാമത്തെ കാനോനയിലാണ് മെത്രാന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾ പരാമർശിക്കുന്നത്. ഒരു പ്രൊവിൻസിലെ എല്ലാ മെത്രാന്മാരും കൂടി ഒരു മെത്രാനെ വാഴിക്കണം. അത്യാവശ്യത്താലോ ദൂരംകൊണ്ടോ ഇതു പ്രയാസമാണെങ്കിൽ, കുറഞ്ഞത് മൂന്നു പേരെങ്കിലും ഒന്നിച്ചുകൂടുകയും, വരാത്തവരുടെ സമ്മതം എഴുതി വാങ്ങുകയും ചെയ്തിട്ടേ പട്ടം കൊടുക്കാവൂ.

16. നിഖ്യാ സൂനഹദോസിന്റെ മൂന്നാമത്തെ കാനോന അനുശാസിക്കുന്നതെന്ത്?
സ്വന്തം അമ്മ, സഹോദരി, അമ്മാവി അതുപോലെ സംശയാതീതരായ മറ്റാളുകൾ എന്നിവരൊഴിച്ച്, മെത്രാനോ വൈദികനോ ശെമ്മാശനോ വൈദികസ്ഥാനമുള്ള മറ്റുള്ളവരോ തന്റെകൂടെ ഒരു സ്ത്രീയേയും പാർപ്പിച്ചുകൂടാ.

17. ഞായറാഴ്ചകളിലും ഉയിർപ്പുകാലത്തും ആരാധനക്രമത്തിൽ പാലിക്കേണ്ട നിലപാടുകളെക്കുറിച്ച് നിഖ്യാ എന്തു പഠിപ്പിക്കുന്നു?
ഞായറാഴ്ചകളിലും ഉയിർപ്പുകാലത്തും നിന്നുകൊണ്ട് ദൈവത്തോടു പ്രാർഥിക്കണമെന്ന് ഇരുപതാമത്തെ കാനോന അനുശാസിക്കുന്നു.

18. ആരിയൂസിനെ സ്വാധീനിച്ച ബൈബിൾ ഭാഗമേത്?
സുഭാഷിതങ്ങൾ 8:22-27
"കർത്താവ് തന്റെ സൃഷ്ടികർമത്തിന്റെ ആരംഭത്തിൽ തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യസൃഷ്ടിയായ എന്നെ സൃഷ്ടിച്ച് യുഗങ്ങൾക്കു മുമ്പ്, ഭൂമിയുടെ ആവിർഭാവത്തിനു മുമ്പ് ഒന്നാമതായി ഞാൻ സ്ഥാപിക്കപ്പെട്ടു..."

19. തിരുസഭയിൽ എത്ര സാർവത്രിക സുഹദോസുകൾ നടന്നിട്ടുണ്ട്?
21. നിഖ്യാ മുതൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ.


തയാറാക്കിയത്: **ഡോ. ജോസഫ് കൊല്ലാറ**

പ്രിൻസ് തെക്കേപ്പുറം CSsR

# നിത്യനഗരത്തിലെ നിശബ്ദസാക്ഷ്യങ്ങൾ

**വിശുദ്ധരുടെ കൂട്ടായ്മയ്ക്ക് പവിത്രസ്മാരകവും സാക്ഷ്യപത്രവുമായി റോമിലെ കാറ്റക്കോമ്പുകൾ നിലകൊള്ളുന്നു.**

നിത്യനഗരമായ റോമിന്റെ തിരക്കേറിയ തെരുവുകൾക്കു താഴെ, അംബരചുംബികളായ ബസിലിക്കകളുടെ ശില്പചാരുതയിൽ നിന്നും മാർപാപ്പാമാരുടെ ഘോഷയാത്രകളുടെ പ്രതിധ്വനിയിൽ നിന്നും അകലെ, ഗംഭീരവും പവിത്രവുമായ ഭൂഗർഭാലയങ്ങളിൽ സ്ഥിതിചെയ്യുന്നവയാണ് റോമിലെ കാറ്റക്കോമ്പുകൾ. ഈ




ഭൂഗർഭശ്മശാനങ്ങൾ, പുരാതനക്രൈസ്തവകാലത്ത് അരങ്ങേറിയ രക്തസാക്ഷ്യങ്ങളുടെയും വേദനാനിർഭരമായ മരണത്തിന്റെയും തീക്ഷ്ണമായ വിശ്വാസത്തിന്റെയും നിത്യമുദ്രകളാണ്. കാറ്റക്കോമ്പുകൾ വെറും ശവകുടീരങ്ങൾ മാത്രമല്ല! ആദിമസഭയുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശ, രക്തസാക്ഷികളോടുള്ള വണക്കം, കഠിനമായ പീഡനങ്ങൾക്കു വിധേയമായ ഒരു സമൂഹത്തിന്റെ സഹനസാക്ഷ്യം എന്നിവയെക്കുറിച്ചെല്ലാം അറിവു നല്കുന്ന ചരിത്രസ്മാരകങ്ങൾകൂടിയാണ്. അവ 'കമ്യൂണിയോ സാൻക്തോറും' അഥവാ വിശുദ്ധരുടെ കൂട്ടായ്മയ്ക്ക് ശാശ്വതസ്മാരകവും സാക്ഷ്യപത്രവുമായി നിലകൊള്ളുന്നു.

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ കാറ്റക്കോമ്പുകൾ പുരാവസ്തുശാസ്ത്രപരമായ ശേഖരങ്ങൾ മാത്രമല്ല, ആരാധനക്രമപരവും ആത്മീയവും ദൈവശാസ്ത്രപരവുമായ അർഥങ്ങൾ നിറഞ്ഞ പവിത്രമായ ഇടങ്ങൾ കൂടിയാണ്. വിവിധ നൂറ്റാണ്ടുകളിലെ ക്രൈസ്തവ നരവംശശാസ്ത്രം, ഐക്കണോഗ്രഫി, മാർത്തെരിയോളജി, സഭാത്മകസ്വത്വം (Ecclesial Identity) എന്നിവയെക്കുറിച്ചുള്ള സൂചകങ്ങൾ അവ ഉൾക്കൊള്ളുന്നു. പശ്ചാത്താപത്തിന്റെയും പുനരുജ്ജീവനത്തിന്റെയും ഈ ജൂബിലി വർഷത്തിൽ അവയുടെ പ്രസക്തി പൂർവാധികം ജ്വലിക്കുകയാണ്. നാമമാത്ര ക്രിസ്ത്യാനികളെയും സഭയുടെ പഠനങ്ങളിൽ അവിശ്വസിക്കുന്നവരെയും, അവരുടെ വിശ്വാസത്തിന്റെ വേരുകൾ ആഴങ്ങളിൽ തിരയാനും കണ്ടെത്താനും അവ ക്ഷണിക്കുന്നു.

**എന്താണ് കാറ്റക്കോമ്പ്?**

വി. സെബസ്ത്യാനോസിന്റെ ഇന്നത്തെ പള്ളിക്കു സമീപമുള്ള, പുരാതന റോമിലെ ആപ്പിയൻ പാതയിലെ ഒരു പ്രത്യേക പ്രദേശത്തെ സൂചിപ്പിക്കാനാണ് 'കാറ്റക്കോമ്പ്' (catacumbae ശൂന്യതയ്ക്കു സമീപം എന്ന ലാറ്റിൻ പദത്തിൽനിന്ന്) എന്ന പദം ആദ്യം ഉപയോഗിക്കപ്പെട്ടത്. കാലക്രമേണ ഈ പദം ഏതൊരു ഭൂഗർഭ ക്രൈസ്തവ മൃതസംസ്കാര സമുച്ചയത്തെയും സൂചിപ്പിക്കാൻ ഉപയോഗിച്ചു തുടങ്ങി. ഭൂഗർഭ പാതകളുടെയിടയിൽ സ്ഥിതിചെയ്യുന്ന പുരാതന കല്ലറകളുടെ സങ്കീർണമായ ശൃംഖലകളെയാണ് ഇന്നു കാറ്റക്കോമ്പുകൾ സൂചിപ്പിക്കുന്നത്. മൃദുവായ പാറയുടെ പാളികളിൽനിന്നു കൊത്തിയെടുത്തവയാണ് ഇവയെല്ലാംതന്നെ. മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന പേഗൻ ശൈലിക്കു പകരം, മൃതദേഹങ്ങൾ ഭൂമിക്കടിയിൽ മറവു ചെയ്യുന്ന മൃതസംസ്കാര രീതികൾ റോമൻ സാമ്രാജ്യത്തിലെ ക്രൈസ്തവർ ഏകദേശം AD അഞ്ചാം നൂറ്റാണ്ടുവരെ രഹസ്യമായി പാലിച്ചിരുന്നു. പുന

**പുരാതനക്രൈസ്തവകാലത്ത് അരങ്ങേറിയ രക്തസാക്ഷ്യങ്ങളുടെയും വേദനാനിർഭരമായ മരണത്തിന്റെയും തീക്ഷ്ണമായ വിശ്വാസത്തിന്റെയും നിത്യമുദ്രകളാണ് കാറ്റക്കോമ്പുകൾ.**





**ഓർമയുടെയും പുനരുജ്ജീവനത്തിന്റെയും ജൂബിലി ദേവാലയങ്ങളായാണ് കാറ്റക്കോമ്പുകൾ പ്രവർത്തിക്കുന്നത്.**

രുത്ഥാനത്തിൽ ശരീരത്തോടു കൂടിയുള്ള ഉയിർത്തെഴുന്നേല്പുണ്ട് എന്ന ദൃഢമായ വിശ്വാസമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. മതമർദ്ദനകാലത്ത് റോമൻ ചക്രവർത്തിമാരെ പേടിച്ചായിരുന്നു ഇത്തരം രീതികൾ അവർ രഹസ്യമായി തുടർന്നതെങ്കിൽ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽ വിശുദ്ധരായ സഭാനേതാക്കളുടെയടുക്കൽ അന്ത്യവിശ്രമം കൊള്ളുന്നതിനുള്ള ആഗ്രഹമാകാം അവരെ അതിനു പ്രേരിപ്പിച്ചത്.

ഒരർഥത്തിൽ ശരീരത്തിന്റെ പുനരുത്ഥാനത്തിൽ വേരൂന്നിയ ഒരു ക്രിസ്ത്യൻ നരവംശശാസ്ത്രമാണ് (Anthropology) കാറ്റക്കോമ്പുകൾ പ്രഘോഷിക്കുന്നത്. ക്രിസ്തുവിന്റെ ശരീരം കല്ലറയിൽ അടക്കുകയും, മൂന്നാംദിവസം അവിടുന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തതുപോലെ, മൃതദേഹം ദഹിപ്പിക്കുന്ന പേഗൻ രീതികളിൽനിന്നു വ്യത്യസ്തമായി ആദിമക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുകരിച്ച് ശരീരത്തിന്റെ സംസ്കാരത്തിൽ ശഠിച്ചു. പില്കാലത്ത് കാറ്റക്കോമ്പുകൾ ശ്മശാനങ്ങൾ (cemeteria - ഉറങ്ങുന്ന സ്ഥലങ്ങൾ) എന്നതിനപ്പുറം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾക്കും രക്തസാക്ഷികളുടെ വണക്കത്തിനും വിശുദ്ധ കുർബാനയർപ്പണത്തിനുമുള്ള പവിത്രകേന്ദ്രങ്ങളായി മാറി.

റോമിലെ ക്രിസ്ത്യൻ ജനസംഖ്യ വർധിക്കുന്നതിനനുസരിച്ച് കാറ്റക്കോമ്പുകൾ സ്വാഭാവികമായും വികസിതമായി. ആദ്യം അവ ലളിതമായ ശവസംസ്കാര താഴ്വരകളായിരുന്നു. എന്നാൽ വിശ്വാസികളുടെ എണ്ണം വർധിക്കയും രക്തസാക്ഷികളുടെ കബറിടങ്ങൾ തീർഥാടനകേന്ദ്രങ്ങളായി മാറുകയും ചെയ്തതോടെ അവിടെ സന്ദർശകരുടെ തിരക്കേറി. ഈ പവിത്രമായ കന്മതിലുകളിൽ ഇന്നും ഗ്രാഫിറ്റികളും ചുവർചിത്രങ്ങളും ലിഖിതങ്ങളും കാണാം.

ഇവ പുരാതനസഭയിലെ വിശ്വാസികളുടെ കൂട്ടായ്മയെയും അന്ത്യനാളുകളിലെ ഉയിർപ്പിനെയുംകുറിച്ചുള്ള അവരുടെ പ്രത്യാശ പ്രഘോഷിക്കുന്നു. അതോടൊപ്പം, ക്രിസ്തുവിജ്ഞാനീയത്തിലെ ഐക്കണോഗ്രഫിയെക്കുറിച്ച് ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളും നല്കുന്നു.

**സവിശേഷതകൾ**

റോമിലും പരിസരത്തും നിലവിലുണ്ടായിരുന്ന അറുപതിലധികം കാറ്റക്കോമ്പുകളിൽ വളരെ കുറച്ചു മാത്രമേ ഇന്നു പ്രവേശനയോഗ്യമായുള്ളൂ. സഭാധികാരികളും പുരാവസ്തു അധികൃതരും പരിപാലിക്കുന്നതുകൊണ്ടു മാത്രമാണ് ഇവ ഇന്നും നിലനിൽക്കുന്നത്. കാറ്റക്കോമ്പുകളിൽ ഓരോന്നിനും വ്യതിരിക്തമായ ആത്മീയതയും ചരിത്രപരതയുമുണ്ട്.

വിയ ആപ്പിയ ആന്റിക്കയിൽ സ്ഥിതിചെയ്യുന്ന വി. കാലിക്സ്റ്റസിന്റെ കാറ്റക്കോമ്പാണ് (സാൻ കാലിസ്റ്റോ) ഇവയിൽ ഏറ്റവും പ്രധാനം. പുരാതനസഭയുടെ ഔദ്യോഗിക ശ്മശാനങ്ങളിൽ ഒന്നായിരുന്നു ഇത്.



നിരവധി രക്തസാക്ഷികളുടെയും, വി. സിക്സ്റ്റസ് രണ്ടാമൻ മാർപാപ്പാ, വി. ഉർബൻ മാർപാപ്പാ എന്നിവരുൾപ്പെടെ 16 മാർപാപ്പാമാരുടെയും കബറിടങ്ങൾ ഇവിടെ സൂക്ഷിച്ചിരുന്നു. ഇതിൽ ഏറ്റവും പ്രസിദ്ധമായ മാർപാപ്പാമാരുടെ ശവകുടീരം 'ചെറിയ വത്തിക്കാൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കൂടാതെ ഗായകരുടെ മധ്യസ്ഥയായ വി. സിസിലിയയുടെ ക്രിപ്റ്റും ഇവിടെ കാണാം.

## ജൂബിലി വർഷത്തിൽ കാറ്റക്കോമ്പുകളുടെ പ്രാധാന്യം

*സാർവത്രികമായ ദണ്ഡവിമോചനങ്ങളുടെയും ആത്മീയ പുനരുജ്ജീവനത്തിന്റെയും കൗദാശിക പ്രസാദവരത്തിന്റെയും കാലം എന്ന നിലയിൽ ജൂബിലി വർഷത്തിൽ കാറ്റക്കോമ്പുകൾക്ക് വലിയ പ്രാധാന്യമുണ്ട്. കരുണയുടെ പ്രവൃത്തികളിലൂടെ വിശ്വാസത്തിന്റെ വേരുകൾ കണ്ടെത്താനും, കൂദാശകളിലൂടെ പ്രത്യേകിച്ച് അനുരഞ്ജനകൂദാശയിലൂടെയും വിശുദ്ധ കുർബാനയിലൂടെയും പ്രസാദവര ജീവിതത്തിലേക്കു വീണ്ടും പ്രവേശിക്കാനും ജൂബിലി വർഷം ആഹ്വാനം ചെയ്യുന്നു.*

*ഓർമയുടെയും പുനരുജ്ജീവനത്തിന്റെയും ജൂബിലി ദേവാലയങ്ങളായാണ് കാറ്റക്കോമ്പുകൾ പ്രവർത്തിക്കുന്നത്. പ്രത്യാശയുടെ തീർഥാടകർ എന്ന ജൂബിലി ചിന്തയുടെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും. പീഡനങ്ങൾക്കും മരണത്തിനുമിടയിൽപോലും പുനരുത്ഥാനത്തിലുള്ള പ്രത്യാശ നഷ്ടമാകാതെ ഈശോയിൽ വിശ്വാസമർപ്പിച്ചു ജീവിച്ച സഭയെ ഓർമിക്കാൻ ഓരോ വിശ്വാസിയെയും പ്രചോദിപ്പിക്കുകയാണ് കാറ്റക്കോമ്പുകൾ.*

*കിരാതമായ രാജശാസനയെപോലും തൃണവത്ഗണിച്ച വിശ്വാസതീക്ഷ്ണതയുടെ അനുഭവപാഠങ്ങളായി കാറ്റക്കോമ്പുകൾ റോമിന്റെ മണ്ണിനടിയിൽ നിലകൊള്ളുന്നു. സമീപിക്കുന്ന ഏതൊരാൾക്കും അചഞ്ചലമായ വിശ്വാസബോധ്യങ്ങളുടെ കനൽവഴികൾ ചൂണ്ടിക്കാട്ടി ലോകാവസാനത്തോളം അവ അങ്ങനെ നിലനില്ക്കുക തന്നെ ചെയ്യും.*

വിവിധ നൂറ്റാണ്ടുകളിലെ ക്രൈസ്തവ നരവംശശാസ്ത്രം, ഐക്കണോഗ്രഫി, മാർത്തെരിയോളജി, സഭാത്മകസ്വത്വം എന്നിവയെക്കുറിച്ചുള്ള സൂചകങ്ങൾ ഉൾക്കൊള്ളുന്ന വയാണ് കാറ്റക്കോമ്പുകൾ.

മറ്റൊരു പ്രധാന സ്ഥലം വി. സെബസ്ത്യാനോസിന്റെ കാറ്റക്കോമ്പാണ്. ഇതിപ്പോഴും ഒരു പ്രധാന തീർഥാടനകേന്ദ്രമായി നിലകൊള്ളുന്നു. കാറ്റക്കോമ്പസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്നതും, ആദിമകാലം മുതലേ ഒരേ വിശുദ്ധന്റെ പേരിൽ അറിയപ്പെടുന്നതുമായ കാറ്റക്കൊമ്പ് ഇതുമാത്രമാണ്. മതപീഡന കാലത്ത് വി. പത്രോസിന്റെയും വി. പൗലോസിന്റെയും തിരുശേഷിപ്പുകൾ താത്കാലികമായി മറച്ചുവെക്കാൻ തീരുമാനിച്ചപ്പോൾ അതിനു തെരഞ്ഞെടുക്കപ്പെട്ട സ്ഥലവും ഇതായിരുന്നു. അങ്ങനെ ഇത് translatio reliquiarum (തിരുശേഷിപ്പുകളുടെ സ്ഥാനമാറ്റം നടന്ന സ്ഥലം) ആയി മാറി.

റോമിലെ ഏറ്റവും വലിയ കാറ്റക്കോമ്പായ ഡൊമിറ്റില്ലയുടെ കാറ്റക്കോമ്പിന് 17 കിലോമീറ്ററിലധികം നീളമുണ്ട്. ഇവിടെ വി. നെരിയുസ്, വി. അക്കില്ലിയസ് എന്നിവർക്കു സമർപ്പിച്ച ഒരു ഭൂഗർഭ ബസിലിക്കയും കാണാം. വലുപ്പംകൊണ്ടു മാത്രമല്ല, ലോകമെങ്ങും ഇന്നു പ്രചരിച്ചിരിക്കുന്ന 'നല്ല ഇടയൻ,' 'യഹൂദ വിരുന്നു മേശ' എന്നിവ സൂചിപ്പിക്കുന്ന പുരാതന ചുവർചിത്രങ്ങളുടെ ഒറിജിനൽ ചിത്രീകരണങ്ങളും ഇവിടെയാണുള്ളത്.

വിയ സലാറിയയിൽ സ്ഥിതിചെയ്യുന്ന പ്രിസില്ലയുടെ കാറ്റക്കോമ്പിനെ 'കാറ്റക്കോമ്പുകളുടെ രാജ്ഞി' എന്നു വിളിക്കുന്നു. പഴമയും, സംസ്കരിക്കപ്പെട്ട രക്തസാക്ഷികളോടുള്ള ബഹുമാനവും ഇതിനു കാരണമായി പറയാറുണ്ട്. പുരാതന മരിയൻ ചിത്രകലയ്ക്കു പേരുകേട്ടതാണ് ഈ കാറ്റക്കോമ്പ്. പരിശുദ്ധ കന്യകാമറിയത്തിന്റെയും ഉണ്ണീശോയുടെയും ഏറ്റവും പഴക്കമേറിയ ചുവർചിത്രം സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്. യുവ രക്തസാക്ഷിയായ വി. ആഗ്നസിന്റെ കല്ലറ സ്ഥിതിചെയ്യുന്ന ഈ കാറ്റക്കോമ്പ്, കന്യകാരക്തസാക്ഷിത്വവുമായി ബന്ധപ്പെട്ടും വളരെയേറെ പ്രശസ്തി നേടിയിരിക്കുന്നു.

**കാറ്റക്കോമ്പുകളിലേക്ക് എത്തിച്ചേരാൻ**

ഇന്ന് അവശേഷിക്കുന്ന കാറ്റക്കോമ്പുകൾ പ്രധാനമായും പുരാതന റോമാനഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലാണുള്ളത്. നഗരഭിത്തിക്കുള്ളിൽ മൃതസംസ്കാരം അനുവദിക്കാതിരുന്ന റോമാക്കാരുടെ നിയമങ്ങൾ മൂലമാകാം നഗരത്തിനു വെളിയിൽ ഇപ്രകാരമുള്ള ക്രമീകരണം ഉടലെടുത്തതെന്നു തോന്നുന്നു. റോമാനഗരത്തിൽനിന്ന് പുറത്തേക്കു നീളുന്ന കോൺസുലാർ പാതകളിലായി ഇവയെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നത് അതിനു തെളിവാണ്. വിയ ആപ്പിയ, വിയ ഓസ്റ്റിയൻസെ, വിയ സലാറിയ, വിയ നോമെന്റാന എന്നിവ ഉദാഹരണം. ഒരിക്കൽ റോമാ സാമ്രാജ്യത്തിലെ ആശയവിനിമയത്തിന്റെയും വാണിജ്യത്തിന്റെയും ധമനികളായിരുന്ന ഈ പാതകളെല്ലാം, പുരാതന ക്രിസ്തുമതത്തിന് രക്തസാക്ഷിത്വത്തിന്റെയും പവിത്രമായ ഓർമകളുടെയും വിശുദ്ധ ഭൂമികയായി മാറി.

ഇന്നത്തെ തീർഥാടകർക്ക് ഇവയിൽ പലതിലും പ്രവേശിക്കാൻ സാധിക്കുമെന്നത് ചരിത്രത്തിന്റെ വലിയൊരനുഗ്രഹമാണ്; പ്രത്യേകിച്ച്, വിയ ആപ്പിയ ആന്റിക്കയിലുള്ള സാൻ കലിസ്റ്റോയിലും സാൻ സെബാസ്റ്റിയാനോയിലും. പൊന്തിഫിക്കൽ കമ്മീഷൻ ഫോർ സേക്രഡ് ആർക്കിയോളജി (Pontifical Commission for Sacred Archaeology) ഇവയുടെ സംരക്ഷണം നടത്തുന്നു. പുരാവസ്തു പൈതൃകമെന്നതിനൊപ്പം പവിത്രമായ കേന്ദ്രമെന്ന നിലയിലും അവയുടെ സമഗ്രസംരക്ഷണത്തിൽ കമ്മീഷൻ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടുംകൂടിയാണ് ചുവർചിത്രങ്ങളുൾപ്പെടെ എല്ലാം സംരക്ഷിക്കുന്നത്.




**തീർഥാടകന് ഓർമകളുടെ വിരുന്ന്**

ഒരു കത്തോലിക്കാ തീർഥാടകന് കാറ്റക്കോമ്പുകൾ വെറും ചരിത്രകേന്ദ്രങ്ങളല്ല; loci theologici ആണ്. അതായത്, പ്രാർഥനയിലൂടെയും ഓർമയിലൂടെയും കല്ലിലൂടെയും ദൈവശാസ്ത്രം ഉരുത്തിരിയുന്ന വിശുദ്ധ സ്ഥലങ്ങൾ. പവിത്രമായ കണ്ടുമുട്ടലുകളുടെ സ്ഥലങ്ങളാണ് കാറ്റക്കോമ്പുകൾ. അവിടെ വിശ്വാസികൾ, വിജയസഭയുമായി മുമ്പേ പോയ രക്തസാക്ഷികളുടെയും വിശുദ്ധരുടെയും സഭയുമായി കൂട്ടായ്മയിൽ ഇണങ്ങിച്ചേരുന്നു.

കാറ്റക്കോമ്പുകളിലേക്കുള്ള തീർഥാടനം അക്ഷരാർഥത്തിൽ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ മർമത്തിലേക്കുള്ള യാത്രയാണ്. ആത്മീയമായും അതുതന്നെയാണ് അർഥം. രക്തമൊഴുക്കി ക്രിസ്തുവിനു സാക്ഷ്യം നല്കിയവരുടെ തിരുശേഷിപ്പുകൾ ഇന്നും ഉൾക്കൊള്ളുന്നതിനാൽ, ആദിമസഭയുടെ ഹൃദയത്തുടിപ്പുകൾ ഒപ്പിയെടുത്തുകൊണ്ടേ ഏതൊരാൾക്കും ഈ വഴിയേ നടക്കാനാവൂ. മാത്രവുമല്ല, കാറ്റക്കോമ്പുകൾ വേദപഠനങ്ങളാൽ സമ്പുഷ്ടമാണ്. ഔപചാരികമായ വിശ്വാസപ്രമാണം നിലവിൽ വരുന്നതിനും എത്രയോ കാലങ്ങൾക്കു മുമ്പ് ഇവിടത്തെ ചുവർചിത്രങ്ങൾ സിംഹഗുഹയിലെ ദാനിയേലിന്റെ വിശ്വാസദാർഢ്യവും, തിമിംഗലത്തിന്റെ വായിൽനിന്നു രക്ഷപ്പെട്ട യോനായുടെ തിരിച്ചറിവും, അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ തീറ്റിപ്പോറ്റിയ ഈശോയുടെ ശക്തിയും സാധാരണക്കാരെ പഠിപ്പിക്കാൻ പാഠപുസ്തകങ്ങളായി മാറി. പുനരുത്ഥാനവും അന്ത്യവിധിയും വിശുദ്ധരുടെ കൂട്ടായ്മയും അക്കാലത്തെ വിശ്വാസികൾ ഉത്തമബോധ്യത്തോടെ ഉൾക്കൊണ്ടത് ഇവിടെയുള്ള ചുവർ ചിത്രങ്ങളുടെ സഹായത്തോടെയാവണം.

കൗദാശിക ദൈവശാസ്ത്രത്തിന്റെ പ്രകടമായ ഭാവങ്ങളും ഇവിടെ കാണാം. വിശുദ്ധരുടെ കബറിടത്തിനു മുകളിൽ ബലിയർപ്പിക്കുന്ന പതിവ് ഇവിടെനിന്നും ആരംഭിച്ചിരിക്കാനാണ് സാധ്യത. ഈ സ്ഥലങ്ങളിൽ പ്രാർഥിക്കുന്ന ഇന്നത്തെ തീർഥാടകർക്ക് പുരാതനസഭയുമായുള്ള ഐക്യത്തിന്റെ ശക്തമായ അനുഭവമുണ്ടാകുമെന്നു തീർച്ച. 'സാക്ഷികളുടെ വലിയ മേഘം' (ഹെബ്രാ. 12:1) ചുറ്റപ്പെട്ട ദൈവാനുഭവത്തിലേക്കായിരിക്കും അവർ പ്രവേശിക്കുന്നത്. ○

പല
വിചാരം

ടി.സി മാത്യു

**പശ്ചിമേഷ്യയിൽ പരസ്പരം അതിർത്തി ഇല്ലാത്ത ഇസ്രയേലും ഇറാനും പോരാടുമ്പോൾ അതിനു പിന്നിലുള്ളത് സാധാരണ യുദ്ധങ്ങളിലെ വിഷയങ്ങളല്ല.**



# യുദ്ധം കഴിഞ്ഞാൽ

ഇസ്രയേൽ-ഇറാൻ യുദ്ധം കഴിയുമ്പോൾ എന്തു പ്രതീക്ഷിക്കാം? ചോദ്യം തന്നെ ശരിയാണോ എന്നു ചോദിക്കണം. എല്ലാ യുദ്ധങ്ങളുടെയും അവസാനം, അടുത്ത യുദ്ധം തുടങ്ങുന്നതു വരെയുള്ള ഇടവേളയുടെ തുടക്കം മാത്രമാണ് എന്നു ചരിത്രം പഠിച്ചവർ പറയും. എങ്കിലും സാധാരണ ജനങ്ങൾ യുദ്ധങ്ങൾക്ക് അന്ത്യം പ്രതീക്ഷിക്കാറുണ്ട്. വെടിനിറുത്തലുകളെ യുദ്ധാവസാനമായി കാണുകയും ചെയ്യും.



**ഇറാൻ അണുബോംബ് നിർമിക്കുന്നതു തടയുക എന്നതാണ് ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹു തുടക്കം മുതൽ പറഞ്ഞിരുന്ന ലക്ഷ്യം.**

## ഇറാന്റെ കൂലിപ്പടകളെ ഒതുക്കി ഇസ്രയേൽ

നേരിട്ടു യുദ്ധം കൂടാതെ ഇസ്രയേലിനെ ഒതുക്കാൻ ഇറാൻ കുറേ വർഷങ്ങളായി ശ്രമിക്കുകയായിരുന്നു. ഇസ്രയേലിനു ചുറ്റും തങ്ങളുടെ നിയന്ത്രണത്തിലുള്ള സൈനികവിഭാഗങ്ങളെ അവർ വളർത്തി. ലബനനിലെ ഹിസ്ബുള്ള, പലസ്തീനിലെ ഹമാസ് എന്നിവ അങ്ങനെ വളർന്നവയാണ്. യെമനിലെ ഹൂതികളെ സൗദി അറേബ്യക്ക് എതിരായി ഇറാൻ വളർത്തിയതാണ്. സിറിയയിൽ ബഷർ അൽ ആസാദിന്റെ ഭരണത്തെ ഇറാൻ താങ്ങി നിർത്തിയതും ഇസ്രയേലിനെ ഒതുക്കാനാണ്.

ആസാദ് ഭരണകൂടം ഇല്ലാതായി. പകരം വന്നവർക്ക് ഇറാനോടു വലിയ മമത ഇല്ല. ഹിസ്ബുള്ളയെ ഇസ്രയേൽ ദുർബലമാക്കി. കാര്യമായി ഒന്നും ചെയ്യാൻ അവർക്ക് ഇപ്പോൾ പറ്റില്ല. പേജറുകളും മൊബൈലുകളും പൊട്ടിത്തെറിച്ച് ഹിസ്ബുള്ള ഭടന്മാരിൽ നല്ലൊരു പങ്ക് കൊല്ലപ്പെട്ടത് ഇസ്രയേലിന്റെ ഒരു അപ്രതീക്ഷിത ആക്രമണതന്ത്രത്തിലാണ്. ഹിസ്ബുള്ളയുടെ ഒട്ടേറെ ഉന്നതരെ സൂക്ഷ്മതയാർന്ന മിസൈൽ, ഡ്രോൺ ആക്രമണങ്ങളിൽ വകവരുത്തി.

ഹമാസിനെ രണ്ടു വർഷമായി തുടരുന്ന പോരാട്ടംകൊണ്ട് തീരെ ദുർബലമാക്കി. എങ്കിലും അവർ ഇപ്പോഴും ചില്ലറ ആക്രമണങ്ങൾക്കു കഴിവുള്ളവരാണ്. കഴിഞ്ഞ ദിവസങ്ങളിൽ അവർ ഇസ്രയേലിലേക്കു മിസൈലുകൾ പായിച്ചിരുന്നു.

2023 ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രയേലിലെ ഒരു നൈറ്റ് ക്ലബിൽ നടത്തിയ ആക്രമണമാണ് അവർക്കെതിരേ പോര് തുടങ്ങാൻ ഇസ്രയേലിനു പ്രേരകമായത്. ആ ആക്രമണം നടത്തിയതിൽ ഹമാസിനും ഇറാനും വലിയ ചില ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു എന്നാണ് ഇസ്രയേൽ കരുതുന്നത്. സൗദി അറേബ്യയും ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നതിനുള്ള അണിയറനീക്കങ്ങൾ വിജയത്തോട് അടുത്തപ്പോഴായിരുന്നു ആക്രമണം. സൗദി-ഇസ്രയേൽ ബന്ധം തങ്ങൾക്ക് എതിരായ സഖ്യമാകും എന്നറിയാവുന്നതാണ് അതു പൊളിക്കാനുള്ള നീക്കത്തിന് ഇറാനെ പ്രേരിപ്പിച്ചത്. ഇസ്രയേൽ ഹമാസിനെതിരേ യുദ്ധം പ്രഖ്യാപിച്ചു. പിന്നാലെ ഹൂതികൾക്കെതിരേ യുഎസുമായി ചേർന്ന് ആക്രമണവും തുടങ്ങി. ഹൂതികൾക്കു വലിയ ആൾനാശവും നേതൃത്വനഷ്ടവും സംഭവിച്ചു. ഇപ്പോൾ ഒറ്റപ്പെട്ട സംഭവങ്ങളിലൂടെ അസ്തിത്വം അറിയിക്കുന്ന ഗറില്ലാസംഘമായി അതു ചുരുങ്ങി.

ഹമാസിനു വലിയ ആഘാതം നേരിട്ടെങ്കിലും അവർക്ക് ഇപ്പോഴും പുതിയ പോരാളികളെ ലഭിക്കുന്നുണ്ട്. പഴയ സൈനികവിഭാഗത്തിന്റെ മെലിഞ്ഞ പ്രതിരൂപമാണെങ്കിലും, പലസ്തീനിലും പുറത്തുമുള്ള പിന്തുണ അവരെ നിലനിർത്തുന്നു. ഇങ്ങനെ തങ്ങൾക്കു ചുറ്റുമുള്ള എതിർസേനാവിഭാഗങ്ങളെ ഒതുക്കിയ ശേഷമാണ് ഇസ്രയേൽ ഇറാനെതിരെ പോരിനിറങ്ങിയത്.

പശ്ചിമേഷ്യയിൽ പരസ്പരം അതിർത്തി ഇല്ലാത്ത ഇസ്രയേലും ഇറാനും പോരാടുമ്പോൾ അതിനു പിന്നിലുള്ളത് സാധാരണ യുദ്ധങ്ങളിലെ വിഷയങ്ങളല്ല. ഭൂമിയോ അതിർത്തിയോ അല്ല വിഷയം. ഇസ്രയേൽ പറയുന്നു, തങ്ങളെ ഉന്മൂലനം ചെയ്യാൻ ഒരുങ്ങുന്ന ഭീഷണമായ ശക്തിയെ ചെറുക്കുകയാണു തങ്ങൾ എന്ന്. ഇറാനാകട്ടെ, തങ്ങൾ സമാധാനപരമായി നടത്തുന്ന ആണവഗവേഷണങ്ങളുടെ പേരിൽ അന്യായമായ ആക്രമണം നേരിടുന്നു എന്നും.

ഒന്നു തീർച്ചയാണ്. ഇതു സാധാരണ യുദ്ധമല്ല. അതിനാൽ യുദ്ധത്തിന്റെ അന്ത്യവും വ്യത്യസ്തമാകും.

### നാലു സാധ്യതകൾ

ഇസ്രയേൽ-ഇറാൻ യുദ്ധത്തിന് ചില അവസാനചിത്രങ്ങൾ ഭാവനയിൽ വരയ്ക്കാൻ കഴിയും.

ചിത്രം ഒന്ന്: ഇറാൻ ആണവകാര്യത്തിൽ സന്ധി ഉണ്ടാക്കുന്നു. അണുബോംബ് നിർമാണം ഉപേക്ഷിക്കാം. അണുബോംബ് ഉണ്ടാക്കാൻ തക്കവിധം യുറേനിയം സമ്പുഷ്ടീകരിക്കാനുള്ള സംവിധാനങ്ങൾ വേണ്ടെന്നു വെക്കാം.

ആയത്തുള്ളമാരുടെ ഇസ്‌ലാമികഭരണം തുടരും. ഇപ്പോഴത്തെ ഭരണകൂടം ഇങ്ങനെയൊരു കീഴടങ്ങലിനു തയാറാകുമെന്നു കരുതാനാവില്ല.

ചിത്രം രണ്ട്: ടെഹ്റാനിലെ ഭരണം മാറുന്നു. ഷിയാ മതാധികാരികളെ (ആയത്തുള്ളമാർ) പുറത്താക്കി ഏതെങ്കിലും സൈനികഗ്രൂപ്പ് ഭരണം പിടിക്കുന്നു. അവർ അണുബോംബ് പദ്ധതി ഉപേക്ഷിക്കുന്നു.

ആഗ്രഹംപോലെ എളുപ്പമല്ലിത്. അതു സംഭവിച്ചാൽ തുടർന്ന് അധികാരമത്സരവും അട്ടിമറികളും ഉണ്ടാകും. സൈന്യത്തിൽ അങ്ങനെ സ്വീകാര്യതയുള്ള രണ്ടാംനിര ഇല്ലെന്ന വിഷയവും ഉണ്ട്.

ചിത്രം മൂന്ന്: ഇറാനിലെ രാജവംശത്തെ പുനരവരോധിക്കുക. 1979ൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഷാ മുഹമ്മദ് റേസാ പഹ്‌ലവിയുടെ മൂത്തപുത്രൻ റേസാ പഹ്‌ലവി അമേരിക്കയിൽ ഒരു ഇറാനിയൻ പ്രതിരോധ ഗ്രൂപ്പിന് (നാഷണൽ കൗൺസിൽ ഓഫ് ഇറാൻ) രൂപം നല്കിയിട്ടുണ്ട്. 1960ൽ ജനിച്ച റേസ 1967ൽ പിതാവിന്റെ സ്ഥാനാരോഹണവേളയിൽ കിരീടാവകാശിയായി ഉയർത്തപ്പെട്ടതാണ്. ഇദേഹത്തെ അവരോധിച്ചു രാജവാഴ്ച തിരികെ കൊണ്ടുവരിക എളുപ്പമായിരിക്കില്ല. നൂറു ദിവസത്തെ ഇടവേളയിൽ ജനാധിപത്യഭരണം ഉണ്ടാക്കാം എന്നാണു റേസാ

## കാലം മാറി, എണ്ണവിലയിലെ ആശങ്ക മാറി

പശ്ചിമേഷ്യയിലെ ഈ യുദ്ധം ചില പുതുമകൾ ലോകത്തെ ബോധ്യപ്പെടുത്തി. പശ്ചിമേഷ്യയിലെ യുദ്ധം ഉടനെ ഇന്ധനക്ഷാമം ഉണ്ടാക്കും, ക്രൂഡ് ഓയിൽ വില കുതിച്ചു കയറും എന്നൊക്കെ മുൻകാലത്തു കരുതിയിരുന്നു. ആ സാഹചര്യം മാറി.

ഇറാൻ ലോകത്തിലെ ഏഴാമത്തെ വലിയ എണ്ണ ഉത്പാദകരാണ്. പ്രതിദിന ഉത്പാദനം 40 ലക്ഷം വീപ്പ. ഇറാൻ 20 ലക്ഷം വീപ്പയിൽ കൂടുതൽ പ്രതിദിനം കയറ്റുമതി ചെയ്യുന്നു. പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടന(ഒപെക്)യിൽ മൂന്നാം സ്ഥാനത്താണ് ഇറാൻ. എന്നാൽ ആ സംഘടനയിൽ പെടാത്ത അമേരിക്ക, റഷ്യ, കാനഡ, ചൈന എന്നീ രാജ്യങ്ങളിൽ ഇപ്പോൾ കൂടുതൽ ഉത്പാദനം നടക്കുന്നുണ്ട്. ലോക ക്രൂഡ് ഓയിൽ ഉത്പാദനത്തിൽ ഒപെക് പങ്ക് 40 ശതമാനം മാത്രമായി ചുരുങ്ങി.

ഇറാന്റെ എണ്ണകേന്ദ്രങ്ങളും പൈപ്പ് ലൈനുകളും തുറമുഖങ്ങളും തകർത്ത് അവിടെനിന്നുള്ള ക്രൂഡ് ഓയിൽ കിട്ടാതായാൽ ലോകം നേരിടുന്ന കമ്മി പ്രതിദിനം 20 മുതൽ 30 വരെ ലക്ഷം വീപ്പയാണ്. 25 ലക്ഷം വീപ്പ ഉത്പാദനശേഷി മിച്ചമുള്ള സൗദി അറേബ്യക്ക് തനിയേ ആ കുറവ് നികത്താനാകും.

1980-88 കാലത്ത് ഇറാൻ-ഇറാഖ് യുദ്ധം നടന്നപ്പോൾ ഇതായിരുന്നില്ല നില. ഒപെകിനു പുറത്ത് ഇത്രയും ഉത്പാദനശേഷി ഇല്ലായിരുന്നു. അതുമൂലം എണ്ണവില മൂന്നു മടങ്ങ് വർധിച്ചു. 1978ലെ 14 ഡോളറിൽനിന്ന് 1981ലെ 46 ഡോളറിലേക്ക് ഒരു വീപ്പ എണ്ണയുടെ വില കുതിച്ചുകയറി. ഇന്ന് അത്ര വലിയ കയറ്റം ആരും പ്രതീക്ഷിക്കുന്നില്ല. വീപ്പയ്ക്ക് 70 ഡോളറിനടുത്തു നില്ക്കുന്ന വില 100 ഡോളറും 125 ഡോളറും ആകുന്നതു മാത്രമാണ് വിപണി പ്രതീക്ഷിക്കുന്നത്.

ഹോർമുസ് കടലിടുക്കിലൂടെയുള്ള എണ്ണനീക്കം തടയുന്ന സാധ്യത പലരും ഉന്നയിക്കാറുണ്ട്. 167 കിലോമീറ്റർ നീളവും 36 മുതൽ 97 വരെ കിലോമീറ്റർ വീതിയുമുള്ള ജലപാത അടയ്ക്കാൻ 2012ലും 2018ലും ഇറാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഇത് അടയ്ക്കാനുള്ള ശേഷി ഇറാന് ഉണ്ടെന്നു സമ്മതിച്ചാൽ തന്നെ, അതു തടയാൻ ഗൾഫിലുള്ള അമേരിക്കൻ നാവികപ്പടയ്ക്കു കഴിയും എന്ന വസ്തുതയും ഉണ്ട്.

1980ൽ നിന്ന് 2025ൽ എത്തിയപ്പോഴേക്കും കാര്യങ്ങൾ ഒത്തിരി മാറി. അന്നത്തെ വലിയ ഇറക്കുമതിക്കാരിൽപ്പെട്ട അമേരിക്കയും റഷ്യയും മറ്റും ഇന്നു കയറ്റുമതിക്കാരാണ്. അന്ന് എണ്ണ കണ്ടെത്താതിരുന്ന പല രാജ്യങ്ങളും ഇന്ന് എണ്ണയാൽ സമ്പന്നമാണ്. അതു വിലക്കയറ്റ ഭീഷണിക്കും ശമനം വരുത്തുന്നു. നാലു പതിറ്റാണ്ടു മുമ്പത്തെ കോളിളക്കം യുദ്ധംമൂലം എണ്ണവിപണിയിൽ വരികയില്ല എന്ന് ആശ്വസിക്കാം.



**സൗദി അറേബ്യയും ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നതിനുള്ള അണിയറനീക്കങ്ങൾ വിജയത്തോട് അടുത്തപ്പോഴായിരുന്നു 2023 ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രയേലിൽ ആക്രമണം നടത്തിയത്.**

വാഗ്ദാനം ചെയ്യുന്നത്. അമേരിക്കയ്ക്കും ഇസ്രയേലിനും റേസയെ ഇഷ്ടമായേക്കാം. പക്ഷേ ഇറാൻകാർ ഇഷ്ടപ്പെടുമോ എന്നത് കണ്ടറിയേണ്ട വിഷയം.

ചിത്രം നാല്: അഫ്ഗാനിസ്ഥാൻ മുതൽ ലിബിയ വരെ, പാശ്ചാത്യശക്തികൾ ഇടപെട്ട് സ്വേഛാധിപത്യ-മത-സൈനിക ഭരണകൂടങ്ങളെ മാറ്റിയ സ്ഥലങ്ങളൊക്കെ അരാജകത്വത്തിലേക്കോ തീവ്രവാദ ഗ്രൂപ്പുകളുടെ പിടിയിലേക്കോ വീഴുന്നതാണു കണ്ടിട്ടുള്ളത്. പ്രാചീന ശിലായുഗം മുതൽ മനുഷ്യവാസം ഉണ്ടായിരുന്നതും, നാഗരികതയുടെ പിള്ളത്തൊട്ടിലുകളിൽ ഒന്ന് എന്നു വിശേഷിപ്പിക്കപ്പെടുന്നതുമായ ഇറാൻ അങ്ങനെയൊന്നിലേക്കു വീഴുമോ?

## അണുബോംബിനു പിന്നാലെ

എന്തിനാണ് ഈ യുദ്ധം? ഇറാൻ അണുബോംബ് നിർമിക്കുന്നതു തടയുക എന്നതാണ് ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹു തുടക്കം മുതൽ പറഞ്ഞിരുന്ന ലക്ഷ്യം. പിന്നീട് ഇറാനിലെ ഭരണകൂടത്തെ മാറ്റണം എന്നതിലേക്കായി. അതിനു കാരണമുണ്ട്. പഹ്‌ലവി വംശത്തിലെ ഷാ റേസാ മുഹമ്മദ് പഹ്‌ലവിയെ പുറത്താക്കി ഷിയാ മുസ്‌ലിംപുരോഹിതരുടെ നേതൃത്വത്തിലുള്ള സംഘം 1979ൽ ഭരണം പിടിച്ചു. അന്നു ഷായെ സഹായിച്ചിരുന്നത് അമേരിക്കയും ഇസ്രയേലുമാണ്. 1953ൽ ജനകീയനായ ഇടതുപക്ഷ നേതാവ് മുഹമ്മദ് മൂസാദേയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ അട്ടിമറിച്ചാണു ഷായുടെ സ്വേഛാധിപത്യത്തിലേക്ക് ഇറാൻ എത്തിപ്പെട്ടത്. അതിനു താങ്ങായി നിന്ന ഇസ്രയേലിനെ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റുമെന്ന് ഇറാന്റെ ഭരണനേതൃത്വം പിടിച്ച ആയത്തുള്ള റുഹൊള്ള ഖുമൈനി പ്രതിജ്ഞയെടുത്തു. ഖുമൈനിയുടെ പിൻഗാമിയായി 1984 മുതൽ പരമോന്നത നേതാവായി കഴിയുന്ന ആയത്തുള്ള അലി ഖമനേയിയും ഇസ്രയേലിനെ ഇല്ലാതാക്കൽ ലക്ഷ്യമായി നിലനിർത്തി. അതുകൊണ്ടു തന്നെ ഇറാന്റെ ആണവമോഹം തങ്ങൾക്കു ഭീഷണിയായി ഇസ്രയേൽ കാണുന്നു.

ഇറാൻ അണ്വായുധശക്തിയാകുന്നത് തടയാൻ തുടക്കം മുതലേ ഇസ്രയേൽ ശ്രമിക്കുന്നു. ആണവപദ്ധതിയുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെ ഒറ്റയ്ക്കൊറ്റയ്ക്കു വധിക്കുന്നതു മുതൽ ഇറാന്റെ ആണവകേന്ദ്രങ്ങളിൽ സ്ഫോടനങ്ങൾ

നടത്തുന്നതുവരെ അതു നീണ്ടു. പക്ഷേ പാശ്ചാത്യവിരുദ്ധ ശക്തികളുടെ രഹസ്യവും പരസ്യവുമായ സഹായത്തോടെ ഇറാൻ ലക്ഷ്യത്തിനു വളരെ അടുത്തുവരെ എത്തി.

## അന്തിമഘട്ടത്തിൽ

ഇറാന്റെ അണുബോംബ് നിർമാണയജ്ഞം അന്തിമഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നു പറഞ്ഞാണ് നെതന്യാഹു ജൂൺ 13ന് ആക്രമണം തുടങ്ങിയത്. നതാൻസിലും ഫോർദോയിലും ഇസ്ഫഹാനിലും ഉള്ള ആണവ ഗവേഷണകേന്ദ്രങ്ങളും യുറേനിയം സമ്പുഷ്ടീകരണപ്ലാന്റുകളും അണുബോംബിനു വേണ്ട നിലയിലേക്ക് സമ്പുഷ്ടീകരണം നടത്തുന്നവയാണ്. നതാൻസിൽ യുറേനിയം 65 ശതമാനം വരെയും ഫോർദോയിൽ 90 ശതമാനം വരെയും സമ്പുഷ്ടീകരിക്കാം എന്നാണു റിപ്പോർട്ടുകൾ. വൈദ്യുത നിലയങ്ങൾക്ക് അഞ്ചു ശതമാനം സമ്പുഷ്ടീകരണം മതി. നതാൻസിലെ നിലയത്തിന്റെ ഭൂമിക്കു മുകളിലും ഭൂഗർഭത്തിലുമുള്ള സംവിധാനങ്ങൾ തകർത്തു എന്നാണ് ഇസ്രയേൽ പറയുന്നത്. അന്താരാഷ്ട്ര ആണവോർജ ഏജൻസി (ഐഎഇഎ) ആദ്യം ഇതു സമ്മതിച്ചില്ലെങ്കിലും പിന്നീടു സമ്മതിച്ചു. ഇസ്ഫഹാനിലും ഗണ്യമായ നാശംവരുത്തി. ഈ പ്ലാന്റ് എന്താണു ചെയ്യുന്നത് എന്നു വ്യക്തമല്ല. ബൂഷേറിലെ ഹെവി വാട്ടർ റിയാക്ടർ കോംപ്ലക്സിലും സമ്പുഷ്ടീകരണം നടക്കുന്നതായി കരുതപ്പെടുന്നു. മറ്റൊരു രഹസ്യകേന്ദ്രംകൂടി സമ്പുഷ്ടീകരണത്തിന് ഉപയോഗിക്കാൻ തയാറാകുന്നതായി റിപ്പോർട്ടുണ്ട്. അത് ഫൊണ്ടാപിനടുത്ത് അറാകിലുള്ള ഹെവി വാട്ടർ കോംപ്ലക്സ് ആണെന്നു കരുതപ്പെടുന്നു. കഴിഞ്ഞ ദിവസം അതും ഇസ്രേലി ആക്രമണത്തിന് ഇരയായി.

300 അടിയോളം പാറയ്ക്കു താഴെ പണിതിരിക്കുന്ന ഫോർദോ നിലയം ഇതുവരെയും ഇസ്രേലി ആക്രമണത്തിനു വഴങ്ങിയിട്ടില്ല. ബങ്കർ ബസ്റ്റർ എന്നു വിളിക്കുന്ന ജിബിയു 7 അഥവാ മാസീവ് ഓർഡനൻസ് പെനട്രേറ്റർ ബോംബ് വേണം അതിന്. 13.6 ടൺ ഭാരമുള്ള ഇതു പ്രയോഗിക്കാൻ ബി-2 ബോംബർ വിമാനം വേണം. രണ്ടും ഇസ്രയേലിന് ഇല്ല. അമേരിക്കയ്ക്കു മാത്രമേ അവയുള്ളൂ. അമേരിക്ക യുദ്ധത്തിൽ പങ്കാളിയായാൽ അതു കിട്ടുമെന്ന് ഇസ്രയേലിന് അറിയാം.

## അറിവിനെ ഇല്ലാതാക്കാമോ?

ഫോർദോ തകർത്താലും ഇറാൻ അണ്വായുധ പരിപാടി ഉപേക്ഷിക്കും എന്നു കരുതാൻ നിർവാഹമില്ല. ബോംബ് ഉണ്ടാക്കാൻ വേണ്ട ശാസ്ത്ര സാങ്കേതികജ്ഞാനം ഇറാനുണ്ട്. സംവിധാനങ്ങൾ ഒരുക്കാൻ അവർക്ക് സഹായം കിട്ടുന്നുമുണ്ട്. അപ്പോൾ യുദ്ധംവഴി കുറേ പ്ലാന്റുകൾ തകർത്താലും പ്രശ്നം തീരില്ല എന്നു കരുതുന്നവർ ധാരാളം. എങ്കിലും നെതന്യാഹുവും മറ്റും നശീകരണംകൊണ്ടു ഫലമുണ്ടാകും എന്നു കരുതുന്നു. അതു കൂടുതൽ ഭദ്രമാക്കാനാണ് ഭരണമാറ്റത്തിനായി ശ്രമിക്കുന്നത്. 95 ശതമാനവും ഷിയാ മുസ്ലിംകൾ ആയ ഒൻപതു കോടിയിൽ പരം ജനങ്ങളുള്ള ഇറാനിൽ ബോംബ് വേണ്ടെന്നു പറഞ്ഞ് ഭരണം നടത്താൻ ആർക്കെങ്കിലും പറ്റുമോ എന്നതു വേറൊരു വലിയ ചോദ്യമാണ്. കൈയിൽ എത്തുമായിരുന്ന അണ്വായുധം തട്ടിക്കളഞ്ഞ ഇസ്രയേ


ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

July 1



ഒരു വിശ്വാസി
ചാഞ്ഞോടി



### വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 July | - 14,15,16 (Chry) | - Booking going on |
| | - 28,29,30 (Chry) | - Booking going on |
| 2025 August | - 9,10,11 (Zion) | - Booking going on |
| | - 25,26,27 (Chry) | - Booking going on |
| 2025 September | - 1,2,3 (Zion) | - Booking going on |
| | - 15,16,17 (Chry) | - Booking going on |
| | - 30,Oct 1,2 (Zion) | - Booking going on |

*അന്വേഷണങ്ങൾക്ക്*

ഫോൺ - **0481 2424476** സമയം - 11 am to 5 pm



### പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം

(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ

**ജൂലൈ 27,28,29,30**

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക

ഫോൺ - 8086399023, 9495107045

## മത്തി

**ഫുഡ് കോർണർ**
അനില തോമസ്

മത്തിക്കറി കഴിച്ച് കൈകഴുകിയാലും മണം പോകില്ല. അതുകൊണ്ടല്ലേ ചിലരെങ്കിലും അതു കഴിക്കാൻ മടിക്കുന്നത്. എന്നാൽ നിരവധി ഗുണങ്ങൾ അടങ്ങിയിരിക്കുന്ന ആരോഗ്യകരമായ മത്സ്യയിനമാണ് മത്തി. പ്രോട്ടീൻ, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവ ധാരാളം മത്തിയിലുണ്ട്. അതു സ്ഥിരമായി കഴിച്ചാൽ ചർമം മിനുസമുള്ള താകും. രക്തം കട്ടപിടിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവായി കിട്ടും. കൊളസ്ട്രോൾ കുറയ്ക്കാനും, എല്ലുമായി ബന്ധപ്പെട്ട അസുഖങ്ങൾക്കും മത്തി മികച്ച പരിഹാരവും പ്രതിരോധമാർഗവുമാണ്. കുട്ടികൾക്ക് സ്ഥിരമായി മത്തികൊടുത്താൽ അതവരുടെ തലച്ചോർ വികസിക്കാൻ ഇടയാക്കും. അമിതവണ്ണമുള്ള കുട്ടികളുടെ തടി കുറയാനും മത്തി നല്ലതാണ്. വിറ്റാമിൻ ബി, വിറ്റാമിൻ ഡി, കാൽസ്യം, സെലെനിയം തുടങ്ങിയവ മത്തിയിൽ ധാരാളമായി അടങ്ങിയിട്ടുള്ളതിനാൽ അവയ്ക്കു രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ കഴിയുമെന്ന് പഠനങ്ങൾ പറയുന്നു. ഒരു മത്തിയിൽ മാത്രം 23 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുണ്ടത്രേ. തന്മൂലം മത്തി അവജ്ഞയോടെ തള്ളിക്കളയേണ്ട ഭക്ഷ്യവിഭവമല്ല, ആഗ്രഹത്തോടെ ദിവസവും കഴിക്കേണ്ട പോഷകാഹാരമാണ്.



ലിന്റെയും അമേരിക്കയുടെയും കൂടെ നിൽക്കുന്ന ഭരണകൂടത്തിന് എന്തു സ്വീകാര്യത ലഭിക്കും എന്നതു കണ്ടറിയണം.

### സങ്കീർണ ചരിത്രത്തിന്റെ ബാക്കി

പേർഷ്യക്കാരും പാർഥിയാക്കാരും മേദിയക്കാരും എലാമ്യരും എല്ലാം വസിച്ചിരുന്ന പ്രദേശമാണ് ഇന്ന് ഇറാൻ ആയി മാറിയത്. മാറിമാറി വന്ന മേദിയൻ, എക്കിമെനിയൻ, സെലൂക്കിയൻ, പാർഥ്യൻ, സസാനിയൻ സാമ്രാജ്യങ്ങളുടെ കഥ പറയുന്ന ഇറാനിൽ ജനിച്ചു വളർന്ന സൊറാസ്ട്രിയൻ മതത്തെ പില്കാലത്ത് ഷിയാ ഇസ്‌ലാം കീഴടക്കി. ഇറാനിൽ ഉണ്ടായിരുന്ന യഹൂദ, ക്രൈസ്തവ വിഭാഗങ്ങളും ഇസ്ലാമിക് അധിനിവേശത്തിൽ പീഡനങ്ങൾ ഏറ്റുവാങ്ങി. മൂന്നു വിഭാഗങ്ങളെയും രാജ്യത്തു മതന്യൂനപക്ഷങ്ങളായി ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. പാർലമെന്റിൽ അവർക്കു സംവരണവും ഉണ്ട്.

ഇങ്ങനെയൊരു സങ്കീർണപാരമ്പര്യമുള്ള രാജ്യമാണ് ഇപ്പോൾ അനിശ്ചിതഭാവിയെ നേരിടുന്നത്. നിലനില്പിനായി പോരാടുന്ന ഇസ്രയേലിനോ, വിദേശശക്തിയായ അമേരിക്കയ്ക്കോ തനിയേ പരിഹാരം കാണാവുന്നതല്ല ഇറാന്റെ ഭാവിയുടെ വിഷയം.

### തോൽവി റഷ്യയുടെയും

കരസേനയുടെയും ടാങ്കുകളുടെയും പീരങ്കികളുടെയും ഇടപെടൽ ഇല്ലാതെ നടക്കുന്ന ഇപ്പോഴത്തെ യുദ്ധം പുതുമകൾ അവതരിപ്പിച്ചതിനൊപ്പം ചില വലിയ മാറ്റങ്ങൾക്കും വഴിതുറക്കുന്നുണ്ട്. ഇറാൻ പരാജയപ്പെടുന്ന സാഹചര്യം റഷ്യയുടെ പശ്ചിമേഷ്യയിലെ അവസാന പങ്കാളിയുടെകൂടി പരാജയമാകും. റഷ്യയുടെ പഴയ ഉപഗ്രഹങ്ങളാണ് ഇറാന്റെ രണ്ടു വശത്തുള്ളത്. പക്ഷേ സിറിയയ്ക്കു പിന്നാലെ ഇറാനെയും സംരക്ഷിച്ചു നിർത്താൻ റഷ്യക്കു കഴിയാതെ വന്നാൽ മധ്യേഷ്യയിലെ ആ പഴയ സോവിയറ്റ് റിപ്പബ്ലിക്കുകൾ റഷ്യയോടുള്ള അടുപ്പത്തിൽ പുനരാലോചന നടത്തി എന്നു വരും.

ഇറാന്റെ പരാജയം സൗദി അറേബ്യക്ക് പശ്ചിമേഷ്യയിലെ പദവി കുറേക്കൂടി ഉന്നതവും ശക്തവുമാക്കും.

ഇതിനൊരു മറുവശമുണ്ട്. ഇറാൻ അടക്കം ശേഷിക്കുന്ന പരാജിതരാഷ്ട്രങ്ങൾ അരാജകത്വത്തിലേക്കു വഴുതി വീഴാം എന്ന അപകടം നിലനില്ക്കുന്നു. ഭീകരസംഘങ്ങളുടെ റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളായി അവ മാറാതിരിക്കാൻ ആരു നേതൃത്വം നല്കും എന്നത് ഉത്തരം കിട്ടാത്ത ചോദ്യമാണ്. ○

ജീവിതം

ജയേഷ് നിരഞ്ജൻ

# എന്റെ എന്റേതു മാത്രം

**പങ്കുവെക്കാനോ പങ്കിടാനോ കഴിയാതെ തനിക്കു മാത്രം അവകാശപ്പെട്ടതാണ് ഈ സ്നേഹമെന്ന രീതിയിൽ നിങ്ങൾ ആരെയെങ്കിലും ചങ്ങലയ്ക്കിടുന്നുണ്ടോ; സ്നേഹിക്കുകയാണെന്ന് അവകാശപ്പെട്ടുകൊണ്ടും, സ്നേഹം കൊണ്ടാണെന്നു ന്യായീകരിച്ചുകൊണ്ടും ഏതെങ്കിലും വ്യക്തിയെ മാനസികമായും ശാരീരികമായും വേദനിപ്പിക്കുന്നുണ്ടോ? എങ്കിൽ ഈ ലേഖനമുൾപ്പെടെ ഇനിയുള്ള കുറിപ്പുകൾ നിങ്ങൾക്കുവേണ്ടിയുള്ളതാണ്. സ്വന്തം സ്നേഹത്തെ ഉരച്ചുനോക്കാനുള്ള ഉരകല്ലാണ് ഈ കുറിപ്പുകൾ.**



'എനിക്ക് ഇനി ഇവിടെ താമസിക്കാൻ കഴിയില്ല. എന്റെകൂടെ ജീവിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ വേറേ പോയേതീരൂ.' ജ്യൂവലിന്റെ ആ വാക്കു കേട്ടപ്പോൾ ഭർത്താവ് ബോബിന് അതിശയം തോന്നി.

'നീയെന്തൊക്കെയാണ് ഇപ്പറയുന്നത്. നമ്മൾ ഇവിടെനിന്നു പോയാൽ അമ്മയുടെ കാര്യം ആരു നോക്കും? അല്ലെങ്കിലും നമുക്ക് ഇവിടെനിന്നു പോകേണ്ട കാര്യമെന്ത്? ഇതു നമ്മുടെ വീടല്ലേ?' ബോബിൻ ചോദിച്ചു.

'അതുതന്നെയാ പ്രശ്നം. ഇവിടെ ജീവിക്കുന്നിടത്തോളം കാലം എനിക്കു

**പരസ്പരം തെറ്റിദ്ധരിക്കപ്പെടുന്ന രണ്ടു വാക്കുകളാണ് സ്നേഹവും പൊസെസീവ്നെസും.**

നിങ്ങളെ കിട്ടില്ല. അമ്മ എല്ലാ കാര്യങ്ങളിലും കേറി ഇടപെട്ട് സ്വസ്ഥതയോടെ ജീവിക്കാൻ നമ്മെ സമ്മതിക്കില്ല.'

'അപ്പോ അമ്മയാണോ പ്രശ്നം?'

'അതെ, അമ്മ തന്നെ.'

'അമ്മയ്ക്കു ഞാനും എനിക്ക് അമ്മയും മാത്രമേ ഉള്ളൂവെന്ന് അറിഞ്ഞിട്ടുതന്നെയല്ലേ നീ ഈ വിവാഹത്തിന് സമ്മതിച്ചത്. എനിക്ക് എട്ടുവയസുള്ളപ്പോ പപ്പാ മരിച്ചതാ. പിന്നെ എനിക്കുവേണ്ടിയായിരുന്നു അമ്മയുടെ ജീവിതം മുഴുവൻ. ആ അമ്മയെ ഉപേക്ഷിച്ച് നിന്റെകൂടെ വരാൻ എനിക്കു പറ്റത്തില്ല.'

'നിങ്ങളെ എനിക്കു മാത്രമായി കിട്ടണമെന്നാ എന്റെ ആഗ്രഹം. അതിന് മറ്റൊരു അവകാശിയും ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് നിങ്ങൾതന്നെ തീരുമാനിച്ചോ, നിങ്ങൾക്ക് അമ്മ വേണോ ഭാര്യ വേണോയെന്ന്.'

* * * * *

'ഞാൻ നിന്നെ ഫോൺ ചെയ്യുമ്പോഴെല്ലാം നീ എൻഗേജ്ഡ് ആയിരുന്നല്ലോ. ആരുമായിട്ടായിരുന്നു സൊള്ളിക്കൊണ്ടിരുന്നത്?' ജെറിൻ കാമുകി സോനയോടു ചോദിച്ചു.

'ഓ, അതെന്റെ ഒരു പഴയ ഫ്രണ്ട് ആയിരുന്നു.'

'ഞാനറിയാതെ നിനക്ക് ഏതു ഫ്രണ്ട്?



**നിങ്ങൾക്ക് നിങ്ങളായി ജീവിക്കാൻ കഴിയാതെവരുന്ന ഏതു ബന്ധത്തിലും ദീർഘകാലം തുടരരുത്. അങ്ങനെ തുടർന്നാൽ നഷ്ടവും നാശവും നിങ്ങൾക്കുതന്നെയായിരിക്കും.**

## സെക്ഷ്വൽ ജെലസി

*പൊസെസീവ്നെസിനെക്കുറിച്ചു പറയുമ്പോൾ പരാമർശിക്കപ്പെടേണ്ട ഒന്നാണ് സെക്ഷ്വൽ ജെലസി. ലൈംഗികകാര്യങ്ങളിൽ ഏർപ്പെടുമ്പോൾ പങ്കാളിയിൽ അവിശ്വസ്തത തോന്നുന്ന അവസ്ഥയാണിത്. സ്ത്രീകളേക്കാൾ പുരുഷന്മാരിലാണ് പൊതുവെ സെക്ഷ്വൽ ജെലസി കൂടുതൽ കാണപ്പെടുന്നതെന്ന് പഠനങ്ങൾ പറയുന്നു. ചില ലക്ഷണങ്ങൾ പറയാം.*

**ടോക്സിക്:** *സെക്ഷ്വൽ ജെലസി വർധിക്കുന്നതിനനുസരിച്ച് ബന്ധം ടോക്സിക് ആയി മാറും. പരസ്പര നാശം മാത്രം ആഗ്രഹിക്കുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുന്ന വിധത്തിലേക്ക് അതു വളരാം. വിരസതയും വിഷാദവും അനുഭവപ്പെടുന്നതും, പങ്കാളിക്കൊപ്പം ചെലവഴിക്കുന്ന സമയം ഉന്മേഷരഹിതമായി തോന്നുന്നതും ഇതിന്റെ ലക്ഷണമാണ്.*

**വാദപ്രതിവാദം:** *എപ്പോഴും ഏതെങ്കിലുമൊക്കെ വിഷയത്തിന്റെ പേരിൽ തർക്കങ്ങൾ ഉടലെടുക്കുന്നതും, പരസ്പരമുള്ള കുറ്റപ്പെടുത്തൽ പതിവായിരിക്കുന്നതും സെക്ഷ്വൽ ജെലസി മൂലമാകാമെന്നു വിദഗ്ധർ പറയുന്നു.*

**കള്ളം:** *പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുക എന്ന ആഗ്രഹം കൊണ്ടാണെങ്കിലും, കള്ളം പറയുന്ന ശീലം വർധിക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം. എപ്പോഴെങ്കിലും കള്ളം പൊളിഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് ഗുരുതരമായിരിക്കും. അതു ദാമ്പത്യബന്ധത്തെ രൂക്ഷമായവിധത്തിൽ ബാധിക്കാം.*

**അമിത ഉത്കണ്ഠ:** *എപ്പോഴും ഉത്കണ്ഠ അനുഭവപ്പെടുന്നതും വൈകാരികപ്രശ്നങ്ങൾ അനുഭവിക്കുന്നതും സെക്ഷ്വൽ ജെലസി മൂലമാകാം.*




രാത്രി പന്ത്രണ്ടുമണിക്കല്ലേ ഫ്രണ്ടുമായി വർത്തമാനം.'

'നീയെന്നതൊക്കെയാ ജെറീ ഇപ്പറയുന്നത്? ഞാൻ ആരോടു സംസാരിച്ചാലും നിനക്കെന്താ?'

'എനിക്കെന്താന്നോ... ഞാൻ നിന്റെ ആരാടീ? നീ ആ ഫോൺ ഇങ്ങു തന്നേ. നീ ആരോടോ കിന്നരിച്ചോണ്ടിരുന്നതെന്ന് എനിക്കറിയണം.'

'എന്റെ ഫോൺ പരിശോധിക്കാൻ നിനക്കെന്തു റൈറ്റാടാ ഉള്ളെ? എനിക്കു സൗകര്യമില്ല ഫോൺ തരാൻ.'

സോനയുടെ കൈയിൽനിന്നു ഫോൺ പിടിച്ചെടുക്കാൻ ജെറിനും, അതു വിട്ടുകൊടുക്കാതിരിക്കാൻ സോനയും ശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഒടുവിൽ സോന ആ ഫോണെടുത്ത് നിലത്തേക്കു വലിച്ചെറിഞ്ഞു.

'ഇനി നീ പരിശോധിക്ക്, ആരോടാ വർത്താനം പറഞ്ഞതെന്ന്.'

പൊട്ടിച്ചിതറി കിടക്കുന്ന ഫോൺ തിരികെ എടുക്കാൻപോലും തുനിയാതെ സോന നടന്നകന്നു. അത് ജെറിയിൽ നിന്നുള്ള അകല്ച കൂടിയായിരുന്നു.

* * * *

വ്യക്തിബന്ധങ്ങളിലും സ്നേഹബന്ധങ്ങളിലും സാധാരണയായി നടക്കുന്ന ചില സംഭവങ്ങളുടെ തനിപ്പകർപ്പാണ് ഈ എഴുതിയതത്രയും. അമ്മയും മരുമകളും തമ്മിലും, ഭാര്യാഭർത്താക്കന്മാർ തമ്മിലും, കാമുകീകാമുകന്മാർ തമ്മിലും മാത്രമല്ല, ഒരേ ലിംഗത്തിൽപ്പെട്ട സുഹൃത്തുക്കൾക്കിടയിൽ വരെ ഇതു സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഘർഷങ്ങൾ ഉടലെടുക്കുന്നതിനു പിന്നിൽ പ്രധാനമായും ഒരു കാരണമേയുള്ളൂ; വ്യക്തികൾക്കിടയിൽ രൂപപ്പെടുന്ന പൊസെസീവ്നെസ്.

പൊസെസീവ്നെസ് എന്ന ഇംഗ്ലീഷ്

## പൊസെസീവ്നെസ് എങ്ങനെ പരിഹരിക്കാം?

- അനാവശ്യമായ സംശയങ്ങൾക്കോ ഒളിഞ്ഞുനോട്ടങ്ങൾക്കോ വഴിതെളിക്കുന്ന സാഹചര്യങ്ങൾ തീർത്തും ഒഴിവാക്കുക.
- ശാന്തമായും വ്യക്തമായും നിങ്ങൾ അനുഭവിക്കുന്നത്-അനുഭവപ്പെടുന്ന വികാരം-എന്താണെന്ന് പങ്കാളിയോടു തുറന്നുപറയുക.
- പങ്കാളിയല്ലാത്ത ആളുകളുമായി ആരോഗ്യകരമായ ബന്ധം മാത്രം സൂക്ഷിക്കുക.
- പങ്കാളിയുടെ വിശ്വാസം സ്വാഭാവികമായി ആർജിച്ചെടുക്കുക.
- സ്വയം നിയന്ത്രിക്കാൻ കഴിയില്ലെന്നോ, തന്റെ സ്വഭാവപ്രത്യേകതകൾ മറ്റുള്ളവർക്കു ദോഷം ചെയ്യുമെന്നോ തോന്നുന്നുണ്ടെങ്കിൽ നല്ലൊരു കൗൺസിലറുടെ സഹായം തേടുക.

## നിങ്ങൾ പൊസെസീവാണോ?

ഒരാൾ പൊസെസീവ് ആണോയെന്ന് എങ്ങനെ അറിയാം? ചില കാര്യങ്ങൾ സൂചിപ്പിക്കാം.

- മറ്റുള്ളവരുടെ സ്നേഹത്തിൽ താൻ എപ്പോഴും ഒന്നാമതായിരിക്കണം എന്ന ആഗ്രഹവും അതിനുവേണ്ടിയുള്ള ബോധപൂർവമായ ശ്രമവും.
- ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കാനുള്ള പാഴ്ശ്രമങ്ങൾ.
- തനിക്കിഷ്ടമുള്ളയാൾ തന്നേക്കാൾ കൂടുതലായി മറ്റാരെയും സ്നേഹിക്കരുതെന്നും, അയാളെ തന്നേക്കാൾ മറ്റാരും സ്നേഹിക്കരുതെന്നുമുള്ള നിർബന്ധം. അങ്ങനെ എന്തെങ്കിലും തോന്നിയാൽ മനസിൽ ഉണ്ടാകുന്ന ക്ഷോഭവും അസ്വസ്ഥതയും.
- ഒരു സമ്മാനം കൊടുക്കുകയാണെങ്കിൽപോലും തന്റേതായിരിക്കണം ഏറ്റവും ബെസ്റ്റ് എന്ന ചിന്ത.
- ബന്ധങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റുമുട്ടലുകൾ; പ്രത്യേകിച്ച് ഏതെങ്കിലും വ്യക്തിയെ ചൊല്ലി (അമ്മായിയമ്മ, സുഹൃത്ത്, സ്വന്തക്കാർ).
- നിയന്ത്രണവിധേയമാക്കാൻ കഴിയാത്തതും അപകടം വരുത്തിവെക്കുന്നതുമായ പെരുമാറ്റങ്ങളും ചിന്തകളും.
- സംശയപ്രകൃതി.
- ഇണ മറ്റൊരാളാൽ കൂടുതൽ അംഗീകരിക്കപ്പെടുകയോ സ്നേഹിക്കപ്പെടുകയോ പ്രശംസിക്കപ്പെടുകയോ ചെയ്യുമ്പോൾ സന്തോഷിക്കാൻ കഴിയാതെവരുന്ന മാനസികാവസ്ഥ.
- പ്രിയപ്പെട്ടവരെ വ്യക്തിയായി കാണാതെ വസ്തുക്കളെപ്പോലെ കാണുന്ന മനോഭാവം.
- ഇണയുടെ സ്വാതന്ത്ര്യം നിഷേധിക്കുക, എല്ലാം തന്റെ ഇഷ്ടത്തിനനുസരിച്ചു ചെയ്താൽ മതിയെന്ന പ്രഖ്യാപനം.

വാക്കിന് ഉടമസ്ഥാവകാശം ഉറപ്പിക്കുക, കൈവശപ്പെടുത്തുക, സ്വന്തമായി സൂക്ഷിക്കുക എന്നൊക്കെ അർഥം. താൻ സ്നേഹിക്കുന്ന വ്യക്തി ഒരുതരത്തിലും മറ്റൊരാളുമായി പങ്കുവെക്കപ്പെടരുതെന്ന് ശാഠ്യമുള്ള അപകടകരമായ മനോഭാവമാണ് പൊസെസീവ്നെസ്.

ആദ്യത്തെ സംഭവമെടുക്കാം.

ചെറുപ്പത്തിലേ വിധവയായ അമ്മ. മകനെ കേന്ദ്രീകരിച്ചാണ് അവരുടെ ജീവിതം. അതിനിടയിൽ മകൻ വിവാഹിതനാകുന്നു. രണ്ടുപേർ മാത്രമുള്ള ജീവിതത്തിലേക്ക് മൂന്നാമതൊരാൾകൂടി കടന്നുവരുന്നു. അതുവരെയുള്ള കുടുംബത്തിന്റെ താളക്രമത്തിന് അതോടെ ചില മാറ്റങ്ങൾ സംഭവിക്കുകയാണ്. തനിക്കു മാത്രം സ്വന്തമായിരുന്ന മകൻ പതുക്കെപതുക്കെ മറ്റൊരു സ്ത്രീയുടെ സ്വന്തമായിത്തീരുന്നത് അമ്മയിൽ അസ്വസ്ഥത സൃഷ്ടിക്കാം.

പിതാവിനെയും മാതാവിനെയുംവിട്ട് ഒരു പുരുഷന്റെ കൈപിടിച്ച് പുതിയൊരു ജീവിതത്തിലേക്കു കടന്നുവരുന്ന പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം ഭർത്താവ് പൂർണമായും അവളുടേതു മാത്രമാണ്. ഇനിമേൽ നിങ്ങൾ രണ്ടല്ല, ഒന്നാണ് എന്നാണല്ലോ തിരുവചനം. ഇക്കാരണത്താൽ ഭർത്താവിന് മറ്റൊരു അവകാശിയുണ്ടാവുന്നത് അവളെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമാണ്. ഏകപുരുഷനെ ചൊല്ലി രണ്ടു സ്ത്രീകൾ കലഹിക്കുകയോ അസ്വസ്ഥപ്പെടുകയോ ചെയ്യുന്നു. ലോകാരംഭം മുതല്ക്കുള്ള അമ്മായിയമ്മ-മരുമകൾ സംഘർഷത്തിന്റെ അടിസ്ഥാന കാരണം ഇതാണ്. മകനെ വിട്ടുകൊടുക്കാത്ത അമ്മ, ഭർത്താവിനെ അവന്റെ അവകാശപ്പെട്ടവർക്കു പങ്കുവെക്കാൻ തയാറാകാത്ത ഭാര്യ. പൊസെസീവ്നെസും സ്വാർഥതയും




**തന്റെ ഇണ തന്നെയല്ലാതെ മറ്റാരെയും സ്നേഹിക്കാൻ പാടില്ല, ആരോടും മിണ്ടാൻപോലും പാടില്ല. ഈ മനോഭാവം സ്നേഹത്തിന്റേതല്ല.**

അസൂയയും ചേർന്നാണ് നമ്മുടെ പല കുടുംബങ്ങളും വ്യക്തിബന്ധങ്ങളും തകർക്കുന്നത്. തീരെ നിസാരമെന്നു പുറമേ തോന്നുമെങ്കിലും പൊസെസീവ്നെസ് അത്ര നിസാരമല്ല. വിള്ളലുകളും കിടങ്ങുകളുംചിലപ്പോൾ ജീവനാശവും വരുത്തിവെക്കാൻ വഴിവെട്ടുന്ന സ്വഭാവവൈകല്യമാണത്.

രണ്ടാമത്തെ സംഭവം. കാമുകിയുടെമേൽ പൂർണനിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിക്കുന്ന പുരുഷനെ അവിടെ കാണാം. അവൾ ഒരു സ്വതന്ത്രവ്യക്തിയാണെന്ന ചിന്ത അവനില്ല. അവൾക്ക് അവളുടേതായ രീതിയിൽ ബന്ധങ്ങൾ സ്ഥാപിക്കാൻ അവകാശമുണ്ടെന്നു സമ്മതിച്ചുകൊടുക്കാൻ അവൻ തയാറല്ല. 'നീ എവിടെ പോകുന്നു? ആരൊക്കെയുണ്ട് കൂടെ? നിങ്ങൾ എന്താണ് സംസാരിച്ചത്?' എന്നൊക്കെയുള്ള ചോദ്യങ്ങൾ കരുതലിന്റെയും പരിഗണനയുടെയും ഭാഗമാണെന്നു പറയുമ്പോൾപോലും, ഇതിനു പിന്നിൽ പൊസെസീവ്നെസിന്റെ വള്ളിക്കെട്ടുകൾ കാണാം.

ചോദ്യങ്ങളിൽ സംശയം ഇടകലരുമ്പോൾ പ്രശ്നം ഗുരുതരമാകും. പ്രണയിക്കുന്ന വ്യക്തിയുടെ ഫോണിലെ കോൾ ഹിസ്റ്ററി നോക്കുക, ഡ്യൂറേഷൻ നോക്കുക, എതിർലിംഗത്തിൽപ്പെട്ടവരുമായി സംസാരിക്കുന്നതിന് വിലക്കേർപ്പെടുത്തുക, അങ്ങനെ സംസാരിക്കുന്നതു കണ്ടാൽ നീരസത്തോടെ ചോദ്യംചെയ്യുക, തൃപ്തികരമായ ഉത്തരം കിട്ടുന്നില്ലെങ്കിൽ ശാരീരികമായി ഉപദ്രവിക്കുക തുടങ്ങിയവ, പൊസെസീവ്നെസ് ബന്ധങ്ങളെ ശിഥിലമാക്കുന്നു എന്നതിന്റെ സൂചനകളാണ്.

പ്രണയബന്ധത്തിലെന്നതുപോലെ ദാമ്പത്യബന്ധത്തിലും ഇതേ ലക്ഷണങ്ങൾ കാണാം. ഭർത്താവ് നേരം വൈകി വീട്ടിലെത്തിയാൽ സാധാരണയിൽ കവിഞ്ഞ രീതിയിൽ ചോദ്യം ചെയ്യുന്നവരുണ്ട്. ബാഗും മൊബൈലും പരിശോധിക്കുന്നവരുമുണ്ട്. പങ്കാളി സംസാരിക്കുന്നത് ഒളിച്ചുനിന്നു കേൾക്കുന്ന ഭർത്താക്കന്മാരും ഭാര്യമാരുമുണ്ട്. ഇങ്ങനെ പലതരത്തിൽ പൊസെസീവ്നെസ് ദാമ്പത്യത്തെ അപകടത്തിലാക്കുന്നു.

തന്നേക്കാൾ കൂടുതലായി മക്കൾ അച്ഛനെ സ്നേഹിക്കുമ്പോൾ അസ്വസ്ഥരാകുന്ന അമ്മമാരുണ്ട്. നേരേ തിരിച്ചും. കുഞ്ഞുണ്ടായതോടെ ഭാര്യയ്ക്കു തന്നോടുള്ള ഇഷ്ടം കുറഞ്ഞെന്നു പരിതപിക്കുന്ന ഭർത്താക്കന്മാരെയും കാണാം. പൊസെസീവ്നെസിന്റെ വിവിധ രൂപങ്ങളാണ് ഇവയെല്ലാം.

സൗഹൃദങ്ങളിലും പൊസെസീവ്നെസ് കടന്നുവരാം. രണ്ടു സുഹൃത്തുക്കൾക്കിടയിലേക്ക് മൂന്നാമതൊരു സുഹൃത്ത് കടന്നുവരുമ്പോഴാണ് ഇതേറെ രൂക്ഷമാകുന്നത്. സുഹൃത്ത് തന്റേതു മാത്രമായിരിക്കണം എന്ന സ്വാർഥചിന്തയാണ് ഇവിടെ പ്രശ്നകാരണം.

ഒരു സംഭവം ഓർക്കുന്നു. പഠനകാലയളവിൽ കുറെ സുഹൃത്തുക്കളുമൊത്ത് ഒരു വീട് വാടകയ്ക്കെടുത്തായിരുന്നു താമസം. അതിനിടയിലേക്ക് അധ്യാപകന്റെ ബന്ധുവായ ഒരു പയ്യൻ കടന്നുവന്നു. വീടിന്റെ ചുമതലക്കാരൻ ഞാനാണ്. അധ്യാപകൻ എന്നോടു പ്രത്യേകം പ

റഞ്ഞിരുന്നു, അവന്റെ കാര്യമൊക്കെ വേണ്ടവിധം നോക്കിക്കോണം. അതൊരു ഉത്തരവാദിത്വമായി ഏറ്റെടുത്തതിനാൽ അവനെ കൂടുതൽ ശ്രദ്ധിക്കേണ്ടിവന്നു. അപ്പോഴാണ് ആത്മസ്നേഹിതന്റെ തിരുത്ത്:

'അവനെയെടുത്ത് തലേ വെക്കുകൊന്നും വേണ്ട... ഞാൻ കുറച്ചുനാളായി ഇതൊക്കെ ശ്രദ്ധിക്കുന്നു.'

അവൻ അത്രയുമേ പറഞ്ഞുള്ളൂ. പക്ഷേ അതിൽ എല്ലാം ഉണ്ടായിരുന്നു, എന്റെ സ്നേഹവും സൗഹൃദവും മറ്റൊരിടത്തേക്കും പോകരുതെന്നു ശാഠ്യമുള്ള ഒരു ആത്മസ്നേഹിതന്റെ കാച്ചിക്കുറുക്കിയ വാക്കുകൾ. എന്നാൽ താൻ പൊസെസീവ് ആണെന്ന് അവനൊരിക്കലും സമ്മതിച്ചുതരികയുമില്ല.

ഹോസ്റ്റൽ ജീവിതകാലത്തെ സൗഹൃദങ്ങളിലാണ് ഇതേറെയും കടന്നുവരുന്നത്. നാലാം ക്ലാസിൽ പഠിക്കുന്ന സമയത്തുണ്ടായ ഒരു സംഭവംകൂടി പറയാം. ഞാൻ ചിലരുമായി കൂടുതൽ അടുക്കുന്നുവെന്ന് കൂട്ടുകാരന് സംശയം; അതുമൂലം അവൻ അവഗണിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുന്നുണ്ടോയെന്നും. അവൻ എനിക്ക് ഒരു ഓഫർ നല്കി: 'ഞാൻ നിനക്ക് കാന്തം തരാം.' അവൻ തികച്ചും അമൂല്യമായി കരുതിപ്പോന്ന ഒന്നായിരുന്നു അത്. എന്നിട്ടും അതു തന്ന് അവൻ എന്റെ സ്നേഹവും സൗഹൃദവും സ്വന്തമാക്കാൻ ശ്രമിക്കുന്നു.

ജീവിതത്തിലെ എല്ലാ ബന്ധങ്ങളിലും ഏറിയും കുറഞ്ഞും പൊസെസീവ്നെസ് പ്രകടമാണ്. കൊച്ചുകുട്ടികളിൽ പോലും ഇതു കാണാം. പൊസെസീവ് ലാംഗ്വേജ് കൂടുതലും പരസ്യമാക്കുന്നതും കുഞ്ഞുകുട്ടികളാണല്ലോ. എന്റെയാണ്, ഇതെന്റെയാണ്, ഞാനിത് ആർക്കും കൊടുക്കില്ല എന്ന്, പ്രിയപ്പെട്ട കളിപ്പാട്ടമോ പലഹാരമോ നോക്കി അവർ പറയുന്നത് കേട്ടിട്ടില്ലേ? ഇളയകുഞ്ഞിനോടാണ് വീട്ടുകാർക്ക് കൂടുതൽ സ്നേഹം എന്നു കരുതി ആ കുഞ്ഞിനെ കൊന്നുകളഞ്ഞ ചേച്ചിയും, തന്നേക്കാൾ ഇഷ്ടം ഇളയകുഞ്ഞിനെയാണെന്നു കരുതി ആത്മഹത്യ ചെയ്ത നാലാംക്ലാസുകാരിയുമൊക്കെ നമുക്കു മുമ്പിലുള്ള ഞെട്ടിക്കുന്ന തെളിവുകളാണ്. പങ്കുവെക്കാനും പങ്കിടാനും, എല്ലാം എല്ലാവരുടേതുമാണ് എന്ന ബോധ്യം പകർന്നുനല്കാനും മക്കളെ ചെറുപ്രായത്തിൽതന്നെ മാതാപിതാക്കൾ പരിശീലിപ്പിക്കണം.



## ഭൂതകാലമുറിവുകൾ

*കഴിഞ്ഞകാലത്ത് ജീവിതത്തിലുണ്ടായ തിക്താനുഭവങ്ങൾ ചില വ്യക്തികളെയെങ്കിലും ഈ മാനസികാവസ്ഥയിലേക്കു തള്ളിവിടും. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും എന്നു പറയുമ്പോലെയാണ് കാര്യങ്ങൾ. തനിക്കുണ്ടായ ആന്തരമുറിവുകൾ, തിരസ്കാരം, അവഗണനകൾ ഇതെല്ലാം ഇടകലർന്ന് വ്യക്തിത്വത്തെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ സാധാരണമാണ്. പൂർവകാലബന്ധത്തിൽ വഞ്ചിക്കപ്പെട്ട ഒരാൾ പിന്നീടുള്ള ബന്ധങ്ങളെയും സംശയിക്കും; തനിക്കുള്ള സ്നേഹം വിട്ടുപോകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തുകയും ചെയ്യും.*

## എന്തുകൊണ്ട് പൊസെസീവ് ആകുന്നു?

എന്തുകൊണ്ടാണ് ഒരാൾ വളരെ സ്വാർഥതയോടെ പെരുമാറുന്നത് എന്നു ചോദിച്ചാൽ, പിന്നിൽ പല കാരണങ്ങളും കണ്ടെത്താം. ചിലതു മാത്രം ചുവടെ ചേർക്കുന്നു.

**നഷ്ടപ്പെടുമോ എന്ന ഭയം**

മറ്റൊരാൾ കടന്നുവരുമ്പോൾ തന്റേതുമാത്രമായി കരുതിയിരുന്ന ആൾ തനിക്കു നഷ്ടപ്പെടുമോ എന്ന പേടി പലർക്കുമുണ്ട്. ആ ബന്ധത്തിൽ നമ്മൾ അത്രമാത്രം സുരക്ഷിതത്വവും മാനസിക അടുപ്പവും അനുഭവിക്കുന്നുണ്ടാകാം. മൂന്നാമതൊരാൾക്ക് തനിക്കു പ്രിയപ്പെട്ട ആളെ പങ്കുവെച്ചുനല്കാൻ തയാറാകാത്തത് അതുകൊണ്ടാവാം. ആ വ്യക്തിയുമായി മറ്റൊരാൾ സംസാരിക്കുന്നതു പോലും ഇഷ്ടപ്പെടാത്തവരുണ്ട്. എന്റേതു മാത്രമായി എനിക്കെന്നും സൂക്ഷിക്കാനും സ്നേഹിക്കാനുമുള്ള ആളാണിത് എന്നത്രേ

ഇത്തരമൊരു ബോധ്യത്തിൽ വളർന്നുവരുന്ന കുട്ടികൾ അപകടകാരികളായി മാറാൻ സാധ്യത തീരെയില്ല.

ഓരോരുത്തർക്കും എന്താണ് വേണ്ടതെന്നും, അത് എത്രത്തോളം നല്കണമെന്നും തിരിച്ചറിയുക. സ്നേഹിക്കുന്നുവെന്ന അവകാശത്തിന്റെ പേരിൽ ഒരാളെയും ബുദ്ധിമുട്ടിലാക്കാൻ, അവരുടെ ജീവിതം താറുമാറാക്കാൻ, സ്വസ്ഥത നശിപ്പിക്കാൻ ആർക്കും അവകാശമില്ല. എല്ലാം എന്റേതു മാത്രമായിരിക്കണം എന്ന കടുംപിടിത്തം അവസാനിപ്പിക്കുകയാണ് ഇതിനുള്ള പോം വഴി. എന്റേതു മാത്രമെന്നു ഞാൻ കരുതുന്നവ അതെത്രത്തോളം മറ്റുള്ളവർക്കുകൂടി അവകാശപ്പെട്ടതാണെന്ന് മനസിലാക്കണം. അർഹതപ്പെട്ടവർക്ക് അർഹതപ്പെട്ടത് അവകാശമെന്നതുപോലെ നല്കാൻ മനസുണ്ടാവണം.

ഒരു പുരുഷൻ നിങ്ങളുടെ അഛനോ ഭർത്താവോ മകനോ കാമുകനോ ആകാം. അയാളെ മറ്റുള്ളവർക്കു അവരുടേതായ രീതിയിൽ പങ്കുവെച്ചുകൊടുക്കാൻ തയാറാകണം. ഒരു സ്ത്രീ നിങ്ങളുടെ ഭാര്യയോ മകളോ കാമുകിയോ അമ്മയോ ആകാം. അവരെ അവർക്ക് അവകാശപ്പെട്ടവർക്ക് അർഹിക്കുന്നതോതിൽ പങ്കുവെച്ചുകൊടുക്കാൻ തയാറാകണം. സ്വാർഥതയാണ് പൊസെസീവ്നെസിനു കാരണം. സ്നേഹവും വിശ്വസ്തതയും പരസ്പരബഹുമാനവും ആദരവുമാണ് ഏതൊരു ബന്ധത്തെയും മനോഹരമാക്കുന്നത്. അതിരുകടന്ന സ്വാർഥതയും ക്രൂരമായ പെരുമാറ്റവും ബന്ധങ്ങളെ വിഷമയമാക്കുന്നു.

എല്ലാവരെയും ഒന്നുപോലെ സ്നേഹിക്കാൻ ആർക്കും കഴിയില്ല. എല്ലാവരോടും സ്നേഹമാണ്, ഒരുപോലെ സ്നേഹമാണ് എന്നൊക്കെ ആദർശം പറയാമെങ്കിലും അതൊരിക്കലും സംഭവിക്കാൻ പോകുന്നില്ല. ഒരു വ്യക്തിയെ മറ്റാരെക്കാളും കൂടുതൽ സ്നേഹിക്കുന്നത് തെറ്റാണെന്നു പറയാനാവില്ല. പക്ഷേ ആ സ്നേഹം അപകടം വരുത്തിവെക്കുകയോ അസ്വസ്ഥത സൃഷ്ടിക്കുകയോ ചെയ്യുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്.

ബന്ധങ്ങളിൽ ഇത്തിരിയൊക്കെ സ്വാർഥതയുണ്ടാവുക തികച്ചും സ്വാഭാവികവും മാനുഷികവുമാണ്. ആ സ്വാർഥത അവനവനെയും മറ്റുള്ളവരെയും അപകടത്തിലാക്കാൻ പാടില്ല. അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിൽ എത്രയും പെട്ടെന്ന് അതിൽനിന്നു പുറത്തുകടന്നേ മതിയാവൂ.

**സ്നേഹവും പൊസെസീവ്നെസും**

പരസ്പരം തെറ്റിദ്ധരിക്കപ്പെടുന്ന രണ്ടു വാക്കുകളാണ് സ്നേഹവും പൊസെസീവ്നെസും. പൊസെസീവ്നെസിനെ സ്നേഹമെന്നോ, സ്നേഹത്തെ പൊസെസീവ്നെസെന്നോ തെറ്റിദ്ധരിക്കരുത്.

പ്രണയത്തിന്റെ മൂർഛയിൽ ചിലർ പറയാറില്ലേ, നീയെന്നെ മാത്രമേ സ്നേഹിക്കാവൂ. നീ

അവരുടെ മട്ട്. തനിക്ക് ആ വ്യക്തി നഷ്ടപ്പെടുക എന്നതിന് താൻ ഉപേക്ഷിക്കപ്പെടുന്നു എന്ന ഏക അർഥമാണ് അയാൾ വായിച്ചെടുക്കുന്നത്.

**അരക്ഷിതാവസ്ഥ**

ഉള്ളിന്റെയുള്ളിൽ അരക്ഷിതാവസ്ഥ അനുഭവപ്പെടുന്ന ആളുകൾ പൊസെസീവ്നെസ് പ്രവണത പ്രകടിപ്പിക്കുന്നവരാണ്.

**ആത്മാഭിമാനക്കുറവ്**

ആത്മവിശ്വാസവും ആത്മാഭിമാനവും കുറഞ്ഞവർ പൊസെസീവ്നെസ് ഉള്ളവരായിരിക്കും. അവർ സ്വയം മതിപ്പില്ലാത്തവരുമായിരിക്കും.

**അംഗീകാരത്തിനും സ്നേഹത്തിനും വേണ്ടിയുള്ള ആർത്തി**

സ്നേഹിക്കപ്പെടണമെന്നും അംഗീകരിക്കപ്പെടണമെന്നുമുള്ള ആഗ്രഹം എല്ലാവർക്കും ഉണ്ടെങ്കിലും, പൊസെസീവ്നെസ് ഉള്ളവരിൽ അതു വളരെ കൂടുതലായിരിക്കും. സ്നേഹം പിടിച്ചുപറ്റാൻ വേണ്ടിയുള്ള ചെപ്പടിവിദ്യകൾ അവരെ ഇത്തരമൊരവസ്ഥയിൽ കൊണ്ടു ചെന്നെത്തിക്കാറുണ്ട്.

മറ്റൊരാളെ നോക്കുന്നതുപോലും എനിക്കു സഹിക്കില്ല. പ്രണയത്തിന്റെ തുടക്കത്തിൽ അതു കേൾക്കുമ്പോൾ രോമാഞ്ചം കൊള്ളാത്തവരുണ്ടാവില്ല. എന്നെ ഇയാൾ അത്രമാത്രം സ്നേഹിക്കുന്നുണ്ടല്ലോ, ഞാനെന്തൊരു ഭാഗ്യവതി/ഭാഗ്യവാൻ എന്നൊക്കെയായിരിക്കും നമ്മെളെത്തിച്ചേരുന്ന വിചാരം. ബന്ധം കുറേക്കൂടി മുന്നോട്ടുപോയി ചില പോയിന്റുകളിൽ എത്തുമ്പോഴാണ് പണ്ടു പറഞ്ഞ ഈ വാക്യത്തിന്റെ അർഥവും രൂക്ഷതയും പിടികിട്ടുന്നത്.

തന്റെ ഇണ തന്നെയല്ലാതെ മറ്റാരെയും സ്നേഹിക്കാൻ പാടില്ല, ആരോടും മിണ്ടാൻപോലും പാടില്ല. ഇത്തരം പ്രവണതകളെ എങ്ങനെ സ്നേഹമെന്നു വിളിക്കാൻ കഴിയും? അതൊരു തരം അപകടകരമായ പൊസെസീവ്നെസാണ്. പൊസെസീവ്നെസ് കൂടുമ്പോൾ സ്നേഹമല്ല, സ്വാർഥതയാണ് വർധിക്കുന്നത്.

സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ ഏതു സ്നേഹവും ഭാരമായി മാറും. സ്വാതന്ത്ര്യം നഷ്ടപ്പെടുകയും സ്നേഹം ഭാരമായി മാറുകയും ചെയ്യുന്നുവെന്ന് തിരിച്ചറിയുമ്പോഴാണ് ചിലർ ബ്രേക്കപ്പാകുന്നത്. അത്രയും സ്വാർഥപൂരിതമായ സ്നേഹം അവർക്ക് താങ്ങാനാവുന്നില്ല. ഒരാൾക്ക് അനിവാര്യമായ സ്വാതന്ത്ര്യം കൊടുത്തു സ്നേഹിക്കുമ്പോഴേ ആ സ്നേഹം അപരനെ വളർത്തുന്ന സ്നേഹമായി മാറൂ. പരസ്പരം വളർച്ചയില്ലാത്ത, വളരാൻ അനുവദിക്കാത്ത സ്നേഹമെങ്ങനെ സ്നേഹമാകും?

സ്നേഹം പാതിവഴിയിലെത്തി നില്ക്കുമ്പോഴാണ് പലർക്കും ഇതു മനസിലാകുന്നത്. ചിലരൊക്കെ ബന്ധം പാതിവഴിയിൽ അവസാനിപ്പിക്കാനുള്ള കാരണവും ഇതാണ്. ഉഭയസമ്മതത്തോടെയുള്ള വേർപിരിയലാണെങ്കിൽ പ്രശ്നം അവിടെ അവസാനിക്കും. എന്നാൽ അതല്ല പലപ്പോഴും കണ്ടുവരുന്നത്. എന്നെ ഉപേക്ഷിച്ചുപോയവൾ ജീവിക്കരുത്, എനിക്കു കിട്ടിയില്ലെങ്കിൽ മറ്റാർക്കും അവനെ കിട്ടരുത് എന്നൊക്കെ ചിന്തിച്ച് പ്രണയിയെ ആസിഡൊഴിച്ചും അരുംകൊല ചെയ്തും നശിപ്പിക്കുന്നവർ, ഒരേസമയം രണ്ടുപേരുടെയും ജീവിതം നശിപ്പിക്കുകയാണെന്ന് വികാരതീവ്രതയിൽ മനസിലാക്കുന്നില്ലല്ലോ എന്നതാണ് ദുഃഖകരം.

ചിറകരിയുന്നത് സ്വാതന്ത്ര്യമല്ല; ചങ്ങലകൾ കൊണ്ടു ബന്ധിക്കുന്നത് സ്നേഹമല്ല.

നിങ്ങൾക്ക് നിങ്ങളായി ജീവിക്കാൻ കഴിയാതെവരുന്ന ഏതു ബന്ധത്തിലും ദീർഘകാലം തുടരരുത്. അങ്ങനെ തുടർന്നാൽ നഷ്ടവും നാശവും നിങ്ങൾക്കുതന്നെയായിരിക്കും. ○

ബോബി ജോസ് കട്ടിക്കാട്

# ഓർമകൾ

**ഓർമകൾ സങ്കടപ്പെട്ടിരിക്കാനുള്ളതല്ല;
മുന്നോട്ടുപോകാനുള്ള പ്രേരണയാണ്.**

ഓർമകൾ തനിയെ സംഭവിക്കുന്നവയല്ല, താനേ സൃഷ്ടിക്കപ്പെടുന്നവയാണ്. നിമിഷങ്ങളെ ഓർമകളാക്കുക. നമ്മൾ വിചാരിക്കുന്നത്ര സ്വാഭാവികമായി സംഭവിക്കുന്നതല്ല അത്. ഒരാൾക്കു കൊടുക്കുന്ന ശ്രദ്ധ, അയാൾ ഇടപെടുമ്പോൾ അനുഭവിക്കുന്ന ഹൃദ്യത, അയാൾ കൊടുക്കുന്ന പ്രതീക്ഷയുടെ നാളങ്ങൾ... ഇങ്ങനെയൊക്കെയാണ് നിമിഷങ്ങളെ നമ്മൾ ഓർമയാക്കിയെടുക്കുന്നത്. നമ്മൾ ഓർമകളെ നിർമിക്കുകയാണ് (we create memory). മടങ്ങിപ്പോകുന്ന രാത്രിയിൽ യേശു ഒരു ഓർമ നിർമിച്ചിട്ടുണ്ട്; അതാണ് വിശുദ്ധ കുർബാന.

അതു താനേ സംഭവിച്ചതല്ല, പോയറ്റിക്കായി സംഭവിച്ചതാണ്. അപ്പമെടുത്തിട്ട് യേശു പറഞ്ഞു: ഇതെന്റെ ഓർമയാണ്. വെള്ളിയാഴ്ചയും ശനിയാഴ്ചയും അത് അവിടെതന്നെ ഇരുന്നു. ഞായറാഴ്ച മുതൽ അത് സഞ്ചരിച്ചു തുടങ്ങി. പിന്നീടത് നമ്മുടെ പള്ളിയുടെ അൾത്താരയിൽ ഓർമയായി എത്തി. പത്തുരണ്ടായിരം വർഷമായിട്ടും ഇഴപിരിയാത്ത ഒരോർമ നിലനില്ക്കുന്നതുകൊണ്ടാണ് നമ്മൾ ഓർമകൾക്ക് ഇങ്ങനെ മൂല്യം കൊടുക്കുന്നത്.

ഓർമകൾ സങ്കടപ്പെട്ടിരിക്കാനുള്ളതല്ല; മുന്നോട്ടുപോകാനുള്ള പ്രേരണയാണ്.



> **മനുഷ്യൻ മാത്രമേ മതിലുകൾ പണിയുന്നുള്ളൂ. യഹൂദനെന്നോ വിജാതീയനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ഒക്കെയുള്ള ഇടമതിലുകൾ യേശുവിന് ഉണ്ടായിരുന്നില്ല.**

ഓർമകൾ സ്പിൻബോർഡാണ്. അകലമാണ് ഏറ്റവും വലിയ ഭയം. മനുഷ്യന്റെ ഏറ്റവും വലിയ ഭയങ്ങളിലൊന്നാണത്. ചെറുപ്പത്തിലെന്നോ വായിച്ച കഥ ഓർക്കുന്നു. പള്ളിയിൽ പോകേണ്ട ദിവസം ഒരു കൊച്ചുകുട്ടി അവന്റെ കൂട്ടുകാർക്കൊപ്പം കുതിരപ്പുറത്ത് പോവുകയാണ്. യാത്ര പോവുന്നതിനിടയിൽ കുട്ടി പെട്ടെന്ന് പറഞ്ഞു: ഞാൻ തിരിച്ചുപോവുകയാണ്. എന്താണ് കാരണമെന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി ഇങ്ങനെ: ഇത്രയും നേരം എനിക്കെന്റെ പള്ളിയിലെ മണിനാദങ്ങൾ കേൾക്കാൻ പറ്റുന്നുണ്ടായിരുന്നു. ഇനി മുന്നോട്ടുപോകുകയാണെങ്കിൽ തിരിച്ചുവിളിക്കുന്ന മണിനാദം കേൾക്കാൻ കഴിയുകയില്ല.

തിരിച്ചുവിളിക്കുന്ന ശബ്ദങ്ങൾ ഇങ്ങനെ മായുന്നതിനു മുമ്പ് മനുഷ്യൻ മടങ്ങണം. മനുഷ്യന് സഞ്ചരിക്കാം. പക്ഷേ സഞ്ചാരത്തിൽ നിന്നു തിരിച്ചുവിളിക്കുന്ന ശബ്ദങ്ങൾ നിശ്ചലമാകുന്ന വിധത്തിൽ എല്ലാ യാത്രകളും അപകടകരമാണെന്നു വിചാരിക്കുന്നതാണ് സ്പിരിചാലിറ്റി. അടുപ്പം തന്നെയാണ് പ്രധാനം. ആർട്ട് ഓഫ് ഡിഗ്നിഫൈഡ് റിലേഷൻ എന്നാണ് സ്പിരിചാലിറ്റിയെ നിർവചിച്ചിരിക്കുന്നത്. കുലീനമായ സൗഹൃദങ്ങളുടെ കലയാണത്.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടുപിടിത്തം എന്താണ്? വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകാം. പക്ഷേ എനിക്കു തോന്നുന്നു, അത് മൊബൈൽ ഫോണിന്റെ കണ്ടുപിടിത്തമാണെന്ന്. എവിടെയായിരിക്കുമ്പോഴും അത് നിങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ഒരു കനേഡിയൻ നഗരത്തിലൂടെ യാത്ര ചെയ്യുന്ന മകനോ മകളോ ഈ ദിവസത്തെ പുലരിയിൽ നിങ്ങളെ വിളിച്ചിട്ടുണ്ടാവും. സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴും നിങ്ങൾ അകലങ്ങളിൽ ആകരുത് എന്നാണ് മൊബൈൽ പറയുന്നത്.

എല്ലാ അകലങ്ങളെയും വീണ്ടെടുക്കുന്ന ആൾ എന്ന നിലയിലാണ് നാം യേശുവിനെക്കുറിച്ചു സംസാരിക്കുന്നത്. ഇടമതിലുകളൊക്കെ തകർത്തൊരാൾ. മനുഷ്യനും മനുഷ്യനും തമ്മിൽ ഉയരാവുന്ന എല്ലാ മതിലുകളും തകർത്തൊരാളായിരുന്നു യേശു. അവസാനംവരെ നാം പ്രതിരോധിക്കേണ്ടത് മതിലുകളെയാണ്. മനുഷ്യൻ മാത്രമേ മതിലുകൾ പണിയുന്നുള്ളൂ. ഇങ്ങനെയൊരു സാഹചര്യത്തിലാണ് യേശുവിനെ, മതിലുകൾ ഇല്ലാത്ത ഒരാൾ എന്നൊക്കെ വിശേഷിപ്പിക്കുന്നത്. യഹൂദനെന്നോ വിജാതീയനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ഒക്കെയുള്ള ഇടമതിലുകൾ യേശുവിന് ഉണ്ടായിരുന്നില്ല.

ഇത്തരത്തിൽ പ്രകാശമുള്ള ചില ചുവടുകളൊക്കെയുണ്ട്. അവിടേയ്ക്ക് എങ്ങനെയാണ് നമുക്കു ചില ബേബി സ്റ്റെപ്പ്സ് വെക്കാൻ കഴിയുന്നത്? മതിലുകൾ ഇല്ലാത്ത ലോകത്തെ സ്വപ്നം കാണാൻ നമ്മൾ ചില ചുവടുകൾ വെച്ചുതുടങ്ങേണ്ടതുണ്ട്. അതിന് നമുക്കാദ്യം ഉണ്ടാവേണ്ടത് ഒരു വെളിപാടാണ്. ബുദ്ധികൊണ്ടു കുറുകെ കടക്കാൻ മാത്രം സരളമല്ല ഈ ദേശത്തിന്റെ മതിലുകൾ. ഭംഗിയായി മനുഷ്യൻ മതിലുകൾ അംഗീകരിക്കുന്ന ഒരു കാലത്തിലാണല്ലോ നാം ജനിച്ചുവീണത്.

മതിലുകളെക്കുറിച്ച് ആർക്കും ഒരു ബുദ്ധിമുട്ടുമില്ല. ഭാരതീയനെന്ന നിലയിൽ എത്ര ആഴത്തിലാണ് നമുക്കിടയിൽ മതിലുകൾ രൂപപ്പെട്ടിരിക്കുന്നത്. ബോധത്തിൽ നിറയെ മതിലുകളുണ്ടായിട്ടും ജീവിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലാത്ത മനുഷ്യരാണ് നമ്മൾ. വിവാഹപ്പരസ്യങ്ങളിൽ കാണപ്പെടുന്ന ഏറ്റവും അശ്ലീലമെന്നു ഞാൻ കരുതുന്ന ഒരു പ്രയോഗമുണ്ട്; പുരാതന ക്രിസ്തീയ കുടുംബം. ക്രിസ്തുവിലേക്കു വന്നവന് എന്തു പഴക്കം? എന്തു പുതുമ?

ഒന്നാം മണിക്കൂറിൽ വന്നവനും പതിനൊന്നാം മണിക്കൂറിൽ വന്നവനും ഒരേ ദെനാറ എന്നു പഠിപ്പിച്ചവനെ നാം വിട്ടുകളഞ്ഞു. ഒന്നാം മണിക്കൂറെന്നു പറയുന്നത് പുലരിയാണ്. പതിനൊന്നാം

ഗുരുമൊഴി

ടി.എസ് ബിജു

# ജീവിതത്തെ ലളിതമാക്കാൻ

**അനാരോഗ്യകരമായ മത്സരചിന്തയാണ് സമ്മർദങ്ങൾക്കും വ്യാമോഹങ്ങൾക്കും അതിക്രമങ്ങൾക്കും അടിസ്ഥാന കാരണം.**

പേരുകേട്ട ഒരു കമ്പനിയുടെ മാർക്കറ്റിംഗ് ഡിപ്പാർട്മെന്റിലായിരുന്നു അയാൾക്കു ജോലി. നല്ല ശമ്പളവുമുണ്ട്. എങ്കിലും അയാൾ വളരെ അസ്വസ്ഥനായിരുന്നു. ടാർജറ്റ് തികയ്ക്കേണ്ട ഉത്തരവാദിത്വം അയാളെ പലപ്പോഴും സമ്മർദത്തിലാക്കി. ഇതിൽ നിന്നെല്ലാം രക്ഷപ്പെടാനുള്ള മാർഗം തേടിയാണ് അയാൾ ഗുരുവിന്റെ അടുക്കലെത്തിയത്. അയാളെ പൂർണമായും ശ്രവിച്ചതിനു ശേഷം ഗുരു ആശ്രമത്തിനു ചുറ്റുമുള്ള ചില വൃക്ഷങ്ങളെ അയാൾക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. പല വലുപ്പത്തിലുള്ള പലതരം വൃക്ഷങ്ങൾ. നിങ്ങൾക്ക് എന്തുതോന്നുന്നു? ഗുരു ചോദിച്ചു.

എനിക്ക് പ്രത്യേകമായി ഒന്നും തോന്നുന്നില്ല. അയാൾ സത്യസന്ധമായി മറുപടി നല്കി.

ആ മരങ്ങൾക്കെല്ലാം ഒരു പ്രത്യേകതയുണ്ട്. മരങ്ങൾ പരസ്പരം മത്സരിക്കുന്നില്ല. അതുകൊണ്ടാണ് ചില മരങ്ങൾ വലുതായും മറ്റു ചിലത് ചെറുതായും കാണപ്പെടുന്നത്. വലിയ വൃക്ഷങ്ങൾ അവയുടേതായ ഫലങ്ങൾ പുറപ്പെടുവിക്കുമ്പോൾ ചെറിയ വൃക്ഷങ്ങൾ അവയ്ക്കിണങ്ങുന്ന രീതിയിലുള്ള ഫലങ്ങൾ പുറപ്പെടുവിക്കുന്നു. ഓരോന്നിനും അതതിന്റേതായ സ്ഥാനവും പ്രാധാന്യവുമുണ്ട്.

മനുഷ്യർ മാത്രമാണ് പരസ്പരം മത്സരിക്കുന്നത്. ഈ മത്സരങ്ങളോ, അനാവശ്യവും. അനാരോഗ്യകരമായ മത്സരങ്ങളിൽ ഏർപ്പെടുന്നതിനാൽ മനുഷ്യർ പലതരത്തിലുള്ള സമ്മർദങ്ങൾക്കും വ്യാമോഹങ്ങൾക്കും അതിക്രമങ്ങൾക്കും അടിപ്പെട്ടുപോകുന്നു. നിങ്ങളുടെ ആഗ്രഹമെന്താണ്? വിജയിച്ചാൽ മാത്രം മതിയെന്നാണോ? അല്ലേയല്ല. നിങ്ങളുടെ സഹപ്രവർത്തകനേക്കാൾ കൂടുതൽ മികച്ച വിജയം നേടണം, അങ്ങേയറ്റം പ്രശംസിക്കപ്പെടണം. അതാണ് നിങ്ങൾ തേടുന്നത്. അത്തരം ആഗ്രഹങ്ങൾ നിങ്ങളെ സമ്മർദത്തിലാക്കുമെന്ന് ഉറപ്പാണ്. നിങ്ങൾ നിങ്ങൾക്കു സാധിക്കുന്നതിന്റെ മാക്സിമം ചെയ്യുക. അതൊരിക്കലും മറ്റൊരാളെ തോല്പിക്കാൻ വേണ്ടിയാകരുത്. അപ്പോൾ നിങ്ങൾക്ക് സമ്മർദങ്ങളിൽനിന്ന് മോചനം കിട്ടും; ശാന്തത കൈവരിക്കാൻ സാധിക്കും.

ജീവിതം ലളിതമാക്കാനുള്ള എളുപ്പമാർഗം ഇതാണ്: അനാരോഗ്യകരവും അനാവശ്യവുമായ മത്സരങ്ങളിൽ ഏർപ്പെടാതിരിക്കുക. മത്സരചിന്ത നമ്മളെ സമ്മർദങ്ങൾക്ക് ഇരകളാക്കും. അതിനു പകരം തനിക്കു കഴിയുന്ന കാര്യങ്ങൾ പൂർണ സമർപ്പണത്തോടെയും ആത്മാർഥതയോടെയും ചെയ്യുക. ജീവിതം സുന്ദരമാകും, ശാന്തവും.

മണിക്കൂറെന്നു പറയുന്നത് വൈകുന്നേരം അഞ്ചുമണിയും. ആ നേരത്തു വന്നവർ ദളിത് ക്രൈസ്തവരാണ്. എന്നിട്ടോ, നമ്മൾ അവർക്കു കൊടുക്കുന്ന കൂലി ഒന്നുപോലെയാണോ? അകലങ്ങളെ സാമൂഹികവിഷയമായല്ല, സഭാവിഷയമായി തന്നെ എടുക്കേണ്ടതുണ്ടെന്നു തോന്നുന്നു.

വെളിപാട് എന്നു പറയുന്നത് മിന്നൽവെളിച്ചമാണ്. ഒറ്റവെളിച്ചത്തിൽ എല്ലായിടവും കാണാൻ കഴിയുന്നതാണത്. പൗലോസ് ഡമാസ്കസിലേക്കു പോകുമ്പോൾ ഉണ്ടാകുന്ന അനുഭവംപോലൊന്ന്. വെളിപാടിനു ശേഷം അയാൾ പഴയതുപോലെയല്ല. ഇത്തരമൊരു വെളിപാടിനു വേണ്ടിയാണ് നാം പ്രാർഥിക്കേണ്ടത്.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യംലഭിച്ച അതേ കാലഘട്ടത്തിൽതന്നെ ഒരു കാർ ഫാക്ടറി തുടങ്ങണമെന്ന് നെഹ്റുവിന്

ആഗ്രഹമുണ്ടായിരുന്നു. ഇതുകേട്ട ഗാന്ധി നെഹ്‌റുവിനോടു പറഞ്ഞു: ഏതു തീരുമാനമെടുക്കുമ്പോഴും ഒരു ദിവസം ഉപവസിക്കണം. എന്നിട്ട് സ്വന്തം മനഃസാക്ഷിയോടു ചോദിക്കണം. നിങ്ങൾ എടുക്കാൻ പോകുന്ന തീരുമാനംകൊണ്ട് ഈ ദേശത്തെ ദരിദ്രർക്ക് എന്തെങ്കിലും പ്രയോജനമുണ്ടോ? പ്രയോജനമില്ലെന്നു തോന്നിയാൽ ആ തീരുമാനം വേസ്റ്റ്ബിന്നിൽ ഇടാൻ ധൈര്യമുണ്ടാവണം. പിന്നെ നെഹ്‌റു കാർഫാക്ടറിയുമായി മുന്നോട്ടുപോയില്ല.

ഒരു കല്യാണം എങ്ങനെയാണ് നടത്തേണ്ടത് എന്നതിനെക്കുറിച്ച് തീരുമാനം എടുക്കുന്നതിനു മുമ്പുതന്നെ നിങ്ങൾ ഉപവസിക്കണം. ഇത്രയും ആഡംബരങ്ങൾ ആവശ്യമുണ്ടോ? ഇത്രയും വാഹനങ്ങൾ ആവശ്യമുണ്ടോ? ഇത്രയും വിഭവങ്ങൾ, ഇൻവിറ്റേഷൻ ആവശ്യമുണ്ടോ?

ഏറ്റവും വലിയ പാപം അകലം തന്നെയാണ്. ഒറ്റ കല്പനയേയുള്ളൂ, സ്നേഹം. സ്നേഹം എന്നതിനർഥം ബന്ധിച്ചുനില്ക്കുക, അടുത്തുനില്ക്കുക എന്നാണ്. അതുകൊണ്ടുതന്നെ എല്ലാ അകലവും പാപമാണ്. ദിശ തെറ്റുക എന്ന ഹീബ്രുവാക്കാണ് പാപത്തെ സൂചിപ്പിക്കാൻ വേദപുസ്തകത്തിൽ ഉപയോഗിക്കുന്നത്. എല്ലാ നഷ്ടങ്ങളുടെയും അകല്ചയുടെയും കാരണം അജ്ഞതയാണ്. നമ്മൾ ഒന്നിനെയും മനസിലാക്കിയിട്ടില്ല. മനുഷ്യബന്ധങ്ങളിൽ സംഭവിക്കുന്ന എല്ലാത്തരം പാപങ്ങളും മൂന്നുതരത്തിലാണ് സംഭവിക്കുന്നത്: അജ്ഞതകൊണ്ട്, അശ്രദ്ധകൊണ്ട്, അഹന്തകൊണ്ട്.

പുസ്തകങ്ങൾ വായിക്കുകയും മനുഷ്യരെ ശ്രദ്ധിക്കുകയും ചെയ്യുക. വീട്ടിൽ ജീവിക്കുന്ന സ്ത്രീയെ ശ്രദ്ധിക്കുക. വീട്ടിൽ ജീവിക്കുന്ന പുരുഷനെ ശ്രദ്ധിക്കുക. വീട്ടിൽ കിടക്കുന്ന, ഉമ്മറത്തിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുക. മനുഷ്യരിലേക്ക് കുറേക്കൂടി കുനിയുക. പാദക്ഷാളനത്തിലേർപ്പെടുക. പാദക്ഷാളനത്തിലൊന്ന് പ്രായം ചെന്ന അമ്മയെ ശൗചം ചെയ്യാൻ സഹായിക്കുകയോ അപ്പന് ക്ഷൗരം ചെയ്തുകൊടുക്കുകയോ ഒക്കെയാവാം. ○

അടുക്കള

കാതറിൻ ഐപ്പ്

# അടുക്കള സഹായി

- ചിരവയുടെ നാവ് എപ്പോഴും മൂടിവെക്കാൻ ശ്രദ്ധിക്കുക. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ തേങ്ങ ചിരവുന്നതിനു മുമ്പ് ചിരവയുടെ നാവ് നനച്ചുതുടയ്ക്കാൻ ശ്രദ്ധിക്കുക.
- പാത്രം കഴുകാൻ ഉപയോഗിക്കുന്ന സ്ക്രബറുകൾ അതിനുവേണ്ടി മാത്രം ഉപയോഗിക്കുക. സിങ്ക് വൃത്തിയാക്കാനും അടുപ്പ് വൃത്തിയാക്കാനും മറ്റൊരു തുണിയോ സ്ക്രബറോ ഉപയോഗിക്കുക. മാസംതോറുമോ അല്ലെങ്കിൽ ഉപയോഗമനുസരിച്ചോ സ്ക്രബറുകൾ മാറ്റേണ്ടതാണ്.
- അടുക്കളയിൽ പാത്രം കഴുകാനും കൈതുടയ്ക്കാനും മറ്റും ഉപയോഗിക്കുന്ന തുണികൾ എല്ലാ ദിവസവും കഴുകിവൃത്തിയാക്കി വെയിലത്തിട്ട് ഉണക്കണം. തുണികളും ഉപയോഗമനുസരിച്ച് മാറ്റേണ്ടതാണ്.
- ഇറച്ചി, മീൻ, പച്ചക്കറി തുടങ്ങിയവ അരിയാൻ ഉപയോഗിക്കുന്ന പലകയും കത്തിയും കഴുകി വൃത്തിയാക്കിയാൽ മാത്രം പോരാ, വെയിലത്തുവെച്ച് ഉണക്കുകയും വേണം. ബാക്ടീരിയ നശിക്കുന്നതിനുവേണ്ടിയാണ് ഇത്.
- അടുക്കളയിൽ എന്തു ജോലി ചെയ്യുമ്പോഴും, ജോലിതുടങ്ങുന്നതിനു മുമ്പും ജോലി ചെയ്തുകഴിഞ്ഞും കൈകൾ സോപ്പുപയോഗിച്ചു കഴുകി വൃത്തിയാക്കണം.
- മസാലകളും മറ്റു പൊടികളും ഇട്ടുവെക്കാൻ ഉപയോഗിക്കുന്ന പാത്രങ്ങൾ അവ തീരുമ്പോൾ കഴുകി വെയിലത്തു വെച്ച് ഉണക്കിയെടുത്തതിനു ശേഷം മാത്രമേ വീണ്ടും ഉപയോഗിക്കാവൂ.

# കുടുംബം ഭാവിയുടെ പിള്ളത്തൊട്ടിൽ

**ഭക്ഷണമേശയിൽ ആഹാരം മാത്രമല്ല, ഹൃദയസ്നേഹവും പങ്കുവെക്കപ്പെടണം.**

അന്ത്യത്താഴ വേളയിൽ നമുക്കുവേണ്ടി പ്രാർഥിക്കുന്ന ഈശോയെ കാണിച്ചുതരുന്ന സുവിശേഷഭാഗമാണ് യോഹ. 17:20. മാംസം ധരിച്ച ദൈവവചനമായ ഈശോ ഈലോക ജീവിതത്തിന്റെ അവസാനത്തോട് അടുക്കുമ്പോൾ നമ്മെക്കുറിച്ചു ചിന്തിക്കയും പ്രാർഥിക്കയും ചെയ്യുന്നു. അദ്ഭുതാദരവുകളോടെ ഈശോയുടെ പ്രാർഥനയിൽ പ്രവേശിക്കുമ്പോൾ നമ്മളും അതേ സ്നേഹത്താൽ വലയിതരാവുകയാണ്.

തിരിച്ചറിയാൻ കഴിയാത്ത അജ്ഞാതമായ ഒരു കൂട്ടംപോലെ നാം ഒന്നുചേരണമെന്നല്ല ഈശോ അഭിലഷിക്കുന്നത്. നാം ഒന്നായിരിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. 'പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ, അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി'യായിരുന്നു (21) അവിടുത്തെ പ്രാർഥന. ഈ ഐക്യം ദൈവസ്നേഹത്തിന്റെ അതേ സ്നേഹത്തിലുള്ള കൂട്ടായ്മയാണ്. അതിൽനിന്നേ ജീവനും രക്ഷയും ലോകത്തിലേക്കു വരൂ. അതൊരു ദാനമാണ്. അതു സംലഭ്യമാക്കുന്നതിനായിരുന്നു ഈശോയുടെ മനുഷ്യാവതാരം.



ദൈവം തന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ നമ്മെയും സ്നേഹിക്കുന്നുവെന്ന് ഈശോ വെളിപ്പെടുത്തി. ഏകജാതനായ പുത്രനെ സ്നേഹിക്കുന്നതിനേക്കാൾ ഒട്ടും കുറഞ്ഞ അളവിലല്ല പിതാവായ ദൈവം നമ്മെ സ്നേഹിക്കുന്നത്. അവിടുന്ന് നമ്മെ അനന്തമായി സ്നേഹിക്കുന്നു. അവൻ ആദ്യം സ്നേഹിക്കുന്നു; ആദിമുതലേ സ്നേഹിക്കുന്നു! 'ലോകസൃഷ്ടിക്കു മുമ്പേ നീ എന്നെ സ്നേഹിച്ചു' (24) എന്ന് ഈശോ പിതാവിനോടു പറയുമ്പോൾ അവിടുന്നു തന്നെ ഈ സ്നേഹത്തിന് സാക്ഷ്യമേകുകയാണ്.

പ്രിയമുള്ളവരേ, നാം ആഗ്രഹിക്കുന്നതിനും എത്രയോ മുമ്പേ നമുക്കതു ലഭിച്ചു. ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിച്ചു: 'എല്ലാ മനുഷ്യരും മക്കളാണ്; പക്ഷേ നമ്മളാരുമല്ല ജനിക്കാൻ തീരുമാനിച്ചത്.' അതുമാത്രമോ, നാം ജനിച്ചയുടനെ ജീവൻ നിലനിർത്താൻ വളരെപ്പേരെ നമുക്കാവശ്യമായിരുന്നു.

നമ്മുടെ ശരീരത്തെയും ആത്മാവിനെയും പരിപാലിക്കാനും രക്ഷിക്കാനും അവരെയെല്ലാം ക്രമീകരിച്ചത് ദൈവമാണ്. അത്തരമൊരു ബന്ധത്തിന്റെ ശക്തിയുണ്ടെങ്കിലേ നാം ജീവിക്കൂ. ചുരുക്കത്തിൽ, മനുഷ്യത്വത്തിന്റെയും പരസ്പരമുള്ള കരുതലിന്റെയും ജീവദായകമായ ബന്ധം നമുക്കിടയിൽ അത്യന്താപേക്ഷിതമാണ്.

ചിലപ്പോഴൊക്കെ ഈ മാനവികത വഞ്ചിക്കപ്പെടുന്നു എന്നത് ശരിയാണ്. ജീവൻ നല്കുന്നതിനേക്കാൾ അതിനെ നശിപ്പിക്കാനും, ശുശ്രൂഷിക്കുന്നതിനേക്കാൾ ദ്രോഹിക്കാനും ചുറ്റുപാടും വളരെപ്പേർ മുറവിളികൂട്ടുന്നത് ഉദാഹരണം. എതിർക്കുകയും കൊല്ലുകയും ചെയ്യുന്ന തിന്മയുടെ മുമ്പിൽപോലും നമുക്കുവേണ്ടി പിതാവിനോടുള്ള പ്രാർഥന ഈശോ തുടരുകയാണ്. അവന്റെ പ്രാർഥന നമ്മുടെ മുറിവുകളിൽ തൈലമായി ലേപനം ചെയ്യപ്പെടുന്നു. ലോകത്തിനത് ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും പ്രഘോഷണമായി മാറുന്നു. അപ്പോൾ നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും തൊഴിലിടങ്ങളിലും പഠനവേദികളിലും ഐക്യം യാഥാർഥ്യമാകും. ഈശോയാകുന്ന അടിത്തറയിൽ ചുവടുറപ്പിച്ച് പരസ്പരം സ്നേഹിക്കുമ്പോൾ സമൂഹത്തിലും ലോകത്തിലും നാം സമാധാനത്തിന്റെ അടയാളമായി മാറും. ജനതകളുടെ ഭാവി ഉരുവാകുന്നത് കുടുംബങ്ങളിൽ നിന്നാണെന്ന സത്യം ഒരിക്കലും നാം മറക്കരുത്.

## പൂർണതയല്ല, വിശ്വസ്തത പ്രധാനം: പാപ്പാ

*ദൈവം തന്റെ മക്കളെ, അവർ വ്യത്യസ്തരാണെങ്കിലും, ഒന്നിച്ചുകൂട്ടുന്നതിലും ജീവാത്മകമായ ഐക്യത്തിൽ നിലനിർത്തുന്നതിലും ഒരിക്കലും മടുക്കുന്നില്ല എന്നതിന്റെ സാക്ഷ്യമാണ് വൈദികർ എന്ന് ലെയോ മാർപാപ്പാ. റോം രൂപതയ്ക്കുവേണ്ടി 11 ശെമ്മാശന്മാർക്ക് വൈദികപട്ടം നല്കിയ ശേഷം വചനസന്ദേശം നല്കുകയായിരുന്നു അദ്ദേഹം. വൈദികന്റെ അനന്യത നിത്യപുരോഹിതനായ ഈശോയുമായുള്ള ഐക്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത് എന്ന് നവവൈദികരെ പാപ്പാ ഓർമപ്പെടുത്തി.*

*വൈദികരും ദൈവജനവും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ചും പാപ്പാ വിശദീകരിച്ചു. പൗരോഹിത്യാഭിഷേകവേളയിൽ അനുഭവിക്കുന്ന ദിവ്യമായ ആനന്ദത്തിന്റെ ആഴവും പരപ്പും അതിന്റെ ദൈർഘ്യവും, അവർ ശുശ്രൂഷ ചെയ്യുന്ന ജനവുമായുള്ള ബന്ധങ്ങൾക്ക് ആനുപാതികമായിരിക്കണം. പ്രാർഥനയിലൂടെ മാത്രമേ ബന്ധങ്ങൾ ശക്തിപ്പെടുകയുള്ളൂ.*

*പുരോഹിതർ ഈശോയുടെ ശൈലിയിലായിത്തീരണം. ഒരേസമയം ദൈവത്തിൽ നിന്നുള്ളവരും, ദൈവത്തിന്റെ ദാസരും, ദൈവജനവുമാകുമ്പോൾ അവർ യഥാർഥത്തിൽ ഭൂമിയുമായി ബന്ധിക്കപ്പെടുകയാണ്. മാംസവും അസ്ഥിയുമുള്ള ആളുകളെയാണ് ദൈവം അവരുടെ പാതയിൽ വെക്കുന്നത്. അവരിൽ നിന്നു മാറി ഒറ്റപ്പെട്ടു നില്ക്കരുത്; തങ്ങൾക്കു ലഭിച്ച ദൈവദാനം ഒരു സവിശേഷാനുകൂല്യമായി കരുതുകയുമരുത്. പകരം, അവർക്കായി സമർപ്പണബോധത്തോടെ പ്രവർത്തിക്കണം: പാപ്പാ വൈദികരെ ഓർമിപ്പിച്ചു. സ്വാർഥകേന്ദ്രിതമായ പ്രവർത്തനം പ്രേഷിതചൈതന്യത്തിന്റെ അഗ്നിയെ കെടുത്തിക്കളയുമെന്ന ഫ്രാൻസിസ് പാപ്പായുടെ മുന്നറിയിപ്പ് ലെയോ പാപ്പാ ആവർത്തിക്കുകയുണ്ടായി.*

*മുറിവേറ്റ മാനവകുലത്തിലേക്കാണ് നിങ്ങൾ അയയ്ക്കപ്പെടുന്നത്. വ്രണിതസഭയുടെ വിശ്വാസ്യത ഒരുമിച്ചു വീണ്ടെടുക്കാൻ എല്ലാവരും ദത്തശ്രദ്ധരാകണം. പൂർണതയുള്ളവരായിരിക്കുക എന്നതിനേക്കാൾ വിശ്വസ്തരായിരിക്കുക എന്നതാണ് പരമപ്രധാനമെന്ന് പാപ്പാ പറഞ്ഞു. കൈവശപ്പെടുത്താതെ വിട്ടുകൊടുക്കുന്ന ഈശോയുടെ സ്നേഹത്തെ അദ്ദേഹം ചൂണ്ടിക്കാട്ടി. നമ്മെ സ്വന്തമാക്കുന്ന സ്നേഹമാണ് വാസ്തവത്തിൽ ഈശോയുടേത്. ആ സ്വന്തമാക്കൽ സ്വാതന്ത്ര്യമേകുന്നതാണ്. അതാണ് വൈദികന്റെ എക്കാലത്തെയും മികച്ച മാതൃക.*

# കുടുംബങ്ങളുടെ അജപാലനം പരമപ്രധാനം: ലെയോ പാപ്പാ

ആധുനികകാലത്ത് ഏറെ വെല്ലുവിളികൾ നേരിടുന്ന കുടുംബ അജപാലനരംഗം സഭയ്ക്ക് ഏറെ പ്രധാനപ്പെട്ട ശുശ്രൂഷാമേഖലയാണെന്ന് ലെയോ പാപ്പാ. കുടുംബങ്ങളുടെയും കുട്ടികളുടെയും മുത്തശീമുത്തച്ഛന്മാരുടെയും വയോധികരുടെയും സംയുക്ത ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ലോകമെമ്പാടുമുള്ള ക്രിസ്തീയ കുടുംബങ്ങളോട് സഭയ്ക്കുള്ള മാതൃവാത്സല്യം വെളിവാക്കുന്നതാണ് സെമിനാറിന്റെ പ്രമേയമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഹൃദയത്തിൽ അനന്തതയെക്കുറിച്ചുള്ള ആഴമേറിയ ചോദ്യം ദൈവം മുദ്രിതപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ പിതൃത്വത്തെക്കുറിച്ച് മക്കളെ ബോധ്യമുള്ളവരാക്കാനുള്ള മാതാപിതാക്കളുടെ കടമയെയാണ് അതോർമിപ്പിക്കുന്നത്. വി. അഗസ്റ്റിന്റെ ഈ പരാമർശം കുടുംബ അജപാലനത്തിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നു.

ആത്മീയത തേടിയുള്ള അന്വേഷണം വർധിച്ചിരിക്കുന്നത് ഇക്കാലത്തിന്റെ സവിശേഷതയാണ്. ലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ, ഹൃദയത്തിലെ വിശ്വാസത്തിന്റെ കാവൽക്കാരാകാനും നമുക്കു കടമയുണ്ട്. ആത്മീയമായി അകലങ്ങളിൽ കഴിയുന്ന കുടുംബങ്ങളെ ചേർത്തുപിടിക്കാൻ നമുക്കാവണമെന്നും പാപ്പാ പറഞ്ഞു. വിശ്വാസത്തിന്റെ കൂടുതൽ വ്യാപകമായ 'സ്വകാര്യവത്കരണം', കൃപയുടെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ഇരിപ്പിടമായ സഭയുടെ സമൃദ്ധിയും വരങ്ങളും അറിയുന്നതിൽനിന്ന് ആളുകളെ തടഞ്ഞേക്കാമെന്ന മുന്നറിയിപ്പും അദ്ദേഹം നല്കി.

വിശ്വാസവളർച്ചയ്ക്ക് തടസമായി നിൽക്കുന്ന സമൂഹമാധ്യമങ്ങളുടെ അമിതമായ ഉപയോഗവും ലൗകികമോഹങ്ങളും കുടുംബത്തിൽ അസ്വസ്ഥതയുടെ വിത്തുപാകും.


## ദാമ്പത്യജീവിതം ലോകത്തിന് ആവശ്യം

സമീപദശകങ്ങളിൽ നമുക്ക് സന്തോഷനിർഭരമായ ഒരടയാളം ലഭിച്ചിരുന്നു. വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയിയും സെലി മാർട്ടിനും ഒരുമിച്ച് വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമായി പ്രഖ്യാപിക്കപ്പെട്ട സന്ദർഭമാണ് സൂചിപ്പിക്കുന്നത്. അതുപോലെ പ്രധാനപ്പെട്ടതാണ് കഴിഞ്ഞ നൂറ്റാണ്ടിൽ റോമിൽ കുടുംബജീവിതം നയിച്ച ലൂയിജിയും മരിയ ബെൽത്രാമെ ക്വാത്രോക്കിയും വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തപ്പെട്ടത്. പോളിഷ് ഉൽമ കുടുംബത്തെയും മറക്കാനാകില്ല. മാതാപിതാക്കളും മക്കളും അവിടെ സ്നേഹത്തിലും രക്തസാക്ഷിത്വത്തിലും ഒന്നിച്ചു. നമ്മെ ചിന്തിപ്പിക്കുന്ന അടയാളമാണിവയെല്ലാം. ഈ ദമ്പതികളെ മാതൃകകളാക്കി ഉയർത്തിപ്പിടിച്ച് സഭ നമ്മോടു പറയുന്നത് ഇതാണ്: ദൈവസ്നേഹം നുകരാനും ഉൾക്കൊള്ളാനും,

**മനുഷ്യത്വത്തിന്റെയും പരസ്പരമുള്ള കരുതലിന്റെയും ജീവദായകമായ ബന്ധം നമുക്കിടയിൽ ശക്തിപ്പെടേണ്ട കാലമാണിത്.**

ബന്ധങ്ങളെ ശിഥിലമാക്കുന്ന ശക്തികളെ അനുരഞ്ജനത്തിന്റെ ആത്മീയബലത്താൽ മറികടക്കാനും ഇന്നത്തെ ലോകത്തിന് നല്ല ദാമ്പത്യ ഉടമ്പടി ആവശ്യമാണ്.

നന്ദിയും പ്രത്യാശയും നിറഞ്ഞ ഹൃദയത്തോടെ ഞാൻ പ്രിയമുള്ള ദമ്പതികളേ, നിങ്ങളോടു പറയുന്നു: വിവാഹം ഒരു ആദർശമല്ല; പുരുഷനും സ്ത്രീയും തമ്മിലുള്ള യഥാർഥ സ്നേഹത്തിന്റെ പ്രമാണമാണ് വിവാഹം. സമ്പൂർണവും വിശ്വസ്തവും ഫലപ്രദവുമായ സ്നേഹം നിങ്ങളെ ഏകശരീരമാക്കി മാറ്റുന്നു. അതേസമയം ആ സ്നേഹം ദൈവസാദൃ



ഈശോയുമായുള്ള കണ്ടുമുട്ടലിലൂടെ തിന്മയുടെ പിടിയിൽനിന്നും മാനവികതയെ സംരക്ഷിക്കാനുള്ള കടമ എല്ലാവരുടേതുമാണെന്നും പാപ്പാ ഓർമിപ്പിച്ചു.

ക്രിസ്തീയ വിവാഹത്തിനുപകരം ഒത്തുവാസം (living together) തെരഞ്ഞെടുക്കുന്ന ചെറുപ്പക്കാരുടെ എണ്ണവും വർധിക്കുന്നുണ്ട്. അവർക്ക് വിവാഹമെന്ന കൂദാശ പ്രദാനം ചെയ്യുന്ന കൃപയെയും, വഴിഞ്ഞൊഴുകുന്ന ശക്തിയെയുംകുറിച്ച് ബോധ്യം നല്കാൻ നമുക്കു സാധിക്കണം. മക്കളുടെ വിശ്വാസ പരിശീലനത്തിൽ ഈശോയെ കണ്ടുമുട്ടാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഇന്നു പല മാതാപിതാക്കൾക്കും വീഴ്ചകൾ സംഭവിക്കുന്നുണ്ട്. അതിനാൽ സ്നേഹത്തിന്റെ കൂട്ടായ്മ വെളിപ്പെടുന്ന ഇടങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറണം.

കുടുംബപ്രേഷിതത്വം ശക്തിപ്പെടുത്താനും, മുറിവേറ്റ കുടുംബങ്ങളുടെ കൂടെയായിരിക്കാനും പാപ്പാ ആവശ്യപ്പെട്ടു. അവരുമായി അടുപ്പം പുലർത്താനും ശ്രവിക്കാനും ബുദ്ധിമുട്ടുകൾ മനസിലാക്കാനും നാം പരിശ്രമിക്കണം.

ഓരോ തലമുറയും മുൻതലമുറയിൽനിന്നു വ്യത്യസ്തമാണ്. ഓരോന്നിനോടും അവരുടേതായ വെല്ലുവിളികളും സ്വപ്നങ്ങളും ചോദ്യങ്ങളും അവതരിപ്പിക്കണം. അതോടൊപ്പം, ഈശോമിശിഹാ 'ഇന്നലെയും ഇന്നും എന്നും ഒരാളായി' തന്നെ തുടരുന്നുവെന്നും, അതിനാൽ, ഐക്യത്തിന്റെ സന്തോഷകരമായ പാതകൾ നയിക്കാനും പരസ്പരം വിശ്വാസത്തിന്റെ വിത്തുകളാകാനും കുടുംബങ്ങളെ സഹായിക്കണമെങ്കിൽ, ആദ്യം നാം വിശ്വാസികളെന്ന നിലയിൽ നമ്മുടെ സ്വത്വം നട്ടുവളർത്തുകയും പുതുക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നും പാപ്പാ പറഞ്ഞു.

ശ്യത്തിൽ ജീവൻ പ്രദാനം ചെയ്യാൻ നിങ്ങളെ പ്രാപ്തരാക്കുന്നു.

നിങ്ങളുടെ മക്കൾക്ക് നിങ്ങൾ യഥാർഥ മാതൃകകളാകണം. അവർ എങ്ങനെ പെരുമാറണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത് അതുപോലെ നിങ്ങളും പെരുമാറുക. അനുസരണത്തിലൂടെ സ്വതന്ത്രരായിരിക്കാൻ അവരെ പഠിപ്പിക്കുക. അവരിൽ നന്മയും അതു വർധിപ്പിക്കാനുള്ള മാർഗങ്ങളും എല്ലായ്പോഴും തേടുക. പ്രിയമുള്ള കുഞ്ഞുമക്കളേ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളോട് നന്ദിയുള്ളവരായിരിക്കണം. ജീവന്റെ ദാനത്തിനും അതിലൂടെ കരഗതമായ സകലത്തിനും നന്ദിപറയുക എന്നതാണ് മാതാപിതാക്കളെ ബഹുമാനിക്കാൻ നിങ്ങൾക്കുള്ള പ്രഥമമാർഗം.

ജീവിതത്തോടൊപ്പം വിശ്വാസവും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഇടമാണ് കുടുംബം. ഭക്ഷണമേശയിൽ ആഹാരം മാത്രമല്ല, ഹൃദയസ്നേഹവും പങ്കുവെക്കപ്പെടണം. നമ്മെ സ്നേഹിക്കുന്ന, നമ്മുടെ നന്മ ആഗ്രഹിക്കുന്ന ഈശോയെ എപ്പോഴും കണ്ടുമുട്ടാൻ കുടുംബത്തോളം ഇണങ്ങിയ മറ്റൊരു സ്ഥലമില്ല.

ചുരുക്കത്തിൽ, ഈശോയുടെ പ്രാർഥന നമുക്ക് ജീവിതയാത്രയിലുടനീളം പ്രത്യാശ തരുന്നു. ഒരു ദിവസം നാമെല്ലാവരും ഒന്നായിരിക്കുമെന്ന് അതു നമ്മെ ഓർമിപ്പിക്കുന്നു. ദൈവത്തിന്റെ നിത്യസ്നേഹത്താൽ ആശ്ലേഷിക്കപ്പെട്ട് ഏകരക്ഷകനിൽ ഒന്നായിത്തീരുന്ന ആ ദിനം നാം പ്രാർഥനാപൂർവം കാത്തിരിക്കണം.

*(ജൂബിലിയാചരണവേളയിൽ ലെയോ പാപ്പാ അർപ്പിച്ച വി. കുർബാനമധ്യേ നല്കിയ വചനസന്ദേശത്തിന്റെ പ്രസക്തഭാഗം-സ്വതന്ത്രവിവർത്തനം.)*

ഡൊമിനിക് പാലത്തൂർ

# തേനീച്ചകളാകുക

**ദാമ്പത്യബന്ധത്തിൽ സ്വയം അന്വേഷിച്ചറിയണം,
ഞാൻ ഈച്ചയാണോ തേനീച്ചയാണോ?**



നമുക്കെല്ലാം സുപരിചിതമായ രണ്ടു ജീവികളാണ് തേനീച്ചയും ഈച്ചയും. രണ്ടും പ്രാണിവർഗത്തിൽപ്പെട്ടവയുമാണ്. അവയുടെ സ്വഭാവം നമുക്കു പരിചിതമാണെന്നു തീർച്ച. തേനീച്ച അന്വേഷിക്കുന്നത് തേൻ മാത്രമാണ്. അതിനായി സൗരഭ്യം പരത്തുന്ന മനോഹരമായ ഇടങ്ങൾ തേടി തേനീച്ചകൾ പറന്നുകൊണ്ടിരിക്കും. പൂന്തേനിൽ മാത്രമേ അതിനു സംതൃപ്തിയും സന്തോഷവും രുചിക്കാനാവൂ. സംതൃപ്തിയോടെ തേനീച്ച പൂവിനെ നുകർന്നുകൊണ്ടിരിക്കും.

ഈച്ച അങ്ങനെയല്ല. മാലിന്യങ്ങളിലാണ് അവ സംതൃപ്തി കണ്ടെത്തുന്നത്. മാലിന്യമേ അത് അന്വേഷിക്കൂ. മനോഹരമായ പൂന്തോട്ടങ്ങളെ അവഗണിച്ച് മാലിന്യക്കൂമ്പാരത്തിലേക്ക് അവറ്റകൾ പറന്നുചെല്ലും; തങ്ങൾക്കുവേണ്ടവ കണ്ടെത്തി ആഹരിക്കും. ഇതുപോലെയാണ് ചില മനുഷ്യർ.

ദാമ്പത്യബന്ധത്തിൽ ഓരോരുത്തരും സ്വയം തിരിച്ചറിയണം, ഞാൻ ഈച്ചയാണോ തേനീച്ചയാണോ? കുടുംബജീവിതത്തിന്റെ സന്തോഷമോ സംതൃപ്തിയോ, ഇണയുടെ നന്മയോ സൗന്ദര്യമോ കാണാൻ കഴിവില്ലാത്തവരുണ്ട്. എന്തിനും ഏതിനും എപ്പോഴും പരാതിയും പരിഭവവുമുള്ളവർ. പങ്കാളിയുടെ കുറവുകൾ

മാത്രം എണ്ണിയെണ്ണി പറയുന്നവർ. ഇക്കൂട്ടർ ഈച്ചകളുടെ സ്വഭാവമുള്ളവരാണെന്നു നിസംശയം പറയാം. ഇതിനൊരു മറുപുറമുണ്ട്. ഇണയുടെ നന്മകൾ കണ്ടെത്തുന്നവർ, അവരെ അഭിനന്ദിക്കുന്നവർ, ലഭിച്ച കുടുംബജീവിതത്തിൽ സംതൃപ്തിയും സന്തോഷവും കണ്ടെത്തുന്നവർ; അവർ തേൻ തിരയുന്ന തേനീച്ചകളാണ്. ഒരു കൂട്ടർ നല്ലതുമാത്രം കാണുമ്പോൾ മറ്റൊരു കൂട്ടർ മോശമായതു മാത്രം കാണുന്നു.

തേനീച്ചയുടെ സ്വഭാവമുള്ളവരുടെ കൂടെ ജീവിക്കുമ്പോൾ കുടുംബം സ്വർഗമാകും. ഈച്ചയുടെ സ്വഭാവമുള്ളവരുടെ ഒപ്പമുള്ള ജീവിതമോ, അസഹനീയവും. പൂന്തോട്ടവും മാലിന്യക്കൂമ്പാരവും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ വ്യക്തമാകുന്നത്.

എപ്പോഴും കുറ്റപ്പെടുത്തുന്ന, പരിഹസിക്കുന്ന, നന്ദികേടു കാണിക്കുന്ന പങ്കാളിക്കൊപ്പമുള്ള ജീവിതം എത്ര സഹിഷ്ണുതയുള്ളവർക്കും അരോചകമായിരിക്കും. കുറവുകളും കുറ്റങ്ങളും ഇല്ലാത്തവർ ആരുംതന്നെയില്ലല്ലോ. പരിഹരിക്കാവുന്നതോ വിട്ടുകളയാവുന്നതോ ആയ കുറ്റങ്ങളും കുറവുകളും ആ വഴിക്കു വിടുക. നിരന്തരം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നവർക്ക് പങ്കാളിയിൽ ക്രിയാത്മകമായ മാറ്റങ്ങളുണ്ടാക്കാൻ ഒരിക്കലും സാധിക്കുകയില്ലെന്നു തിരിച്ചറിയുക. കുറ്റപ്പെടുത്തലുകളും പഴിചാരലുകളും എപ്പോഴും നെഗറ്റീവ് ശക്തിയേ പുറപ്പെടുവിക്കൂ. തിരുത്തലുകൾ നല്കരുത് എന്നല്ല സൂചിപ്പിക്കുന്നത്. തുടർച്ചയായി തിരുത്തലുകൾ നല്കിയിട്ടും ശീലിച്ചതു

**തേനീച്ചയുടെ സ്വഭാവമുള്ളവരുടെ കൂടെ ജീവിക്കുമ്പോൾ കുടുംബം സ്വർഗമാകും. ഈച്ചയുടെ സ്വഭാവമുള്ളവരുടെ കൂടെയുള്ള ജീവിതമോ, അസഹനീയവും.**

മാത്രം തുടർന്നുകൊണ്ടുപോകുന്നവരുണ്ട്. അവരെ അവരുടെ വഴിക്കുവിടുക, അവരുടെ നന്മകളിലേക്കു മാത്രം ശ്രദ്ധ തിരിക്കുക. നല്ലതു കാണാനാണ് ദൈവം നമുക്കു കണ്ണുകൾ തന്നിരിക്കുന്നത്. കാഴ്ചകൾ തെറ്റിപ്പോകാതിരിക്കാനാണ് കൺപോളകളുള്ളത്. പങ്കാളിയുടെ നന്മകൾ കാണാൻ കണ്ണുതുറന്നുവെക്കുക. കുറവുകൾ കാണുമ്പോൾ കണ്ണുകളടയ്ക്കുക.

തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും തികച്ചും സ്വാഭാവികമാണ്. എന്നാൽ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ബന്ധങ്ങളിൽ ഇടർച്ചകളും അകല്ചകളും സൃഷ്ടിക്കാൻ അനുവദിക്കരുത്. ശരിയായ മാർഗത്തിലേക്ക് എത്തിച്ചേരാനുള്ള അവസരങ്ങളാണ് ഓരോ തർക്കവും. തർക്കമുണ്ടാകുമ്പോൾ ഓർമിക്കുക: രണ്ടിലൊരാളുടെ കാഴ്ചപ്പാടു വ്യത്യസ്തമാണ്. ചിലപ്പോൾ നാം മനസിലാക്കിയതു ശരിയായ രീതിയിലായിരിക്കില്ല. തെറ്റുപറ്റി എന്നു മനസിലാക്കിയാൽ ഉടനെ തിരുത്താൻ തയാറാവണം. ജീവിതത്തിലെ മനോഹാരിതകളിലേക്കും സുഗന്ധങ്ങളിലേക്കും മനസ് തിരിച്ചുപിടിക്കുക. അതിന് തേനീച്ചകളാകുക മാത്രമാണ് പോംവഴി. ○

ബ്യൂട്ടി ടിപ്സ് BEAUTY TIPS

അനു സിറിയക്

## കരിമംഗല്യം കളയാം

കരിമംഗല്യം (Melasma) സ്ത്രീപുരുഷന്മാരെ ഒന്നുപോലെ അസ്വസ്ഥരാക്കുന്ന സൗന്ദര്യപ്രശ്നമാണ്. എളുപ്പമാർഗത്തിൽ അതിൽനിന്നു പുറത്തുകടക്കാം.

തൈര്, പേരയില, മഞ്ഞൾപ്പൊടി എന്നിവയാണ് വേണ്ട ചേരുവകൾ. മഞ്ഞൾപ്പൊടി ചേർത്ത് പേരയില ചതച്ചെടുക്കുക. നല്ലതുപോലെ അത് അരഞ്ഞുകഴിയുമ്പോൾ തൈര് ചേർക്കണം. ശേഷം മൂന്നും നല്ലതുപോലെ കുഴച്ചെടുക്കുക. അതിനുശേഷം കരിമംഗല്യമുള്ള ഭാഗത്ത് പുരട്ടുക. 15 മിനിറ്റിനു ശേഷം മുഖം കഴുകണം. ഇതു തുടർച്ചയായി ചെയ്താൽ കരിമംഗല്യം അപ്രത്യക്ഷമാകും.

ബിജു സെബാസ്റ്റ്യൻ

# കർമലമാതാവ്

**കർമലസഭയിലെ പ്രശ്നപരിഹാരത്തിന് സൈമൺ സ്റ്റോക്ക് തേടിയത് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യമാണ്.**

കർമലീത്താസഭ വളരെയധികം പ്രശ്നങ്ങളിലൂടെ കടന്നുപോയ അവസരമായിരുന്നു 1246. സന്യാസസമൂഹം മുഴുവൻ വിഭജിതമായി. സഭയെ എങ്ങനെ മുന്നോട്ടു നയിക്കുമെന്നും, എന്തു ചെയ്യണമെന്നും നിശ്ചയമില്ലാത്ത അവസ്ഥ. സൈമൺ സ്റ്റോക്കായിരുന്നു സഭയുടെ തലവൻ. മാനുഷികമായി തനിക്ക് ഈ സാഹചര്യത്തിൽ ഇടപെടുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും പരിമിതികളുണ്ടെന്നു മനസിലാക്കിയ സൈമൺ സ്റ്റോക്ക് പ്രശ്നപരിഹാരത്തിന് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി.

പന്ത്രണ്ടാം വയസിൽ സന്യാസജീവിതം ആരംഭിച്ച വ്യക്തിയായിരുന്നു സൈമൺ സ്റ്റോക്ക്. ഇംഗ്ലണ്ടിലെ എയിൽസ്ഫോർഡിലാണ് ജനനം. ഒരു വലിയ ഓക്കുമരത്തിന്റെ ഉള്ളിലായിരുന്നു അദ്ദേഹത്തിന്റെ തപസ് എന്നും പറയപ്പെടുന്നു. 1240ലാണ് സൈമൺ സ്റ്റോക്ക് കർമലീത്താസഭയിൽ ചേർന്നത്. ഏലിയാപ്രവാചകന്റെ പിന്തുടർച്ചക്കാരായ ഒരുപറ്റം സന്യാസികൾ പന്ത്രണ്ടാം നൂറ്റാണ്ടിലാണ് കർമലസഭയ്ക്ക് തുടക്കംകുറിച്ചത്. ഏലിയാപ്രവാചകൻ തപസ് അനുഷ്ഠിക്കുകയും, ബാലിന്റെ പ്രവാചകരെ തോല്പിച്ച് ഇസ്രായേലിൽ ഏകദൈവവിശ്വാസം തിരികെ കൊണ്ടുവരികയും ചെയ്ത സ്ഥലമാണ്



കാർമൽമല. കുരിശുയുദ്ധത്തിൽ പങ്കാളികളായിരുന്ന ബെർത്തോൾഡിന്റെ പ്രയത്നത്താൽ കാർമൽമലയിൽ താമസിച്ചിരുന്ന ഒരു വിഭാഗം സന്യാസിമാർ 1150നടുത്ത് കർമമലയിൽ പാശ്ചാത്യരീതിയിലുള്ള ഒരു സന്യാസസഭയായി രൂപമെടുക്കുകയായിരുന്നു. പിന്നീടാണ് സഭയിൽ പലവിധത്തിലുള്ള ക്രമക്കേടുകൾ ഉടലെടുത്തതും, സഭയുടെ ആറാമത്തെ ജനറൽ ആയിരുന്ന സൈമൺ സ്റ്റോക്ക് പ്രശ്നപരിഹാരത്തിന് മാതാവിന്റെ സഹായം തേടിയതും.

വർഷങ്ങൾ നീണ്ട തപസുജീവിതത്തിനൊടുവിൽ പരിശുദ്ധ അമ്മ അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ടു. 1251 ജൂലൈ 16നായിരുന്നു ഇത്. ബ്രൗൺ കളറുള്ള ഉത്തരീയം ആ അവസരത്തിൽ മാതാവ് സൈമണ് നല്കി. 'ഇതാണ് നിനക്കും കർമലീത്താസഭക്കാർക്കും വേണ്ടിയുള്ള എന്റെ പ്രത്യേക സ്നേഹത്തിന്റെ അടയാളം. മരണസമയത്ത് ഇതു ധരിക്കുന്നവർ ഒരിക്കലും നിത്യനരകാഗ്നിയിൽ പതിക്കുകയില്ല.' മാതാവ് സൈമൺ സ്റ്റോക്കിന് ഉറപ്പു നല്കി.

കർമലീത്താ സഭാംഗങ്ങൾക്കുവേണ്ടിയാണ് ഉത്തരീയം നല്കിയതെങ്കിലും, തെല്ലും വൈകാതെ ഉത്തരീയഭക്തി യൂറോപ്പിലെങ്ങും പടർന്നു. ഇന്നു ലോകത്തെവിടെയും ഉത്തരീയഭക്തി പ്രചാരത്തിലുണ്ട്. ഉത്തരീയഭക്തി പ്രചരിച്ചത് സൈമൺ സ്റ്റോക്കിന്റെ നിരന്തരപ്രയത്നത്താലാണ്. 1265 മെയ് 16നായിരുന്നു അദ്ദേഹത്തിന്റെ മരണം.

സ്കാപ്പുലർ എന്ന വാക്കാണ് ഉത്തരീയത്തിന് ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്.



**ഉത്തരീയം ധരിക്കുന്നവരെല്ലാം മറിയത്തിന്റെ സഹായത്താൽ നിത്യജീവിതത്തിൽ ദൈവത്തെ മുഖാമുഖം കാണും എന്നതാണ് വാഗ്ദാനം.**

ഉത്തരീയം ധരിക്കുന്നവരെല്ലാം മറിയത്തിന്റെ സഹായത്താൽ നിത്യജീവിതത്തിൽ ദൈവത്തെ മുഖാമുഖം കാണും എന്നതാണ് ഉത്തരീയഭക്തിയുടെ പ്രാധാന്യവും പ്രസക്തിയും. വിശുദ്ധ ഡൊമിനിക്കിന്റെ വാക്കുകളും ഇതോടു ചേർത്തുവായിക്കാം: 'ഒരിക്കൽ ജപമാലയും ഉത്തരീയവും കൊണ്ട് മറിയം ലോകത്തെ രക്ഷിക്കും.'

കർമലമാതാവിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ് ഉത്തരീയം. ഒപ്പം ഉത്തരീയം ഒരു പ്രതിജ്ഞയും കൂടി നല്കുന്നുണ്ട്. പരിശുദ്ധ അമ്മയുടെ ഇഷ്ടമ

## വി. സൈമൺ സ്റ്റോക്ക് കർമലമാതാവിനോട് മാധ്യസ്ഥ്യം തേടിയിരുന്ന പ്രാർഥന

*പരിശുദ്ധ അമ്മേ, കാർമലിലെ സുന്ദരപുഷ്പമേ, ഫലസമൃദ്ധയായ മുന്തിരിവള്ളീ, സ്വർഗത്തിന്റെ തേജസേ, ദൈവപുത്രന്റെ അനുഗൃഹീതയായ മാതാവേ, അമലോദ്ഭവകന്യകേ എന്റെ ആവശ്യങ്ങളിൽ എന്നെ സഹായിക്കണമേ. പരിശുദ്ധ അമ്മേ, സമുദ്രതാരമേ എന്നെ സഹായിക്കുകയും അങ്ങ് എന്റെ മാതാവാണെന്നു കാണിച്ചുതരികയും ചെയ്യണമേ. പരിശുദ്ധ മറിയമേ, ദൈവമാതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞീ എന്റെ ഈ ആവശ്യങ്ങളിൽ (ആവശ്യം പറയുക) എന്നെ തുണയ്ക്കണമേ എന്ന് എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നു വിനയപൂർവം ഞാൻ അപേക്ഷിക്കുന്നു. അങ്ങയുടെ ശക്തിയെ ചെറുത്തുനിൽക്കാൻ ആർക്കും സാധ്യമല്ലല്ലോ.*

*ഓ മറിയമേ, അമലോദ്ഭവ കന്യകയേ അങ്ങേ സഹായം തേടി അണയുന്ന ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ. ഏറ്റവും മാധുര്യമുള്ള അമ്മേ, ഈ അപേക്ഷ ഞാൻ അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ആമേൻ.*

പേരന്റിംഗ്

നേഹ മരിയ ടോം

# ഞാനാ പറയുന്നെ, മൊബൈൽ താഴെവെക്കടാ...

**ദിവസവും മക്കളെ കേൾക്കാനും അവരോടു വർത്തമാനം പറയാനും കുറെ സമയംചെലവഴിക്കുന്ന എത്ര മാതാപിതാക്കൾ നമുക്കിടയിലുണ്ട്?**

ജീവിതത്തിലെ തിരക്കുപിടിച്ച യാത്രകൾക്കിടയിൽ, ഓഫീസും വീടും എന്ന രീതിയിൽ കളംമാറി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മക്കൾക്കുവേണ്ടി കൂടുതൽ സമയം നീക്കിവെക്കുന്ന എത്ര മാതാപിതാക്കളുണ്ട്? മക്കളെ സ്നേഹിക്കുന്നില്ലെന്നോ അവർക്കുവേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുന്നില്ലെന്നോ ഇതിനർഥമില്ല. ഒരുപക്ഷേ സിനിമയ്ക്കോ ഔട്ടിംഗിനോ ഒക്കെ പോകുന്നുണ്ടാവും. എന്നാൽ ഇതിനെല്ലാമപ്പുറം ഓരോ ദിവസവും കുറെ സമയം മക്കൾക്കുവേണ്ടി ചെലവഴിക്കുക. അവരെ കേൾക്കാനും അവരോടു വർത്തമാനം പറയാനും സമയം കണ്ടെത്തുക. അതാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ചെയ്യുന്ന മാതാപിതാക്കൾ കുറവാണെന്നാണ് പറയുന്നത്. മക്കൾ തീരെ കൊച്ചുകുട്ടികളായിരുന്നപ്പോൾ അവർക്കു ഭക്ഷണം കൊടുക്കാനും അവരെ കുളിപ്പിക്കാനും സമയം കണ്ടെത്തിയത് സത്യമാണ്. അതുപോലെ അവർ മുതിർന്നുകഴിയുമ്പോഴും അവർക്കൊപ്പം ചെലവഴിക്കാൻ സമയം മാറ്റിവെക്കണം.

എല്ലാ ദിവസവും മക്കൾക്കൊപ്പം ചെലവഴിക്കാൻ സമയം കണ്ടെത്തുക എന്നത് പേരന്റിംഗിന്റെ പ്രധാന ഭാഗമാണ്. കുട്ടികൾ മാതാപിതാക്കളുമൊത്ത് സമയം ചെലവഴിക്കുന്ന അവസരങ്ങളിലാണ് അവരുടെ വ്യക്തിത്വസവിശേഷതകൾ രൂപപ്പെടുന്നത്, ബന്ധങ്ങളുടെ അടുപ്പം വർധിക്കുന്നത്. മക്കൾക്കു വേണ്ട സകലതും വാങ്ങിക്കൊടുക്കുന്നതിലോ, അവരെ ഇഷ്ടാനുസരണം ജീവിക്കാൻ വിടുന്നതോ അല്ല  പേരന്റിംഗ്. മാതൃകവഴിയും ഉപദേശരൂപത്തിലും നല്ല മൂല്യങ്ങൾ മക്കൾക്കു നല്കാൻ ഈ സമയം പ്രയോജനപ്പെടും. എത്രസമയം ചെലവഴിക്കുന്നു എന്നതിനേക്കാൾ, എത്രത്തോളം ക്വാളിറ്റി ആ സമയത്തിനുണ്ട് എന്നതാണ് പ്രധാനം.

മക്കളുടെ സ്കൂൾ വിശേഷങ്ങൾ, കൂട്ടുകാരുടെ വിശേഷങ്ങൾ, യാത്രയ്ക്കിടയിൽ ന

നുസരിച്ച് ജീവിച്ചുകൊള്ളാം എന്നതാണ് ആ പ്രതിജ്ഞ. മരണത്തിനുശേഷമുള്ള ആദ്യശനിയാഴ്ച മാതാവിന്റെ പ്രത്യേക മാധ്യസ്ഥ്യത്തിലൂടെ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾ മോചിക്കപ്പെടും എന്നൊരു വിശ്വാസവും കർമലമാതാവിനോടുള്ള ഭക്തിയുമായി ബന്ധപ്പെട്ടു നിലവിലുണ്ട്.

1917ൽ ഫാത്തിമായിലും അരനൂറ്റാണ്ടിനു ശേഷം ഗാരബന്ദാളിലും അമ്മ പ്രത്യക്ഷപ്പെട്ടപ്പോൾ സ്വയം പരിചയപ്പെടുത്തിയത് കർമലമാതാവ് എന്നായിരുന്നു.

വി. അൽഫോൻസ് ലിഗോരിയും വി. ഡോൺ ബോസ്ക്കോയും കർമലമാതാവിന്റെ ഭക്തരായിരുന്നു. അവരുടെ കല്ലറകൾ വർഷങ്ങൾക്കുശേഷം തുറന്നുനോക്കിയപ്പോൾ, അവർ അണിഞ്ഞിരുന്ന വെന്തിങ്ങകൾക്ക് യാതൊരു കേടുപാടും ഇല്ലായിരുന്നെന്ന് കണ്ടെത്തി. ഉത്തരീയം ധരിക്കുന്നവർ പെട്ടെന്നു തന്നെ ശുദ്ധീകരണസ്ഥലത്തെ അഗ്നിയിൽനിന്നു മോചിതരാകുമെന്ന് ജോൺ ഇരുപത്തിരണ്ടാമൻ പാപ്പാ പ്രസ്താവിച്ചിട്ടുണ്ട്.

കർമലമാതാവുമായി ബന്ധപ്പെട്ട ഒരു അദ്ഭുതത്തെക്കുറിച്ചു രേഖപ്പെടുത്തി

ടന്നത് ഇതെല്ലാം ചോദിച്ചറിയാൻ ഈ സമയം ഉപകാരപ്പെടും. ഇതുവഴി മക്കളും മാതാപിതാക്കളും തമ്മിലുള്ള അകലം കുറയ്ക്കാം. എന്തും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം മക്കൾക്കു മാതാപിതാക്കളിൽനിന്ന് സ്വന്തമാക്കാനും കഴിയും.



മക്കളുടെ ജീവിതത്തിൽ സ്വന്തം താത്പര്യങ്ങളും ആഗ്രഹങ്ങളും അടിച്ചേല്പിക്കാതിരിക്കാനും, മക്കളുടെ ഇഷ്ടങ്ങളെ മാനിക്കാനും മാതാപിതാക്കൾ സന്നദ്ധരാകണം. മാതാപിതാക്കളുടെ ആഗ്രഹപൂർത്തീകരണത്തിനുള്ള ഉപകരണങ്ങളല്ല മക്കൾ. അവർ വ്യതിരിക്തമായ വ്യക്തിത്വമുള്ളവരും സ്വന്തം ആഗ്രഹങ്ങൾ സൂക്ഷിക്കുന്നവരുമാണ്. മക്കൾക്കു ഭാവിയെക്കുറിച്ച് നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കരുതെന്നല്ല ഇതിനർഥം. തീർച്ചായായും അതൊക്കെയാവാം. അതുമാത്രമേ മക്കൾ പിന്തുടരാവൂ എന്നു നിർബന്ധിക്കുന്നതിലാണ് പ്രശ്നം. മാതാപിതാക്കൾ കുഞ്ഞുന്നാളു മുതലേ പറഞ്ഞു കൊടുത്ത സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ചില മക്കൾ ജീവിതംതന്നെ ബലികൊടുത്ത സംഭവങ്ങളുമുണ്ട്. അതൊരിക്കലും നടക്കാൻ പാടില്ല.

കുട്ടികളെ ജോലിചെയ്യാൻ പഠിപ്പിക്കുക എന്നതാണ് മറ്റൊരു കാര്യം. അവർ പഠിക്കുവല്ലേ, ഒരുപണിയും ചെയ്യണ്ടാ എന്ന മട്ടിൽ ചില അമ്മമാരും അപ്പന്മാരും മക്കളെ ജോലികളിൽനിന്നും അകറ്റിനിർത്തുന്ന പതിവുണ്ട്. ഇതു ശരിയല്ല. ഓരോരുത്തർക്കും പ്രായമനുസരിച്ച് ഉത്തരവാദിത്വങ്ങൾ നല്കുക. അവ നിർവഹിക്കാനുള്ള പ്രാപ്തി അങ്ങനെയേ മക്കൾ നേടിയെടുക്കൂ. ഭക്ഷണപാത്രം കഴുകിവെക്കുക, സ്വന്തം വസ്ത്രങ്ങൾ അലക്കുക, ഇസ്തിരിയിടുക, പഠനമുറി അടുക്കി ക്രമപ്പെടുത്തുക, ടോയ്‌ലറ്റ് വൃത്തിയാക്കുക തുടങ്ങിയ കാര്യങ്ങൾ നമ്മുടെ മക്കൾ ചെറുപ്പത്തിലേ ശീലമാക്കിയാൽ മുതിർന്നുകഴിഞ്ഞും അതേ രീതി പിന്തുടരും.

മൊബൈലിന്റെ അതിപ്രസരകാലമാണല്ലോ ഇത്. പുസ്തകങ്ങളും പത്രങ്ങളും വായിക്കാനുള്ള പരിശീലനം ചെറുപ്രായത്തിലേ മക്കൾക്കു നല്കണം. മാതാപിതാക്കളുടെ മാതൃകയാണ് ഇതിനേറ്റവും അനിവാര്യം. ജീവിതപരിവർത്തനത്തിനു പ്രചോദനം നല്കുന്ന നല്ല പുസ്തകങ്ങൾ മാതാപിതാക്കൾ വായിക്കുന്നതു കാണുമ്പോൾ മക്കളും ആ വഴിയേ സഞ്ചരിക്കും. നമുക്ക് മൊബൈലും വേണം, പുസ്തകവും വേണം. മക്കളുമായി സമയം ചെലവഴിക്കുന്ന നേരങ്ങളിൽ മാതാപിതാക്കളുടെ കയ്യിൽ മൊബൈൽ ഇല്ലെങ്കിൽ അതാണ് മികച്ച മാതൃക.

യിരിക്കുന്നത് ഇപ്രകാരമാണ്. ഇറ്റലിയിലെ പാൽമി നഗരത്തിൽ കർമലമാതാവിന്റെ ഒരു രൂപമുണ്ടായിരുന്നു. 1894ൽ 17 ദിവസത്തോളം ആ രൂപത്തിൽ അസാധാരണമായ ചില പ്രത്യേകതകൾ കാണപ്പെട്ടു. അതേത്തുടർന്ന് ആളുകൾ മാതാവിന്റെ രൂപത്തിനു മുമ്പിൽ പ്രാർഥിക്കയും, നവംബർ 16ന് മാതാവിന്റെ തിരുസ്വരൂപം വഹിച്ച് പ്രദക്ഷിണം നടത്തുകയും ചെയ്തു. പ്രദക്ഷിണം കഴിഞ്ഞപ്പോൾ അതിശക്തമായ ഭൂകമ്പമുണ്ടായി. പതിനയ്യായിരത്തോളം ആളുകളാണ് അന്നു നഗരത്തിൽ ജീവിച്ചിരുന്നത്. അത്രയും ശക്തമായ ഭൂകമ്പത്തെ അതിജീവിക്കാൻ വേണ്ട സാഹചര്യങ്ങളൊന്നും അവിടെയുണ്ടായിരുന്നുമില്ല. എന്നിട്ടും അവിടെ മരണമടഞ്ഞവർ ആകെ ഒമ്പതു പേർ മാത്രം. നഗരത്തിലെ എല്ലാ ജനങ്ങളും ആ സമയം പ്രദക്ഷിണത്തിൽ പങ്കെടുക്കുകയായിരുന്നു.

1332 മുതലേ കർമലമാതാവിന്റെ തിരുനാൾ കർമലീത്താ സന്യാസിമാർക്കിടയിൽ പ്രചാരത്തിലുണ്ട്. 1726ൽ ബെനഡിക്ട് പതിമൂന്നാമൻ പാപ്പാ ഈ തിരുനാളിനെ ആഗോളകത്തോലിക്കാസഭയുടെ തിരുനാളായി ഉയർത്തി. ○

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# ഓങ്ങണം... താങ്ങണം!

**വരവറിയാതെ വാങ്ങിക്കൂട്ടുക, വിലയറിയാതെ വാരിവലിച്ചാസ്വദിക്കുക, ഒടുവിൽ കടം കയറി മുടിഞ്ഞ് ആത്മഹത്യയിലും കൊലപാതകത്തിലുമെത്തുക!! തലതിരിവിന്റെ ഇത്തരം കഥകൾ ഇന്നു സുലഭമാണ്.**

“ഠോ...” എന്നൊരടി! കാരിരുമ്പിന്റെ കരുത്തുള്ള തഴമ്പുവീണ കൈ കവിളിൽ വീണതോടെ ചെറുക്കൻ രണ്ടു മീറ്റർ പിന്നാക്കം പോയി, ഒന്നു മുന്നോട്ടു വന്നു മുഖംകുത്തി വീണു! അന്ധാളിച്ചു നിന്ന എന്റെ നേരെ അയാൾ ഒന്നു നോക്കിയിട്ട് കടുപ്പിച്ചു പറഞ്ഞു: “ഇതു ഞാൻ പണ്ടേ കൊടുത്തിരുന്നെങ്കിൽ ഈ കുടുംബം ഇന്നീവിധം നാണംകെടില്ലായിരുന്നു.” അനുരഞ്ജനത്തിനെത്തിയ എനിക്കും, പരാതിയുമായി എത്തിയ രണ്ടുപേർക്കും ഒന്നു മിണ്ടാനാവാതെ പോയി. തകർന്നു പോയ തള്ള തലകുമ്പിട്ടിരുന്നു കരഞ്ഞു. നല്ലജീവനിൽ പാതി പേടിച്ചില്ലാതെ പോയ അവന്റെ ഭാര്യ ഉള്ള ജീവൻ പണയം വെച്ച് അവനെ പൊക്കി അകത്തേക്കു കൊണ്ടുപോയി. അടി പിറകേ വരുമോ എന്നു പേടിച്ച് ഇടയ്ക്കിടെ നോക്കിനോക്കി അകത്തേക്കു കയറിയ ഇരുവരുടെയും മുഖഭാവം അറിയാതെന്നിൽ സഹതാപമുണർത്തി.

പലപ്പോഴായി കടം വാങ്ങിയ മൂന്നരലക്ഷം രൂപാ കൊടുക്കാതെ പലപ്പോഴും മുങ്ങിനടന്ന ഇവനെതിരെ പരാതി പറയാനെത്തിയ ഇരുവരുടെയും നിർബന്ധപ്രകാരം അനുരഞ്ജനസംഭാഷണത്തിനെത്തിയതായിരുന്നു ഞാനാ വീട്ടിൽ. വീണ്ടുമൊരു നീണ്ട അവധി പറഞ്ഞ അവനോട് അവർ കയർത്തിരിക്കുമ്പോഴാണ് അകത്തിരുന്ന് എല്ലാം കേട്ടുകൊണ്ടിരുന്ന അറുപത്താറുകാരൻ അപ്പൻ ഇടപെട്ട് ഈ ‘ഇടിവെട്ടു’ സീൻ സൃഷ്ടിച്ചത്. അറപ്പുമില്ലിൽ തടിതള്ളി തടിതള്ളി തഴമ്പുവീണ ആ പരുക്കൻ കൈത്തലം കനത്ത ആഘാതമേല്പിച്ചതോടെ രംഗം ശാന്തമായി. കസേരയിൽ മെല്ലെയിരുന്ന അയാൾ വന്നവരോടു പറഞ്ഞു: “ഇനി അവൻ തന്നില്ലെങ്കിലും, ഞാനീ മണ്ണു വിറ്റെങ്കിലും നിങ്ങളുടെ കടം വീട്ടിക്കൊള്ളാം.” മറ്റൊരു അവധിക്കുള്ള അപേക്ഷ പരിഗണിച്ച് അവർ അവിടം വിട്ടു.

എന്നെ ഇരുത്തിക്കൊണ്ടുതന്നെ അയാൾ മകനെ വിളിച്ചു വിചാരണ ചെയ്തു. അടിച്ചുപൊളിച്ചു തകർത്തുകളഞ്ഞ പണം എങ്ങനെ വീട്ടണമെന്ന് അറിയാതെ മിഴിച്ച അവനോട് അയാൾ പറഞ്ഞു: “നാളെ മുതൽ നീ വാടകയ്ക്കു വേറെ വീട്ടിലേക്കു മാറിക്കൊള്ളണം. വാടക നീ അടയ്ക്കണ്ട... ഞാൻ അടച്ചുകൊള്ളാം. എന്നാൽ ജോലിചെയ്ത് നിന്റെ പെണ്ണിനെയും കുഞ്ഞിനെയും നോക്കിക്കോണം...” “ഇതിത്തിരി കടുപ്പമല്ലേ?” എന്ന ചോദ്യത്തിന് അയാൾ കണ്ഠമിടറി പറഞ്ഞു: “മൂന്നു പെൺകുഞ്ഞുങ്ങളും ഇവനുമുൾപ്പെടെ എല്ലാറ്റിനെയും ഞാൻ നോക്കിയത് എല്ലുമുറിയെ പണിതിട്ടുതന്നെയാ... കുടിച്ചും വലിച്ചും ഒന്നും കളഞ്ഞില്ല. നടുവിനു കേടുവന്നു പണിനിർത്തിയിട്ട് മൂന്നു വർഷമേ ആയുള്ളു. ഒരു കന്യാസ്ത്രീ ഒഴികെ മറ്റു രണ്ടു പെൺകുഞ്ഞുങ്ങളെയും കെട്ടിച്ചയച്ചതും പഠിപ്പിച്ചതുമൊക്കെ ഈ കൈകൊണ്ടു പണിതു തന്നെയാ അച്ചാ...” പിന്നെ അയാൾ ഏങ്ങിക്കരഞ്ഞു. “ഒറ്റമോനെന്ന പരിഗണന കൊടുത്തതാ എന്റെ തെറ്റ്. വേണ്ടവണ്ണം ഇവൻ പഠിച്ചില്ല; ശരിക്കൊരു ജോലിക്കു വിയർത്തിട്ടുമില്ല... പ്രേമിച്ച പെണ്ണിനെ കെട്ടാനും ഞാനവനു പിന്നിൽ നിന്നു. വല്ലവരുടെയുമൊക്കെ പണം ഇല്ലാക്കാരണം പറഞ്ഞു വാങ്ങി പണിയൊന്നും ചെയ്യാതെ ചെലവാക്കി ജീവിച്ച് ഇനി ഇവൻ എത്രനാൾ കഴിയും? ഈ 20 സെന്റ് സ്ഥലവും വീടും ഇനി ഇവനു കൊടുക്കില്ല. എന്റെ വിയർപ്പാണിത്. ഇവിടെ വന്ന് വല്ലവരും ഈ കുടുംബത്തെ ചീത്തവിളിക്കുന്നതു കേൾക്കാൻ എനിക്കാവില്ല...” ആശ്വസിപ്പിച്ച് പ്രാർഥിച്ചു മടങ്ങവേ മെല്ലെ അയാളോടു പറഞ്ഞു: “ഇത്ര വലിയ അടി വേണ്ടിയിരുന്നില്ല.” “പണ്ടുമുതലേ ഇവനുവേണ്ടി ഓങ്ങിവെച്ചിരുന്നതാ... ഇപ്പോഴാ ഒരുമിച്ചങ്ങു കൊടുക്കാനായത്... ഇതിൽ ഒതുങ്ങുമായിരിക്കും അല്ലേ അച്ചാ.” തലയാട്ടി മടങ്ങവേ ഞാൻ ചിന്തിച്ചു: “ഇങ്ങനെ വേണം തന്തയായാൽ.”

“മുറിപ്പെടുത്തുന്ന താഡനങ്ങൾ ദുഃശീലങ്ങളെ ഇല്ലാതാക്കുന്നു; കനത്ത അടി മനസിന്റെ ഉള്ളറകളെ ശുചിയാക്കുന്നു” (സുഭാ. 20:30).

വരവറിയാതെ വാങ്ങിക്കൂട്ടുക, വിലയറിയാതെ വാരിവലിച്ചാസ്വദിക്കുക, വീട്ടേണ്ടതറിയാതെ കടം വാങ്ങി വിലസുക; ഒടുവിൽ കടം കയറി മുടിവിന്റെ നടുക്കടലിലെത്തുമ്പോൾ വിലയേറിയ ജീവനും വിലപ്പെട്ടവരുടെ ആയുസും മുക്കിത്താഴ്ത്തി ആത്മഹത്യയിലും കൊലപാതകത്തിലുമെത്തുക!! സാമ്പത്തിക അച്ചടക്കവും സാമൂഹിക നീതിബോധവും നഷ്ടപ്പെട്ട ഒരു തലമുറയുടെ തലതിരിവിന്റെ കഥകൾ ഇന്നു മാധ്യമങ്ങളിൽ സുലഭമാകുന്നു. വിതയ്ക്കാതെ കൊയ്യാനും വിയർക്കാതെ തിന്നാനും ആരുമിനി മക്കളെ പഠിപ്പിക്കരുത്. വടിവൊത്ത വേഷം ചുളുങ്ങാത്ത പണിയേക്കാൾ ചെളിപറ്റി പണിയാനും, പൊടിപറ്റി കുനിയാനും, വിയർത്തുണ്ടാക്കി വിളമ്പാനും അഭിമാനബോധം അവരിൽ അങ്കുരിപ്പിച്ചാൽ, അതാകും അവസാന കാലത്തെ ആശ്വാസം!

“നിങ്ങൾ വിവേകികളെപ്പോലെ ജീവിക്കുവിൻ... സമയം പൂർണമായും പ്രയോജനപ്പെടുത്തുവിൻ” (എഫേ. 5:15-18).

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu